# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## 2016 ഫെബ്രുവരി 12, വെള്ളി

## ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 161 – നമ്പർ 6

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## 2016 ഫെബ്രുവരി 12, വെള്ളി

സ്പീക്കർ

ശ്രീ. എൻ. ശക്തൻ

ഡെപ്യൂട്ടി സ്പീക്കർ

ശ്രീ പാലോട് രവി

സെക്രട്ടറി

ശ്രീ. പി. ഡി. ശാരംഗധരൻ

ചീഫ് എഡിറ്റർ

ശ്രീ. ബി. മഹേന്ദ്ര കുമാർ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

## മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## 2016 ഫെബ്രുവരി 12, വെള്ളി

---

വാല്യം 161} ഔദ്യോഗിക റിപ്പോർട്ട് { നമ്പർ 6

---

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2016 ഫെബ്രുവരി മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2016 ഫെബ്രുവരി മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തൻ എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

**<u>ധനകാര്യം</u>**

## 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റെയും അവതരണം

മി. സ്പീക്കർ: ഓർഡർ..... ഓർഡർ…...........(ബഹളം)........... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, അങ്ങേയ്ക്ക് 2015-2016 സാമ്പത്തിക വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അവസാന ബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് 2016-2017 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റും പ്രസ്തുത സാമ്പത്തിക വർഷത്തെ വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിക്കാവുന്നതാണ്.

(ബഡ്ജറ്റ് അവതരണത്തിനായി ബഹുമാനപ്പെട്ട സ്പീക്കർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്ഷണിച്ചപ്പോൾ അഴിമതി മന്ത്രിസഭ രാജിവയ്ക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. ഉമ്മൻ ചാണ്ടി: സർ, 2016-2017 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഞാൻ അവതരിപ്പിക്കുന്നു.

SN-SD
9.00-9.10

## ഭാഗം - I

ആമുഖം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

1. 2016-17-ലെ സംസ്ഥാന ബജറ്റ് ഈ മഹനീയ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നതിൽ എനിക്ക് തികഞ്ഞ അഭിമാനവും ചാരിതാർത്ഥ്യവും ഉണ്ട്.

2. ഈ ബജറ്റ് വിഭാവനം ചെയ്യുന്ന സാമ്പത്തിക സമീപനം അവതരിപ്പിക്കുന്നതിന് മുമ്പായി കഴിഞ്ഞ അഞ്ചു വർഷം എല്ലാ പ്രതിസന്ധികളിലും ഞങ്ങളോട് ഉറച്ചു നിന്ന കേരളത്തിലെ ജനങ്ങളോട് നന്ദി രേഖപ്പെടുത്തുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. വളരെ നേരിയ ഭൂരിപക്ഷത്തോടെയാണ് 2011-ൽ ഈ സർക്കാർ അധികാരമേൽക്കുന്നത്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഈ സർക്കാരിനെ അസ്ഥിരപ്പെടുത്തുന്നതിന് മുമ്പൊന്നും ഇല്ലാത്ത തരത്തിൽ ചില കേന്ദ്രങ്ങളിൽനിന്നും തുടർച്ചയായ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. പല

സന്ദർഭങ്ങളിലും ഇത്തരം സർക്കാരുകൾ രാഷ്ട്രീയ കൊടുങ്കാറ്റുകളിൽപ്പെട്ട് നിലംപരിശാകുന്നതാണ് മുൻകാല ചരിത്രം. നേരിയ ഭൂരിപക്ഷം മാത്രമുള്ള സർക്കാരുകൾ ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടു കാണാറുണ്ട്. എന്നാൽ ഞങ്ങൾ ചരിത്രം തിരുത്തിക്കൊണ്ട് ജനങ്ങളോടൊപ്പം ഉറച്ചുനിന്നെന്ന് മാത്രമല്ല എല്ലാ രാഷ്ട്രീയ കൊടുങ്കാറ്റുകളെയും അതിജീവിക്കുകയും ചെയ്തിട്ടുണ്ട്. വികസന മുന്നേറ്റത്തിൽ പുതിയ ചരിത്രം രചിച്ച് അഞ്ച് വർഷം പൂർത്തിയാക്കാൻ ഇന്ന് ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ ഈ സർക്കാരിലും അതിന്റെ നയപരിപാടികളിലും രേഖപ്പെടുത്തിയ അചഞ്ചലമായ വിശ്വാസം ഒന്നുകൊണ്ടുമാത്രമാണ് ഇത് സാധിച്ചത്.

3. ഗവൺമെന്റ് നേരിട്ട വെല്ലുവിളികൾ പലതാണ്. ഇവയെ അഭിമുഖീകരിക്കുമ്പോൾ ജനങ്ങളുടെ ക്ഷേമവും സംസ്ഥാനത്തിന്റെ താത്പര്യവും മാത്രമാണ് ഞങ്ങളെ മുന്നോട്ടു നയിച്ചിട്ടുള്ളത്. 2011-ൽ ഐക്യ ജനാധിപത്യമുന്നണി സർക്കാർ അധികാരമേൽക്കുമ്പോൾ കേരളത്തിന്റെ വികസനത്തെപ്പറ്റി ഒരു സമഗ്ര കാഴ്ചപ്പാട് ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിച്ചിരുന്നു. സാമൂഹിക നീതിയിൽ അധിഷ്ഠിതമായ വികസനത്തിന്റെ പുതിയ ചക്രവാളങ്ങളിലേക്ക് കേരളത്തെ ഉയർത്തുക എന്ന

വാഗ്ദാനമാണ് അന്ന് ജനങ്ങൾക്ക് നൽകിയത്. സാമൂഹിക നീതി ഉറപ്പുവരുത്താത്ത വികസനം മനുഷ്യത്വരഹിതമാണെന്നും, നാടിന്റെ ത്വരിത വികസനം ഉറപ്പുവരുത്താതെ സാമൂഹ്യനീതി അസാധ്യമാണെന്നുമുള്ള ഉറച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് വികസനത്തോടൊപ്പം കരുതലും ശ്രദ്ധയും എന്ന മുദ്രാവാക്യം സധൈര്യം മുന്നോട്ടുവച്ചത്. ഈ മുദ്രാവാക്യത്തിന്റെ ശക്തിയും ദീപ്തിയുമാണ് ഞങ്ങളെ കഴിഞ്ഞ അഞ്ച് വർഷം മുന്നോട്ട നയിച്ചതെന്ന് തിരിഞ്ഞു നോക്കുമ്പോൾ എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയും. വികസനത്തിന്റെയും സാമൂഹിക നീതിയുടെയും കാര്യത്തിൽ സമാനതകളില്ലാത്ത നേട്ടങ്ങളാണ് ഈ സർക്കാരിന് നേടാൻ കഴിഞ്ഞത്. സുസ്ഥിരവും യാഥാർത്ഥ്യ ബോധത്തോടുകൂടിയതുമായ വികസന തന്ത്രങ്ങളിലൂടെയാണ് ഞങ്ങൾക്ക് ഈ നേട്ടം കൈവരിക്കാനായത്. ഉത്പാദനക്ഷമവും, മത്സരാധിഷ്ഠിതവും, സുസ്ഥിരവും, സർവ്വാശ്ലേഷിയുമായ ഒരു സമ്പദ്ഘടന കെട്ടിപ്പടുക്കുന്നതിന് വ്യക്തമായ വികസന കാഴ്ചപ്പാടോടെ ഒരു നയ സമീപന രേഖ അവതരിപ്പിക്കുകയാണ് ഞങ്ങൾ ആദ്യം ചെയ്തത്. വിനയത്തോടെയും തികഞ്ഞ ആത്മവിശ്വാസ ത്തോടെയും ഞാൻ പറയട്ടെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി പാലിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

4. ഈ ഗവൺമെന്റിലെ ധനമന്ത്രി എന്ന നിലയിൽ കഴിഞ്ഞ 5 വർഷം ബജറ്റ് അവതരിപ്പിച്ച എന്റെ ബഹുമാന്യനായ സഹപ്രവർത്തകൻ ശ്രീ. കെ.എം. മാണി സ്വീകരിച്ച വികസന സമീപനം കേരളത്തിന്റെ പുരോഗതിക്ക് വളരെയേറെ സഹായകരമായിട്ടുണ്ട്. സംസ്ഥാനത്തെ കൊള്ളയടിച്ച അന്യ സംസ്ഥാന ലോട്ടറി അവസാനിപ്പിക്കാനും ലോട്ടറി വരുമാനത്തിൽ നിന്നും നിസ്സഹായരും നിരാശ്രയരുമായ സമൂഹത്തിന് ചികിത്സാ സഹായം നൽകാനും സഹായകരമായ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പോലെ ജീവകാരുണ്യപരമായ പദ്ധതികൾ അവിഷ്കരിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ഭാവനാപൂർണമായ സമീപനത്തിന്റെ ഉദാഹരണമാണ്. സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലും വികസന പദ്ധതികൾ യാതൊരു തടസ്സവുമില്ലാതെ മുന്നോട്ടുകൊണ്ടുപോകാൻ മെച്ചപ്പെട്ട മാനേജ്മെന്റിലൂടെ അദ്ദേഹത്തിന് കഴിഞ്ഞു എന്നത് ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

5. സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്താവുന്ന തരത്തിലുള്ള വമ്പൻ വികസന പദ്ധതികളാണ് ഈ സർക്കാർ ഏറ്റെടുത്ത് പൂർത്തിയാക്കുന്നത്. 7525 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം ഇന്ന് യാഥാർത്ഥ്യമായി തീർന്നിരിക്കുകയാണ്. രണ്ട് ഘട്ടമായി 7205 കോടി

രൂപ ചെലവ് കണക്കാക്കുന്ന കൊച്ചി മെട്രോ റെയിൽ ഓടിത്തുടങ്ങാൻ ഇനി ഏതാനും മാസങ്ങൾ മാത്രം. 1892 കോടി രൂപ ചെലവിൽ പണി പൂർത്തിയായി വരുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ താമസിയാതെ വിമാനം ഇറങ്ങാൻ പോകുന്നു. പണി പൂർത്തിയാകുമ്പോൾ 4000 മീറ്റർ റൺവേയുള്ള രാജ്യത്തെ നാലാമത്തെ വിമാനത്താവളമായിരിക്കും ഇത്. 433 കോടി രൂപ ചെലവിൽ കൊച്ചിയിൽ വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം പുരോഗമിക്കുന്നു. അഭ്യസ്ഥവിദ്യരായ തൊണ്ണൂറായിരം യുവാക്കൾക്ക് തൊഴിൽ നൽകുന്ന 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി താമസിയാതെ ഉത്ഘാടനം ചെയ്യപ്പെടുന്നതാണ്. 6728 കോടി രൂപ ചെലവിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ പദ്ധതിക്കായി DMRC യുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ യാത്രാസൗകര്യങ്ങളിൽ ഗുണകരമായ മാറ്റം കൊണ്ടുവരുന്നതിന് ലക്ഷ്യമിടുന്ന 3063 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന Rapid Rail Transport System യാഥാർത്ഥ്യമാക്കുന്നതിനായി റെയിൽവേ മന്ത്രാലയവുമായി ധാരണാപത്രം ഒപ്പിട്ടുകഴിഞ്ഞു. ദേശീയ ഗെയിംസിന്റെ ഭാഗമായി

കേരളീയർക്ക് എന്നും അഭിമാനിക്കാവുന്ന ലോകനിലവാരമുള്ള സ്പോർട്സ് സ്റ്റേഡിയവും അന്താരാഷ്ട്ര ഗുണനിലവാരമുള്ള മറ്റ് 4 സ്റ്റേഡിയങ്ങളും ഇപ്പോൾ നമുക്ക് ലഭ്യമാണ്. ഞങ്ങൾ പിന്തുടർന്ന സുസ്ഥിര വികസന നയങ്ങൾമൂലം കേരളം ഇന്ന് അടിസ്ഥാന സൗകര്യ വികസനത്തിൽ ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്ന സംസ്ഥാനമായി മാറിയെന്ന് എനിക്ക് ആത്മവിശ്വാസത്തോടെ പറയാൻ കഴിയും. സംസ്ഥാനത്തിന്റെ സമഗ്ര വികസനം മുന്നിൽക്കണ്ട് Perspective Plan 2030 ഞങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനങ്ങൾക്ക് 30,000 കോടി രൂപയുടെ മൂലധന നിക്ഷേപം സമാഹരിക്കുന്നതിനായി Kerala Infrastructural Investment Fund -നെ സജ്ജമാക്കുന്നതാണ്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നടത്തിപ്പിൽ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി "ഗ്രീൻ ബുക്ക്" സംവിധാനം ഏർപ്പെടുത്തുകയും, ഭരണ വകുപ്പുകൾക്ക് വിപുലമായ അധികാരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കാർഷികം, വ്യാവസായികം, ആരോഗ്യം, വിദ്യാഭ്യാസം, വിവരസാങ്കേതിക വിദ്യ തുടങ്ങി എല്ലാ പ്രവർത്തന മേഖലകളിലും ഈ സർക്കാർ വികസന കുതിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

6. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാനം വികസന കുതിപ്പിലൂടെ മുന്നേറുമ്പോഴും പാവപ്പെട്ടവർക്ക് ശ്രദ്ധയും കരുതലും ഉറപ്പുവരുത്തുന്നതിനായി നിരവധി ക്ഷേമ പ്രവർത്തനങ്ങൾ സ്വീകരിച്ച് അതുല്യമായ മാതൃക കാണിക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി 3500 കോടിയോളം രൂപ ഇതിനകം ചെലവഴിച്ച കഴിഞ്ഞു. കാരുണ്യ സഹായ നിധിയിൽ നിന്നും 1200 കോടി രൂപ 1.42 ലക്ഷം രോഗികൾക്ക് വിതരണം ചെയ്യുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 540 കോടി രൂപഇതിനകം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനും പുറമെ ക്ഷേമപെൻഷനുകൾക്ക് 16311 കോടി രൂപയും പാവപ്പെട്ട രോഗികൾക്ക് സൗജന്യ മരുന്ന വിതരണത്തിനായി 1156 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ 6.20 ലക്ഷം ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനും 188 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്യുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി 32 ലക്ഷം ഗുണഭോക്താക്കൾക്ക്

ക്ഷേമപെൻഷൻ അവരവരുടെ ബാങ്ക്/പോസ്റ്റാഫീസ് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിലൂടെ പാവങ്ങളുടെ ജീവിത നിലവാരവും അന്തസ്സും ഉയർത്തിപ്പിടിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

7. പാർശ്വവൽക്കരിക്കപ്പെട്ടവരും നിരാലംബരുമായ ജനവിഭാഗത്തെ കരുതലിന്റെയും ശ്രദ്ധയുടെയും തണലിൽ എത്തിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, ശാരീരിക അവശത അനുഭവിക്കുന്നവർ, ഭിന്നലിംഗക്കാർ എന്നിവരെ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു നയം ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ്, തൊഴിൽ വകുപ്പ്, ലോട്ടറി വകുപ്പ് എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെയും ഓരോ വർഷവും ക്യാൻസർ ഉൾപ്പെടെ വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങളുടെ കണ്ണീരൊപ്പാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

8. സംതൃപ്തമായ ഒരു സിവിൽ സർവ്വീസ് സൽഭരണത്തിന് അനുപേക്ഷണീയമാണ്. പത്താം ശമ്പള പരിഷ്ക്കരണ കമ്മീഷൻ ശിപാർശകൾ അതിന്റെ സത്ത ചോർന്നുപോകാത്ത വിധത്തിൽ ഏതാണ്ട് പൂർണ്ണമായിത്തന്നെ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ചരിത്രത്തിൽ ആദ്യമായി ശമ്പള പെൻഷൻ കുടിശ്ശിക പലിശ സഹിതം പണമായിത്തന്നെ അടുത്ത രണ്ടു വർഷത്തിനുള്ളിൽ വിതരണം ചെയ്യുന്നതാണ്. ഇന്ത്യയിൽ ആദ്യമായി പെൻഷൻകാർക്കുവേണ്ടി ഒരു നൂതന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സർക്കാർ നടപ്പിലാക്കുന്നതാണ്.

9. ഈ സർക്കാർ പിന്തുടരുന്ന വികസന കാഴ്ചപ്പാട് സുവ്യക്തമാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സർക്കാരിന്റെ തലോടൽ ലഭിക്കാത്ത ഒരു മേഖലയോ, സവിശേഷ ശ്രദ്ധ ലഭിക്കാത്ത ഒരു ജനവിഭാഗമോ അവശേഷിക്കുന്നില്ല എന്ന് നിസ്സംശയം പറയാം. വിദ്യാർത്ഥികൾ, തൊഴിലാളികൾ, സംരംഭകർ, സർക്കാർ ജീവനക്കാർ, നിക്ഷേപകർ, പ്രവാസി മലയാളികൾ, വൃദ്ധർ, കുട്ടികൾ, ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർ, യുവാക്കൾ തുടങ്ങി സമൂഹത്തിന്റെ എല്ലാ ജനവിഭാഗങ്ങളിലേയ്ക്കും സഹായം എത്തിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വികസന മുരടിപ്പിന്റെ ശാപം പേറിയ മുൻകാല ചിത്രങ്ങളിൽ നിന്നും വളരെയേറെ മുന്നേറി, നിക്ഷേപകർ പുതിയ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന ഒരു സംസ്ഥാനമായി ഇന്ന് കേരളം മാറിയിരിക്കുകയാണ്.

10. സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിന്

അനിവാര്യമായ സാമ്പത്തിക ദൃഢീകരണ പരിപാടികൾ തുടരുന്നതിൽ സർക്കാർ എന്നും പ്രതിജ്ഞാബദ്ധമാണ്. 2015-16-ലെ റവന്യൂ കമ്മി സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.37 ശതമാനത്തിൽ ഒതുക്കി നിർത്തുന്നതാണ്. പത്താം ശമ്പള പരിഷ്കരണ ശിപാർശകൾ നടപ്പിലാക്കുന്നതുമൂലം ശമ്പളം, പെൻഷൻ എന്നിവയുടെ ചെലവ് വീണ്ടും ഉയരുകയാണ്. അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ അവാർഡ് നടപ്പിലാക്കുന്നതുമൂലവും ഉയർന്ന നിരക്കിലുള്ള ക്ഷേമ പെൻഷനുകൾ, സബ്സിഡി എന്നിവ നൽകുന്നതിനുവേണ്ടി വരുന്ന ചെലവുകളും സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയിൽ സമ്മർദ്ദം സൃഷ്ടിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ കടബാധ്യതയുടെ 60 ശതമാനത്തോളം വരുന്ന തുക വരുന്ന ഏതാനും വർഷങ്ങളിൽ തിരിച്ച് നൽകേണ്ടി വരുമെന്നതും കടമെടുപ്പിന്റെ പരിധി ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുള്ളതും വരും വർഷങ്ങളിൽ നാം അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങളാണ്.

11. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം സംസ്ഥാനങ്ങളുടെ നികുതി വിഹിതം 32%-ൽ നിന്നും 42% ആയി ഉയർത്തിയിട്ടുണ്ട്. തീർച്ചയായും ഈ വർദ്ധനവിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ അവാർഡ്

തുകയിലെ വർദ്ധനവിന്റെ പേര് പറഞ്ഞ് രാജ്യത്തിന്റെ സമഗ്ര വികസനവും പാവപ്പെട്ടവരുടെ ഉന്നമനവും ലക്ഷ്യമിട്ട് UPA സർക്കാർ നടപ്പിലാക്കി വന്നിരുന്ന ഒട്ടേറെ ക്ഷേമപദ്ധതികൾ പിൻവലിക്കപ്പെട്ടിരിക്കുന്നു. കുടിവെള്ളം, പോഷകാഹാരം, ജലസേചനം തുടങ്ങിയ മേഖലകളിലെ പാവപ്പെട്ടവർക്ക് താങ്ങായിരുന്ന പല പദ്ധതികളും നിർത്തലാക്കുകയും മറ്റ് ചിലതിന്റെ വിഹിതം വെട്ടിച്ചുരുക്കുകയും ചെയ്തു. വിവിധ മേഖലകൾക്ക് ഏർപ്പെടുത്തിയിരുന്ന ധനസഹായം നിർത്തലാക്കുകയും അംഗൻവാടികൾ വഴി ഏറ്റവും പാവപ്പെട്ടവർക്ക് നൽകി വന്നിരുന്ന പോഷകാഹാരം നൽകുന്നതിനുള്ള ധനസഹായം പോലും വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഗ്രാമങ്ങളിലെ ഏറ്റവും പാവപ്പെട്ടവർക്ക് ജീവനോപാധി പ്രദാനം ചെയ്തിരുന്ന മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയെപ്പോലും തളർത്തുന്ന നടപടികളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്.

12. ജനങ്ങളുടെ ആശങ്കകൾ പരിഗണിക്കാതെയും വീണ്ടുവിചാരമില്ലാതെയും ആസൂത്രണ കമ്മീഷൻ നിർത്തലാക്കിയ കേന്ദ്ര നടപടി സംസ്ഥാനത്തിനെ കൂടുതൽ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. ദേശീയ വികസന അജണ്ട രൂപീകരിക്കുന്നതിനാകാതെ കേന്ദ്ര സർക്കാർ ദിശാബോധമില്ലാതെ ഉഴലുകയാണ്. ആസൂത്രണ കമ്മീഷന്റെ അഭാവത്തിൽ രാജ്യത്തിന്റെ

വികസന പരിപാടികളും ലക്ഷ്യങ്ങളും താറുമാറായിരിക്കുന്നു. ആസൂത്രണ കമ്മീഷന് ബദലായി രൂപീകരിച്ച "നീതി ആയോഗ്" വ്യക്തമായ ചുമതല എന്തെന്നറിയാതെ ദിശാബോധം നഷ്ടപ്പെട്ട അവസ്ഥയിലാണ്. ഓരോ മന്ത്രിയും അവരവരുടെ കാഴ്ചപ്പാടുകൾ വെളിപ്പെടുത്തുന്നതല്ലാതെ വ്യക്തമായ വികസന ലക്ഷ്യങ്ങൾ ഇതുവരെ രൂപീകരിച്ചിട്ടില്ല.

13. പ്രാദേശികമായ വെല്ലുവിളികളും ബാഹ്യസമ്മർദ്ദങ്ങളും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ വളർച്ചയുടെ തോതിനെ പ്രതികൂലമായി ബാധിക്കുമ്പോഴും സാമ്പത്തിക ദൃഢീകരണ പാതയിലെ ലക്ഷ്യങ്ങൾ കൈവരിക്കാൻ സർക്കാർ കഠിന ശ്രമത്തിലാണ്. ചരക്ക് സേവന നികുതി നടപ്പിൽ വരുന്നതോടെ വരും വർഷങ്ങളിൽ റവന്യൂ വരുമാനത്തിന്റെ വളർച്ചാനിരക്കിൽ വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷ. ലോക സാമ്പത്തിക രംഗത്ത് മന്ദീഭവിച്ച വളർച്ചയാണ് 2015-ൽ രേഖപ്പെടുത്തിയത്. അന്താരാഷ്ട്ര നാണയ നിധിയുടെ എസ്റ്റിമേറ്റ് പ്രകാരം അടുത്ത രണ്ട് വർഷങ്ങളിൽ ലോക സമ്പദ് വ്യവസ്ഥ 3.1 മുതൽ 3.4 ശതമാനം വരെ വളർച്ച രേഖപ്പെടുത്തുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ചൈനീസ് സമ്പദ് വ്യവസ്ഥയിൽ ദൃശ്യമായ മാന്ദ്യം, ക്രൂഡ് ഓയിൽ ഉൾപ്പെടെയുള്ള ചരക്കുകളുടെ വിലയിലുണ്ടായ കുറവ്, വികസ്വര സമ്പദ്

വ്യവസ്ഥകളിൽ ഉണ്ടായിട്ടുള്ള മുരടിപ്പ് എന്നിവ 2016-17-ലെ ലോക സമ്പദ് വ്യവസ്ഥയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. ലോക സമ്പദ് വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കേരളത്തെയും പ്രതികൂലമായി ബാധിക്കുന്നതാണ്. നിലവിലെ വില നിരക്കിൽ 2014-15-ലെ ദേശീയ വളർച്ചാ നിരക്ക് 10.5% രേഖപ്പെടുത്തിയപ്പോൾ കേരളത്തിന് 12.31% വളർച്ചാ നിരക്ക് നേടുവാൻ കഴിഞ്ഞു. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ സാമ്പത്തിക വളർച്ച കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം നിമിത്തം 2012-14 കാലയളവിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ഇതിനെ അതിജീവിച്ചുകൊണ്ട് 2014-15-ൽ 12.31% സാമ്പത്തിക വളർച്ച കൈവരിക്കാനായത് ഈ ഗവൺമെന്റിന്റെ നിശ്ചയ ദാർഢ്യത്തോടെയുള്ള വികസന പ്രവർത്തനങ്ങളുടെ ഫലമായാണ്.

14. കുറഞ്ഞ ആളോഹരി വരുമാനം നിലനിൽക്കുമ്പോഴും ഉയർന്ന ഭൗതിക ജീവിതനിലവാരം കേരളം നിലനിർത്തി പോരുന്നുണ്ട്. എന്നാൽ അടുത്ത വർഷങ്ങളിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ രീതിയിൽ പ്രകടമായ ചില മാറ്റങ്ങൾ ദൃശ്യമായിട്ടുണ്ട്. ഏറ്റവും പുതിയ ദേശീയ സാമ്പിൾ സർവ്വെ അടിസ്ഥാനമാക്കി നോബൽ ജേതാവായ പ്രൊഫസർ

അമർത്യ സെൻ ചൂണ്ടിക്കാണിച്ച പോലെ ഇന്ത്യയിൽ ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനമാണ് കേരളം രേഖപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ കുടുംബങ്ങളുടെ ഗ്രാമീണ നാഗരിക ആസ്തികൾ കണക്കിലെടുത്താൽ ഇൻഡ്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന മൂന്ന് സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഗ്രാമീണ കുടുംബങ്ങളുടെ ശരാശരി ആസ്തി 27 ലക്ഷം എന്നത് ദേശീയ ശരാശരിയുടെ മൂന്ന് മടങ്ങാണ്. നഗരപ്രദേശങ്ങളിലും കുടുംബങ്ങളുടെ ശരാശരി ആസ്തിയായി കണക്കാക്കിയിട്ടുള്ള 40 ലക്ഷം രൂപ ദേശീയ ശരാശരിയുടെ ഇരട്ടിയും, പഞ്ചാബ്, ഹരിയാന തുടങ്ങിയ മുൻനിര സംസ്ഥാനങ്ങളുടെ ശരാശരി ആസ്തിയെക്കാൾ കൂടുതലുമാണ്. ചെലവ് പരിഗണിക്കുമ്പോൾ കേരളത്തിന്റെ പ്രതിശീർഷ ഉപഭോഗ ചെലവ് 3408 രൂപ എന്നത് ദേശീയ ശരാശരിയേക്കാൾ 30% കൂടുതലാണ്. ഈ വസ്തുതകൾ വിരൽ ചൂണ്ടുന്നത് കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന നിരക്കിലും സാമ്പത്തിക വളർച്ചയുടെ പാതയിലുമാണ് എന്നുതന്നെയാണ്.

GA-SD
9.20-9.30

## ഭാഗം -2

<u>പുതിയതും പ്രധാനപ്പെട്ടതുമായ വികസന പ്രവൃത്തികൾ</u>

15. 2016-17 സാമ്പത്തിക വർഷത്തിൽ 24,000 കോടി രൂപയുടെ വാർഷിക പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തേക്കാൾ 20% അധികമാണ്. ഇതിനു പുറമേ 6534.17 കോടി രൂപയുടെ കേന്ദ്രസഹായം കൂടി സംസ്ഥാന ബജറ്റിലൂടെ നടപ്പിലാക്കുമ്പോൾ ഫലത്തിൽ ആകെ പദ്ധതി വിഹിതം 30,534.17 കോടി രൂപയായിരിക്കും. ഇതിന്റെ 24.72% വരുന്ന 7,550.60 കോടി രൂപയുടെ വിവിധ പദ്ധതികൾ "കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030" -ൽ ഉൾപ്പെട്ടതാണ്.

മുഖ്യ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ

16. മുഖ്യ അടിസ്ഥാന സൗകര്യവികസനത്തിനായി നിലവിലുള്ളതുംപുതിയതുമായ
17 പ്രധാന പദ്ധതികൾ സർക്കാർ തെരഞ്ഞെടുത്ത് അവയുടെ നടത്തിപ്പിനായി ഒരു പൊതുഫണ്ട് രൂപീകരിക്കുന്നതിന്തീരുമാനിച്ചിട്ടുണ്ട്. നിർവ്വഹണ പുരോഗതി വിലയിരുത്തിസൗകര്യാനുസരണം,ആവശ്യത്തിനനുസരിച്ച് നിർദ്ദിഷ്ട പദ്ധതികൾക്ക്തുക ഉറപ്പ് വരുത്തുന്നതിനായി മൊത്തത്തിൽ 2536.07 കോടി രൂപവകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെയും, കോഴിക്കോട്ടെയും ലൈറ്റ്മെട്രോ സംവിധാനം, വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യതുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, മൊബിലിറ്റി ഹബ്ബ്,സബർബൻ റെയിൽ കോറിഡോർ, 35-ാം ദേശീയ

ഗെയിംസ് ആന്യൂറ്റിസ്കീം,ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോൺ ഭൂമി ഏറ്റെടുക്കലും അടിസ്ഥാനസൗകര്യ വികസനവും, കൊല്ലം-ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ്,പാലക്കാട് പുതിയ ഐ.ഐ.ടി., ട്രാൻസ്ഗ്രിഡ് 2.0, പാലക്കാട് മെഗാഫുഡ് പാർക്ക്, ഒറ്റപ്പാലത്തെ ഡിഫൻസ് പാർക്ക്, കൊച്ചിയിലെ പെട്രോ കെമിക്കൽ പാർക്ക്, കൊച്ചിയിലെ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, കൊച്ചിയിലെ സംയോജിത ജലഗതാഗത സംവിധാനം, ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കൽ എന്നിവയാണ് തെരഞ്ഞെടുത്ത പദ്ധതികൾ.

എ. കൃഷിയും അനുബന്ധ മേഖലകളുംകൃഷി

17. സംസ്ഥാന പദ്ധതി വിഹിതമായി 547.36 കോടി രൂപയും കേന്ദ്ര സഹായമായി 216.85 കോടി രൂപയും ചേർത്ത് ആകെ 764.21 കോടി രൂപ കാർഷിക മേഖലയ്ക്കായി മാറ്റിവയ്ക്കുന്നു. കൃഷിയെ ഒരു ഉപജീവന മാർഗ്ഗം എന്നതിലുപരിയായി വാണിജ്യ-സാമ്പത്തിക പ്രവർത്തന മേഖലയാക്കി മാറ്റേണ്ടതായിട്ടുണ്ട്. ആകയാൽ പെഴ്സ്പെക്ടീവ് പ്ലാൻ - 2030-ൽ കൃഷിക്കായി വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങളും നേട്ടങ്ങളും കൈവരിക്കുന്നതിനായി വാർഷിക പദ്ധതി പുന:ക്രമീകരിച്ചിട്ടുണ്ട്. 18. കൃഷിയുടെ ഉല്പാദനക്ഷമതയ്ക്കും, മൊത്തത്തിലുള്ള കൃഷി ഉത്പാദനത്തിനും

ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത അത്യന്താപേക്ഷിതമാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനും വിതരണത്തിനുമായി 20 കോടി രൂപ നീക്കി വയ്ക്കുന്നു.

19. സുസ്ഥിര നെൽകൃഷി വികസനത്തിന് 27 കോടി രൂപയും ഗ്രൂപ്പ് ഫാമിംഗിന്പ്രവർത്തന സഹായമായി പാടശേഖര സമിതികൾക്ക് 4.5 കോടി രൂപയും ഉൾപ്പെടെ നെൽകൃഷി വികസനത്തിനായി 35 കോടി രൂപ വകയിരുത്തുന്നു.

20. വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുക, എന്നത് ഗവൺമെന്റിന്റെ മുൻഗണനയിലുള്ള പദ്ധതിയാണ്. ജൈവകൃഷി വ്യാപനത്തിന് ത്രിതല പഞ്ചായത്തുകളുടെയും, സാമൂഹിക സംഘടനകളുടെയും ഗവൺമെന്റിന്റെയും കൂട്ടായ പ്രവർത്തനംകൊണ്ട് സമൂഹത്തിൽ ബോധവത്ക്കരണം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ വീടുകളിലും അടുക്കള തോട്ടങ്ങൾ ഉണ്ടാക്കാൻ പച്ചക്കറി വിത്തുകൾ, പൈപ്പ് കംപോസ്റ്റ് എന്നിവ ത്രിതല പഞ്ചായത്തുകളിലൂടെ സൗജന്യമായി നൽകുന്നതാണ്. പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു സംയോജിത പദ്ധതി 2012-13 -ൽ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി ഒരു വൻ വിജയമായിരുന്നു. 2016-17-ൽ ഈ പദ്ധതിയുടെ ശാക്തീകരണത്തിനായി

74.30 കോടി രൂപയുടെ വർദ്ധിപ്പിച്ച വിഹിതം വകയിരുത്തിയിട്ടുണ്ട്.

21. തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ചതാണ് നാളികേര വികസന പദ്ധതി. ഇതിനായി 45 കോടി രൂപ മാറ്റിവയ്ക്കുന്നു.

22. കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും എന്ന പദ്ധതിയ്ക്കായി 31 കോടി രൂപയും, മണ്ണിന്റെ ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത ഉയർത്തലും എന്ന പദ്ധതിയ്ക്കായി 26.26 കോടി രൂപയും, ഹൈടെക് അഗ്രികൾച്ചറിനായി 2.90 കോടി രൂപയും നീക്കിവയ്ക്കുന്നു.

23. സംസ്ഥാനത്തെ കാർഷിക മേഖലയിലെ വിപണികളുടെ വികസനത്തിനും, സംഭരണശാലകൾ, ബയോ ഇൻപുട്ട് സെന്ററുകൾ, കാർഷിക സേവനകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം, പ്ലാന്റ് ക്ലിനിക്കുകൾ എന്നിവ കൂടുതൽ വികസിപ്പിക്കുന്നതിനുമായി ഒരു പുതിയ സംസ്ഥാന പദ്ധതി രൂപീകരിക്കുന്നതാണ്. അതിനായി 5 കോടി രൂപ വകയിരുത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ഇത്തരം പ്രോജക്ടുകളുടെ 60 ശതമാനം സംസ്ഥാന വിഹിതമായിട്ടാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്.

24. കാർഷിക മേഖലയിൽ ഗവേഷണ-പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അമ്പലവയൽ, കുമരകം, ചിറ്റൂർ എന്നിവിടങ്ങളിൽ കാർഷിക കോളേജുകൾ അനുവദിക്കുന്നതാണ്.

25. ചക്ക, കശുമാങ്ങ, തേങ്ങ എന്നീ കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന ഒരു ഫാക്ടറി കുത്തുപറമ്പിലെ ഭഗവത്പാദ പുരിയിൽ പ്രവർത്തിച്ചുവരുന്ന ബയോറിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്ററിനോടനുബന്ധമായി ആരംഭിക്കുന്നതാണ്. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നു.

26. ഔഷധകൃഷിയുടെ പ്രോത്സാഹനത്തിനായി സബ്സിഡി നൽകുന്നതിനും ഇവയുടെ സംഭരണത്തിന് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സംഭരണശാല തുടങ്ങുന്നതിനും സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് 5 കോടി രൂപ വകയിരുത്തുന്നു.

27. വിലത്തകർച്ചമൂലം പ്രയാസം നേരിടുന്ന കേര കർഷകർക്ക് ഏറെ ആശ്വാസകരമായ ഒന്നാണ് നീരയുടെ ഉത്പാദനവും വിപണനവും പ്രതിമാസം ഒരു തെങ്ങിൽനിന്നും രണ്ടായിരം രൂപയെങ്കിലും വരുമാനം ലഭിക്കും. പ്രതിമാസം 2 ലക്ഷം ലിറ്റർ നീരയാണ് ഇപ്പോൾ ഉത്പാദിപ്പിക്കുന്നത്. നീര ഉല്പാദനത്തിന് സബ്സിഡി നൽകാനായി 5

കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമേ കിലോയ്ക്ക് 25 രൂപാ നിരക്കിൽ പച്ചതേങ്ങ സംഭരിക്കാനായി 20 കോടി രൂപ വകയിരുത്തുന്നു.

28. ആലപ്പുഴ ജില്ലയിലെ ചെന്നിത്തല പഞ്ചായത്തിൽ ഒരു അഗ്രി പോളിടെക്നിക് ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വകയിരുത്തുന്നു.

29. റബ്ബറിന്റെ വിലത്തകർച്ച കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് തന്നെ കനത്ത ആഘാതമായി മാറിക്കഴിഞ്ഞു. ചെറുകിട കർഷകർക്ക് റബ്ബറിന് കിലോയ്ക്ക് 150 രൂപ വില ഉറപ്പ് വരുത്തുവാനായി സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച വിലസ്ഥിരതാ പദ്ധതി ഏറ്റവും പ്രയോജനപ്രദമായി ഇന്ന് മുന്നേറുകയാണ്. ഈ സാമ്പത്തിക വർഷം 300 കോടി രൂപയാണ് നീക്കിവച്ചത്. 2016-17-ൽ ഈ സ്കീം തുടരുന്നതാണ്. ഇതിനായി ഈ വർഷം 500 കോടി രൂപ വകയിരുത്തുന്നു. വില സ്ഥിരതാ ഫണ്ടിലേയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>മണ്ണ് ജല സംരക്ഷണം</u>

30. മണ്ണ് ജല സംരക്ഷണ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 90.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 75 കോടി രൂപ നബാർഡിന്റെ

ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന നീർത്തടാധിഷ്ഠിത മണ്ണ് ജല സംരക്ഷണ പദ്ധതിയുടെയും മറ്റു പദ്ധതികളുടെയും നടത്തിപ്പിനു വേണ്ടിയുള്ളതാണ്.

31. 45 ലക്ഷത്തിലധികമുള്ള തുറന്ന കിണറുകൾ കേരളത്തിന്റെ കുടിവെള്ള സുരക്ഷയുടെ അവിഭാജ്യ ഘടകമാണ്. ഈ കിണറുകളെ പുന:രുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും അതുവഴി അവയെ സമൃദ്ധവും സുസ്ഥിരവും ശുചിത്വപൂർണ്ണവുമാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് 'ജലസുരക്ഷ സുസ്ഥിരവും ശുചിത്വപൂർണ്ണവുമായ കിണറുകൾ' എന്ന ഒരു പുതിയ പദ്ധതിക്ക് ഈ സർക്കാർ തുടക്കമിടുന്നു.

<u>മൃഗസംരക്ഷണം</u>

32. മൃഗസംരക്ഷണ ഉപമേഖലയ്ക്ക് 2016-17 ലേക്കുള്ള അടങ്കൽ തുകയായി ആകെ 290 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരളാ വെറ്റിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിക്കായി 57 കോടി രൂപയും പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 50.80 കോടി രൂപയും മാറ്റിവെച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള ഫാമുകൾ ശക്തിപ്പെടുത്തുക, മൃഗ ചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുക എന്നീ അങ്ങേയറ്റം

മുൻഗണന നൽകേണ്ട രണ്ടു അതിപ്രധാന പദ്ധതികൾക്കായി യഥാക്രമം 22.57 കോടി രൂപയും 43 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ തുടർപ്രവർത്തനങ്ങൾക്കായി 74.58 കോടി രൂപയും വകയിരുത്തുന്നു.

(ക്ഷീരവികസനം)

SI-SD 09.30-09.40

ക്ഷീരവികസനം

33. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് സംസ്ഥാനത്തെ ക്ഷീരകർഷകരെ സഹായിക്കുവാനായി നിരവധി പദ്ധതികൾ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഈ മേഖലയ്ക്കായി 2016-17-ൽ ആകെ 92.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾക്ക് പാൽ സംഭരണത്തിനുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി 2016-17-ൽ 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി യൂണിറ്റുകളുടെയും മിൽക്ക് ഷെഡുകളുടെയും വികസനത്തിനായി 44.17 കോടി രൂപയും, ഉത്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കാലിത്തീറ്റ സബ്സിഡിക്കായി 13.50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

പാലുല്പാദനത്തിൽ അടുത്ത വർഷത്തോടെ കേരളം സ്വയം പര്യാപ്തത നേടുമെന്നാണ് പ്രതീക്ഷിക്കുന്നത്. എറണാകുളം ജില്ലയിലെ കുന്നുകര ക്ഷീരഗ്രാമം പദ്ധതി ഈ വർഷവും തുടർന്ന് നടപ്പിലാക്കും. ഇതിനുവേണ്ടി 50 ലക്ഷം രൂപ വകയിരുത്തുന്നു.

34. ക്ഷീര ക്ഷേമനിധി ബോർഡ് വഴി നൽകുന്ന ക്ഷീര കർഷക ക്ഷേമ പെൻഷൻ 500 രൂപയിൽനിന്ന് 750 രൂപയായി വർദ്ധിപ്പിക്കുന്നു.

<u>മത്സ്യവികസനം</u>

35. ഉല്പാദനം വർദ്ധിപ്പിക്കൽ, അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സഹായം മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും വിപുലീകരിക്കൽ എന്നിവയാണ് മത്സ്യ വികസന മേഖലയിൽ സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. 2011-12 മുതൽ ഏകദേശം പതിനെട്ടോളം ഹൈടെക്ക് ഫിഷ് മാർട്ടുകൾ പൂർത്തീകരിക്കുകയും പതിനഞ്ചോളം എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയുമാണ്. ഈ മേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഗണ്യമായ പുരോഗതി കൈവരിക്കാനായിട്ടുണ്ട്.

36. മത്സ്യവികസന മേഖലയ്ക്ക് ആകെ 169.30 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിൽ നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന വികസന നിധിക്കായി 27 കോടി രൂപയും, മത്സ്യബന്ധന

മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും മത്സ്യകൊയ്ത്തിന് ശേഷമുള്ള പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിനായി 26.24 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കായുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി 39.59 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയ്ക്കായി 30 കോടി രൂപയും ഉൾനാടൻ മത്സ്യബന്ധന മേഖലയ്ക്കായി 38.49 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

37. മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പരിപാടിക്ക് 184.6 കോടി രൂപ തീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 100 കോടി രൂപ വ്യക്തിഗത ഭവന നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കുന്നതിനു മായി പ്രത്യേകം വകയിരുത്തിയിരിക്കുന്നു. തീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികളായ തീരമൈത്രി, മൈക്രോ സംരംഭങ്ങളും വിദ്യാഭ്യാസവും എന്നിവയ്ക്കും ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

38. 5 വർഷം കൊണ്ട് 500 ഫിഷ് ഷോപ്പുകൾ സ്ഥാപിക്കും. ഈ വർഷം 100 എണ്ണം സ്ഥാപിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

39. ഒരു വീട്ടിൽ ഒരു അക്വേറിയം പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപ

വകയിരുത്തിയിരിക്കുന്നു.

40. വടകരയിലെ അഴിത്തലയിൽ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി 1.78 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

41. വനിതാ മത്സ്യത്തൊഴിലാളികൾക്കുള്ള പ്രവർത്തന മൂലധനമായി 2.5 കോടി രൂപ മാറ്റിവച്ചിരിക്കുന്നു.

42. ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 10 കോടി രൂപ അനുവദിക്കുന്നു.

43. മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ പദ്ധതിക്ക് 25 കോടി രൂപ വകയിരുത്തുന്നു.

44. മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളം, ശുചിത്വം, പാർപ്പിടം എന്നിവ ഉറപ്പുവരുത്തുന്നതിനായി സമഗ്രമായ തീരദേശ വികസന പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. 14,817 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിച്ചുനൽകുന്നതിനും, 17 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള ദുരിതാശ്വാസ സഹായം 1,800 രൂപയിൽ നിന്നും 2,700 രൂപയായി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.

## വനം വന്യ ജീവി

45. ആഗോള താപനത്തിന്റെ ഈ കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ വനമേഖല സംരക്ഷിക്കുവാനും വികസിപ്പിക്കുവാനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ മേഖലയ്ക്കുള്ള പദ്ധതി അടങ്കലായി 210 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് മുൻവർഷത്തേക്കാൾ 38 ശതമാനം അധികമാണ്.

46. ജൈവ വൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലന ത്തിനുമായി 43.46 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ പ്രധാന ഘടക പദ്ധതികളായ പരിസ്ഥിതി വികസന പരിപാടിക്ക് 3.46 കോടിരൂപയും വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനത്തിനായി 10.4 കോടി രൂപയും ദേശീയ പാർക്കുകളുടെ പരിപാലനത്തിനായി 5.17 കോടി രൂപയും പ്രോജക്ട് ടൈഗറിനായി 6.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

47. ഇക്കോ ടൂറിസത്തിൽപ്പെടുത്തി വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾക്കും ദേശീയ പാർക്കുകൾക്കും പുറത്തുമുള്ള പ്രദേശങ്ങളിലും ചുറ്റുപാടുമുള്ള പ്രദേശങ്ങളിലും പരിസ്ഥിതി സംരക്ഷണത്തിനുള്ള അവബോധം വളർത്തുന്നതിന് വനസംരക്ഷണ സമിതിപോലുള്ള വിവിധ ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് 8.2 കോടി രൂപ

വകയിരുത്തുന്നു. കോഴിക്കോട് ജില്ലയിൽ താമരശ്ശേരി റേഞ്ചിൽ 15 വ്യത്യസ്തങ്ങളായ ഇനങ്ങളുള്ള ഒരു ജൈവസംരക്ഷണ പാർക്ക്, കാപ്രിക്കാട് അഭയാരണ്യം ബയോളജിക്കൽ പാർക്ക്, ഔഷധ സസ്യങ്ങളുടെ സമ്പൂർണ്ണ സംരക്ഷണത്തിനായി കോഴിക്കോട് ചാലിയത്തുള്ള കേന്ദ്രം,നെടുമ്പാശ്ശേരി കുടുത്തുള്ള ജൈവ വൈവിദ്ധ്യ പ്ലാന്റായ സുവർണ്ണോദ്യാനം, കോന്നിയിലെ ആദിവാസി ഇക്കോ ടൂറിസം, തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആനപരിശീലനകേന്ദ്രം എന്നിവയുടെ വികസനവും ലക്ഷ്യമിടുന്നു.

48. മനുഷ്യനും മൃഗങ്ങളുമായുള്ള സംഘർഷം വനവുമായി ബന്ധപ്പെട്ട കൃഷി ഭൂമിയിൽ വർദ്ധിച്ചുവരികയാണ്. വൈദ്യുത വേലികൾ നിർമ്മിച്ചും മറ്റ് പ്രതിരോധ മാർഗ്ഗങ്ങളിലൂടെയും കൃഷിക്കാരെ സഹായിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു.

ബി. ഗ്രാമവികസനവും അനുബന്ധമേഖലകളും

49. ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഭവനം അനുവദിക്കുക, ഗ്രാമീണ മേഖലയിലെ ശുചിത്വ സൗകര്യങ്ങൾ വിപുലീകരിക്കുക എന്നിവ ഈ സർക്കാരിന്റെ മുന്തിയ പരിഗണനാ വിഷയങ്ങളാണ്. ഈ മേഖലയ്ക്ക് സംസ്ഥാന വിഹിതമായി 1323.74 കോടി രൂപയും കേന്ദ്ര വിഹിതമായി

2733.66 കോടി രൂപയും ഉൾപ്പെടെ ആകെ 4057.40 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## ഗ്രാമവികസനം

50. ഈ മേഖലയ്ക്ക് 432.15 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതമായും 2661.17 കോടി രൂപ കേന്ദ്രസഹായമായും ഗ്രാമവികസനത്തിനുവേണ്ടി വകയിരുത്തിയിരിക്കുന്നു.

51. മഹാത്മാഗാന്ധി ദേശീയ ഗ്രാമീൺ തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കാവുന്ന പദ്ധതിയാണ്. മഹാത്മാഗാന്ധി ദേശീയ-ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഈ വർഷം മുതൽ അസെറ്റ് ക്രിയേഷനുവേണ്ടി ഗവൺമെന്റ് ഒരു പ്രത്യേക പദ്ധതി കൊണ്ടുവരികയാണ്. തൊഴിലുറപ്പുപദ്ധതിയിൽ അംഗണവാടി കെട്ടിടം, സാനിട്ടറി ലാട്രിൻ, സർക്കാർ സ്കൂൾ കെട്ടിടം, പഞ്ചായത്ത് കെട്ടിടം, സംഭരണശാലകൾ, ജലസുരക്ഷാ സംവിധാനം തുടങ്ങിയ ഗ്രാമീണ ആസ്തികൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകും. ഇതിന് അനുവദനീയമായ മെറ്റീരിയൽ ഘടകത്തിന് ഉപരിയായി വരുന്ന ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. 60 ശതമാനം വേജസ് കമ്പോണന്റിൽ 40 ശതമാനം മാത്രമേ മെറ്റീരിയലിന് അനുവദിച്ചിട്ടുള്ളൂ. അതിനുമുകളിൽ വരുന്ന ചെലവ് ഈ

കാര്യങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് അത് വഹിക്കുന്നതാണ്. 2016-17-ൽ ഏകദേശം 500 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് 8.33 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുള്ള 10 ശതമാനം വിഹിതമായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

AS-SD
9.40-9.50

52. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിപുലപ്പെടുത്തുന്നത് സംബന്ധിച്ച് ഗവേഷണവും പഠനവും നടത്തുവാനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

53. ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക വാസയോഗ്യമായ വീട് നിർമ്മാണത്തിന് അപര്യാപ്തമാണ്. ആകയാൽ എല്ലാവർക്കും വീട് ഐ.എ.വൈ. പദ്ധതിക്ക് സംസ്ഥാനത്തിന്റെ അധിക ധനസഹായമായി 25 കോടി രൂപ കൂടി അനുവദിച്ചിരിക്കുന്നു.

54. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന എല്ലാവർക്കും വീട് (ഗ്രാമീൺ) ഇന്ദിര ആവാസ് യോജന ദേശീയ ഗ്രാമീണ ഉപജീവന മിഷൻ,

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന, ആജീവിക നൈപുണ്യ വികസന പദ്ധതി, ജില്ലാ ഗ്രാമ വികസന ഏജൻസികളുടെ ഭരണ ചെലവുകൾ നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. എന്നീ പ്രോജക്ടുകൾക്കായി 173.64 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാൻ മന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതിക്ക് അധിക ചെലവ് വഹിക്കാനായി 25 കോടി രൂപ വകയിരുത്തുന്നു.

സാമൂഹ്യ വികസനവും പഞ്ചായത്തുകളും

55. ഈ മേഖലയിലെ സംസ്ഥാന പദ്ധതികൾക്കായി 412.61 കോടി രൂപയും കേന്ദ്ര സഹായമായി 60 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

56. കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 130 കോടി രൂപ വകയിരുത്തുന്നു.

57. എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിക്കായി 141 കോടി രൂപ വകയിരുത്തുന്നു.

58. ശുചിത്വ കേരളം പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 26 കോടി രൂപ വകയിരുത്തുന്നു.

59. ആവശ്യാധിഷ്ഠിത ആസൂത്രണത്തിലൂടെ താഴെത്തട്ടിൽ പദ്ധതി നടത്തിപ്പിന്റെ നിർണ്ണായകമായ വിടവ് നികത്തുന്നതിനും ശാസ്ത്രീയമായ

രീതിയിലുള്ള പ്രോജക്റ്റ് മോണിറ്ററിംഗിനുംവേണ്ടി പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രത്യേക ആസൂത്രണ മോണിറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പുതിയ പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തുന്നു.

60. കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും വേർപെടുത്തിയ പദ്ധതിയായ രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ ഗ്രാമസഭകളുടെയും പഞ്ചായത്തുകളുടെയും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളെ ജനകീയമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് പ്രാപ്തരാക്കുന്നതിനും പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനും ജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയുടെ തുടർനടത്തിപ്പിനായി 5 കോടി രൂപ വകയിരുത്തുന്നു.

61. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ 40% സംസ്ഥാന വിഹിതമായി 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

62. സംസ്ഥാനത്ത് 100 പഞ്ചായത്തുകളിൽ ശ്മശാനം സ്ഥാപിക്കുവാൻ 20 കോടി രൂപ വകയിരുത്തുന്നു.

പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പദ്ധതി

63. പ്രാദേശിക വികസന പദ്ധതിക്കായി ആകെ 478.98 കോടി രൂപ വകയിരുത്തുന്നു.

64. മലയോരവികസന ഏജൻസിക്കായി 130 കോടി രൂപയും പശ്ചിമഘട്ടത്തിന്റെ ത്വരിത വികസനത്തിനായി 15 കോടി രൂപയും മാറ്റിവയ്ക്കുന്നു.

65. വയനാട് പാക്കേജിനായി 19 കോടി രൂപയും കാസർഗോഡ് പാക്കേജിനായി 87.98 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്.

66. ദേശീയ പ്രാധാന്യമുള്ള തീർത്ഥാടന കേന്ദ്രമായ ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ നാല് വർഷം ഏറ്റവും മുന്തിയ പരിഗണനയാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത്. കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ തീർത്ഥാടകർക്ക് ലഭ്യമാക്കാൻ തയ്യാറാക്കിയ ശബരിമല മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 40 കോടി രൂപ വകയിരുത്തുന്നു.

67. പാർട്ണർ കേരള മിഷന് കീഴിൽ ഇക്കൊല്ലം 338 കോടി രൂപയുടെ അടങ്കലുള്ള 7 പദ്ധതികൾക്ക് ലെറ്റർ ഓഫ് അവാർഡ് നൽകുന്നതാണ്. ഈ സാമ്പത്തിക വർഷം 25 പദ്ധതികളിലായി 2500 കോടി രൂപയുടെ പി.പി.പി. പദ്ധതികൾ സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കാൻ

ഉദ്ദേശിക്കുന്നു.

68. കാസർഗോഡ് നഗരവികസന പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തുന്നു.

<u>സഹകരണ വകുപ്പ്</u>

69. സഹകരണ മേഖലയ്ക്ക് മൊത്തം 95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുറമെ 45 കോടി രൂപയുടെ കേന്ദ്രസഹായവും ലഭ്യമാണ്.

<u>ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും</u>

70 ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും മേഖലയ്ക്കുള്ള 2016-17 ലേയ്ക്കുള്ള ആകെ പദ്ധതി അടങ്കൽ 491.47 കോടി രൂപയാണ്. ഇതിൽ വൻകിട-ഇടത്തരം ജലസേചനത്തിനായി 307.23 കോടി രൂപയും ചെറുകിട ജലസേചനത്തിനായി 129.82 കോടി രൂപയും വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണത്തിനും 50.42 കോടി രൂപയും ഉൾപ്പെടുന്നു.

71. കാവേരി നദീതട പ്രദേശത്തെ ജലവിഭവങ്ങളുടെ വിനിയോഗത്തിനായി 145.5 കോടി രൂപ വകയിരുത്തുന്നു.

72. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനായി 100 കോടി രൂപ വകയിരുത്തുന്നു.

73. ബാണാസുര സാഗർ ജലസംഭരണിയിൽ ജലസേചനവകുപ്പ് നടപ്പിലാക്കി വിജയിച്ച സൗരോർജ്ജ പദ്ധതിയുടെ ചുവടുപിടിച്ച് തെരഞ്ഞെടുത്ത മറ്റ് ജലസംഭരണികളിലും കനാലുകളിലും ഇത് വ്യാപിപ്പിക്കുന്നതാണ്.

74. വെങ്കിടങ്ങ് കോലുമാട് ശുദ്ധജല തടാക പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

75. വള്ളിക്കുന്ന് ഇരുമ്പോത്തിങ്കൽ കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതാണ്. ഇതിനായി 15 കോടി രൂപ വകയിരുത്തുന്നു.

76. ഇരിങ്ങാലക്കുടയിൽ കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത അനുഭവപ്പെടുന്ന വേളൂക്കര, മുരിയാട് പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.

<u>കേരള നദീതട അതോറിറ്റി</u>

77. കേരളത്തിലെ 44 നദികളും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടുകയാണ്. ഇതിൽ മിക്ക നദികളും വേനൽക്കാലത്ത് വറ്റി വരളുകയും കേരളത്തിൽ കടുത്ത വരൾച്ച സംജാതമാവുകയും ചെയ്യുന്നു. എല്ലാവർക്കും ജലലഭ്യത ഉറപ്പുവരുത്തി സംയോജിത ജലവിഭവ മാനേജ്മെന്റ് എന്ന ലക്ഷ്യം നേടുന്നതിനായി നദീതടങ്ങളുടെ സംരക്ഷണവും സുസ്ഥിരമായ മാനേജ്മെന്റും ആവശ്യമായിട്ടുണ്ട്. ഇതിന്റെ അത്യാവശ്യവും സങ്കീർണ്ണതയും

തിരിച്ചറിഞ്ഞ് 2016-17-ൽ സർക്കാർ കേരള നദീതട അതോറിറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ എല്ലാ നദികളെയും ഈ അതോറിറ്റിയുടെ കീഴിലാക്കാൻ സർവ്വേ നടത്തുന്നതാണ്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

<u>ഊർജ്ജം</u>

78. ചെലവ് ചുരുക്കിക്കൊണ്ട് പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ എല്ലാവർക്കും ശുദ്ധമായ ഊർജ്ജം എന്നതാണ് ഊർജ്ജമേഖലയിലെ സംസ്ഥാനത്തിന്റെ കാഴ്ചപ്പാട്. വരുംവർഷങ്ങളിൽ ഊർജ്ജ കമ്മി നികത്താനായി ഊർജ്ജം വാങ്ങാനുള്ള ദീർഘകാല കരാറുകളും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ മുഖേനയുള്ള അധിക ഊർജ്ജോത്പാദനം തുടങ്ങിയവയുള്ള നടപടികളും ഇതിനോടകം സ്വീകരിച്ചിരിക്കുകയാണ്. ഊർജ്ജ ലഭ്യത 2010-11-ലെ 17471 മെഗാ യൂണിറ്റിൽനിന്നും 2014-15-ൽ 21526 മെഗായൂണിറ്റായി വർദ്ധിപ്പിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ. വിജയിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് 2016-17-ൽ 1622.7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

79. സംസ്ഥാനത്തിന്റെ 200 മെഗാവാട്ട് സൗരോർജ്ജ പാർക്ക് 31.03.2017 ഓടുകൂടി കാസർഗോഡ് ജില്ലയിൽ യാഥാർത്ഥ്യമാക്കും. സോളാർ എനർജി

കോർപ്പറേഷൻ ഓഫ് ഇന്ത്യയും കെ.എസ്.ഇ.ബി.എൽ. ഉം സംയുക്തമായി രൂപീകരിച്ച റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന കമ്പനി നടപ്പാക്കുന്ന ഈ പദ്ധതിക്കുവേണ്ടി 1000 ഏക്കർ ഭൂമി കെ.എസ്.ഇ.ബി.എൽ.-ന് സർക്കാർ കൈമാറിക്കഴിഞ്ഞു. ഇതിന്റെ ഒന്നാം ഘട്ടമായ 50 മെഗാവാട്ട് നിർമ്മാണപ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

80. 2022 ഓടെ സംസ്ഥാനത്തിന്റെ പ്രസരണശേഷി 2400 മെഗാവാട്ടിൽനിന്നും 4000 മെഗാവാട്ടായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഛത്തീസ്ഗഢിലെ റായ്ഗഢിൽനിന്നും തമിഴ്നാട്ടിലെ പുകലൂർ വഴി തൃശ്ശൂരിലെ മാടക്കത്തറയിലേയ്ക്ക് 200 മെഗാവാട്ട് ശേഷിയുള്ള ഡി.സി. ലിങ്ക് കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കാനായത് സർക്കാരിന്റെ വൻനേട്ടമാണ്. കേന്ദ്രസ്ഥാപനമായ പി.ജി.സി.എൻ. നടപ്പിലാക്കുന്ന എച്ച്.വി.ഡി.സി. ട്രാൻസ്മിഷൻ ഇടനാഴി എന്ന പദ്ധതിക്ക് 22000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കേരളത്തിലേയ്ക്കുള്ള പ്രസരണ സംവിധാനത്തിന് മാത്രം 3679 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

AC-SD
9.50-10.00

81. വീടുകളിലെ വൈദ്യുതി ഉപഭോഗം കാര്യക്ഷമവും ലാഭകരവുമാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതി ലാഭപ്രഭ സീസൺ-3 നടപ്പിലാക്കും. ഓരോ വീട്ടിലും 9 വാട്ടിന്റെ 2 എൽ.ഇ.ഡി. ബൾബുകൾ സൗജന്യ വിലയ്ക്ക് ഈ പരിപാടിയിലൂടെ ലഭിക്കും. പ്രതിവർഷം ഏകദേശം 400 ദശലക്ഷം യൂണിറ്റും പീക്ക് സമയത്തെ ആവശ്യകത 300 മെഗാവാട്ടും കുറവ് പ്രതീക്ഷിക്കുന്ന ഈ പരിപാടിക്ക് 150 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

82. അഞ്ച് ഹെക്ടറിൽ താഴെ നാണ്യ വിളകൾ ഒഴികെയുള്ള കാർഷിക വിളകൾക്ക് നിലവിൽ സബ്സിഡി നൽകുന്നുണ്ട്. ഈ സൗജന്യം നാണ്യവിളകൾക്കുകൂടി ലഭ്യമാക്കും. ഏലം ഉൾപ്പെടെ അഞ്ച് ഹെക്ടറിൽ കൂടുതൽ കൃഷി ചെയ്യുന്നവരുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനായി ആ വിഭാഗത്തിലെ താരിഫ് പുനർനിർണ്ണയിക്കും. ഇതുവഴി പ്രതിവർഷം ഉണ്ടാകുന്ന 30 കോടി രൂപയുടെ അധിക ബാധ്യത ഏറ്റെടുക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് സർക്കാർ സാമ്പത്തിക സഹായം നൽകുന്നതാണ്.

83. ട്രാൻസ്ഗ്രിഡ്-2.0 പ്രസരണ സൗകര്യങ്ങൾ നടപ്പിലാക്കുന്നതിന്

ടോക്കൺ വിഹിതമായി ഒരു ലക്ഷം രൂപ വകയിരുത്തുന്നു. തുക മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട് എന്ന ശീർഷകത്തിൽനിന്നും ആവശ്യാനുസരണം പിൻവലിച്ച് ഉപയോഗിക്കാവുന്നതാണ്.

84. കബനീ നദിയുടെ പോഷകനദിയായ വൈത്തിരിപ്പുഴയുടെ ഊർജ്ജോത്പാദന സാധ്യത വർദ്ധിപ്പിക്കുവാൻ ഒരു പുതിയ പദ്ധതി ആരംഭിക്കും. ഇതിന്റെ സ്ഥാപിതശേഷി 60 മെഗാവാട്ടും വാർഷിക ഊർജ്ജോത്പാദനം 167.29 മെഗാ യൂണിറ്റുമാണ്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2016-17-ൽ 15 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

85. മൂവാറ്റുപുഴ നദീതട പ്രദേശത്തെ നിലവിലുള്ള വടക്കേപുഴ റിസർവോയറിൽനിന്നും അധിക ജലം പമ്പ് ചെയ്ത് ഇടുക്കി റിസർവോയറിലേക്ക് തിരിച്ചുവിട്ട് ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്ന ഒരു പുതിയ പദ്ധതി ആരംഭിക്കും. നിറഞ്ഞ് കവിഞ്ഞൊഴുകുന്ന ഈ അധികജലം മൂലമറ്റം പവർസ്റ്റേഷനിൽ ഊർജ്ജോത്പാദനത്തിന് വിനിയോഗിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി ആവശ്യമായ തുക വകയിരുത്തുന്നു.

86. വർദ്ധിച്ചുവരുന്ന ആവശ്യകതയും ഊർജ്ജ ഇവാക്യുവേഷൻ ആവശ്യങ്ങളും നേരിടുന്നതിനായി KSEBL പുതിയ ഉപസ്റ്റേഷനുകൾ, ലൈനുകൾ തുടങ്ങിയവയുടെ നിർമ്മാണവും നിലവിലുള്ള ഉപസ്റ്റേഷനുകളുടെ പദവി ഉയർത്താനും ഉദ്ദേശിക്കുന്നു. 280 കോടി രൂപ പ്രസരണം ഇനത്തിൽ വകയിരുത്തുന്നു.

87. വൈദ്യുതി വിതരണ പദ്ധതിയുടെ കീഴിലുള്ള പണികൾ പൂർത്തീകരിക്കുന്നതിനായി 190 കോടി രൂപ വകയിരുത്തുന്നു.

88. നഗര പ്രദേശങ്ങളിലെ വിതരണ സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഭാരത സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം ആവിഷ്കരിച്ച സംയോജിത ഊർജ്ജ വികസന പദ്ധതി നഗരപ്രദേശത്തെ വിതരണ ഉപപ്രസരണ ശൃംഖലകൾ മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു. എല്ലാ ജില്ലകളിലെയും 63 മുനിസിപ്പൽ ടൗണുകളിലായി ഇത് നടപ്പിലാക്കുന്നതിന് 160 കോടി രൂപ വകയിരുത്തുന്നു.

89. ഗ്രീൻബുക്ക് പ്രോജക്ടുകളുടെ ഭാഗമായി പൂവാർ മത്സ്യബന്ധന കോളനിയിൽ ഒരു മെഗാവാട്ട് മൈക്രോ വിൻഡ് പൈലറ്റ് പ്രോജക്ടിനും ചതുരംഗ പാറയിൽ മൈക്രോഗ്രിഡ് പ്രോജക്ടിനും 15.7 കോടി രൂപ

വകയിരുത്തുന്നു.

<u>അനർട്ട്</u>

90. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രചരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് അനർട്ട്. അനർട്ടിന്റെ വിവിധ പദ്ധതികൾക്കുവേണ്ടി 43.88 കോടി രൂപ ഈ ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നു.

<u>എനർജി മാനേജ്മെന്റ് സെന്റർ</u>

91. വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, വ്യവസായശാലകൾ, വാണിജ്യ സമുച്ചയങ്ങൾ, ഗാർഹിക മേഖലകൾ എന്നിവിടങ്ങളിൽ ഊർജ്ജം ലാഭിക്കൽ പ്രവർത്തനങ്ങളും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്ന നോഡൽ ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ. 7.4 കോടി രൂപ ഇതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുന്നു. ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2012 മുതൽ തുടർച്ചയായി ഈ കേന്ദ്രത്തിന് ലഭിച്ചുവരുന്നുവെന്നത് ശ്രദ്ധേയമാണ്.

എഫ്. <u>വ്യവസായങ്ങളും ധാതുക്കളും</u>

92. മതിയായ അടിസ്ഥാന സൗകര്യ വികസനം, നൈപുണ്യ വികസനം, സാങ്കേതിക വിദ്യയുടെ വളർച്ച, ഉൽപ്പന്നങ്ങളിലെ വൈവിദ്ധ്യത, വ്യവസായ മേഖലയിൽ ബിസിനസ് ഇൻകുബേറ്ററുകളുടെ സ്ഥാപനം, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് പ്രാധാന്യം നൽകുക എന്നീ കാര്യങ്ങളിൽ ഈ സർക്കാർ കൂടുതൽ ശ്രദ്ധ നൽകുന്നുണ്ട്. മൊത്തത്തിൽ വ്യവസായമേഖലയെ താരതമ്യം ചെയ്യുമ്പോൾ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ സ്ഥിരമായി ഉയർന്ന വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിവരുന്നത്.

<u>ഗ്രാമ- ചെറുകിട സംരംഭങ്ങൾ</u>

93. ചെറുകിട വ്യവസായ മേഖലയിൽ വിവിധ പ്രവർത്തനങ്ങൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുംവേണ്ടി 110.54 കോടി രൂപ നീക്കിവയ്ക്കുന്നു. ഇതിൽ MSME-ക്ക് 45.6 കോടി രൂപയും കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന് 7.5 കോടി രൂപയും സംരംഭക സഹായ പദ്ധതിക്ക് 45 കോടി രൂപയും സ്റ്റാർട്ടപ്പ് സബ്സിഡി 2 കോടി രൂപയും പരമ്പരാഗത മേഖലയ്ക്ക് തൊഴിൽ നൽകുന്നതിന് 2 കോടി രൂപയും നീക്കിവയ്ക്കുന്നു.

94. ഇൻഡസ്ട്രിയൽ പാർക്കുകളുടെ വികസനത്തിന് പി.പി.പി. മാതൃകയിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുന്നതാണ്. ഇതിനുവേണ്ടി അനുവദിക്കുന്ന തുക സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് വ്യവസായ പാർക്കുകൾ/പ്ലോട്ടുകൾ/എസ്റ്റേറ്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഈ പദ്ധതിക്ക് 2 കോടി രൂപ വകയിരുത്തുന്നു.

95. എറണാകുളം, തൃശ്ശൂർ പ്രദേശത്തെ വുഡ് ഫർണിച്ചർ യൂണിറ്റുകൾക്ക് പ്രാദേശിക ദേശീയ ആഗോളതലത്തിൽ വിപണി ബന്ധങ്ങൾ ഉണ്ടാക്കുവാൻ ലക്ഷ്യമിട്ട് ഇന്നവേറ്റീവ് ഇന്റർനാഷണൽ ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കും. കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ ബെനിഫിഷ്യറി യൂണിറ്റുകൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവ വ്യവസായ വാണിജ്യ മന്ത്രാലയത്തിന്റെ നിശ്ചിത മാർഗ്ഗരേഖ പ്രകാരം പദ്ധതി ചെലവിന്റെ പങ്ക് വഹിക്കുന്നതാണ്. ഈ പദ്ധതിക്ക് 1 ലക്ഷം രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്.

96. കാർഷിക വ്യവസായത്തിൽ നൂതനാശയങ്ങളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്റ്റാർട്ടപ്പുകളുടെ മുന്നേറ്റത്തിനായി ബിസിനസ് ഇൻകുബേഷൻ സെന്ററുകളുടെ ശൃംഖല സ്ഥാപിക്കുവാൻ

സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനുള്ള കേന്ദ്ര പദ്ധതിയാണ് ASPIRE. ഇതിനുള്ള പ്ലാന്റിന്റെയും മെഷിനറിയുടെയും ചെലവിന്റെ 50 ശതമാനം ഒറ്റത്തവണയായി ഭാരതസർക്കാർ നൽകുന്നതാണ്. ഈ തുക നിലവിലുള്ളവയ്ക്ക് 30 ലക്ഷവും പുതിയവയ്ക്ക് 1 കോടിയുമായി നിജപ്പെടുത്തിയിരിക്കുന്നു. ബാക്കിത്തുക സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ഇതിനായി ടോക്കൺ പ്രൊവിഷൻ വകയിരുത്തുന്നു.

97. വാണിജ്യ വികസനത്തിന് 3.5 കോടി രൂപയും കരകൗശലത്തിന് 5.5 കോടി രൂപയും കൈത്തറിയും -യന്ത്രത്തറിക്കും 70.73 കോടി രൂപയും കയർ വ്യവസായത്തിന് 117 കോടി രൂപയും ഖാദി-വില്ലേജ് വ്യവസായത്തിന് 13.99 കോടി രൂപയും കശുവണ്ടി വ്യവസായത്തിന് 45 കോടി രൂപയും 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. അതിനെക്കാൾ കൂടിയ തുക നൽകുന്നതാണ്.

98. വനിതാ സംരംഭക മിഷന്റെ വ്യാപനപദ്ധതിയുടെ ഭാഗമായി അങ്കമാലിയിലെ 5 ഏക്കർ ഭൂമിയിൽ ഒരു നിർമ്മാണ നിക്ഷേപ സോൺ KSIDC- യുമായി ചേർന്ന് ആരംഭിക്കുന്നതാണ്. വനിതാ സംരംഭകർക്കായി പശ്ചാത്തല സൗകര്യമൊരുക്കുന്നതിനായി 8 കോടി

രൂപ വകയിരുത്തി അങ്കമാലിയിൽ 30000 ചതുരശ്ര അടി വരുന്ന സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി തുണിവ്യവസായത്തിനുവേണ്ടി തുടങ്ങുന്നതാണ്.

99. യുവസംരംഭകർക്ക് സീഡ് ഫണ്ട്/ഏഞ്ചൽ ഫണ്ട് നൽകുന്നതിന് 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

100. ചേർത്തലയിൽ മെഗാ ഫുഡ് പാർക്കിന് 16 കോടി രൂപയും തിരുവനന്തപുരത്ത് ആഗോള ആയൂർവേദ വില്ലേജിനായി 7.5 കോടി രൂപയും രാമനാട്ടുകരയിൽ ഫുട്‌വെയർ പാർക്കിന് 8 കോടി രൂപയും ആമ്പല്ലൂരിലെ ഇലക്ട്രോണിക്സ് പാർക്കിന് 10 കോടി രൂപയും നീക്കിവയ്ക്കുന്നു.

101. ഒറ്റപ്പാലത്ത് പ്രതിരോധ പാർക്ക് സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുമായി ടോക്കൺ തുക വകയിരുത്തിയിരിക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സംസ്ഥാന വിഹിതം മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി എന്ന ശീർഷകത്തിൽനിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

102. തിരുവനന്തപുരം മുതൽ കാസർഗോഡുവരെ 570 കി.മീ. ദൂരത്തിൽ 71245 കോടി രൂപ അടങ്കൽ തുകയിൽ അതിവേഗ റെയിൽ ഇടനാഴി നിർമ്മിക്കുന്നതിന് ഡി.എം.ആർ.സി. സമർപ്പിച്ച ടേംസ് ഓഫ് റഫറൻസ് സർക്കാർ അംഗീകരിച്ചുകഴിഞ്ഞു. സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥത യിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷനാണ് ഈ പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി. ഇതിനായി ടോക്കൺ തുക നീക്കിവയ്ക്കുന്നു.

103. വ്യവസായ വികസന മേഖലയിലെ മുഖ്യ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും ടോക്കൺ തുക വകയിരുത്തുന്നു. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക മുഖ്യ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ എന്ന ശീർഷകത്തിൽനിന്നും പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

104. പ്രവർത്തന സാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനർജ്ജീവനത്തിനും പുനരുദ്ധാരണത്തിനുമായി 100 കോടി രൂപ വകയിരുത്തുന്നു.

105. സെറിഫെഡ്ഡിന് പട്ടുനൂൽ വ്യവസായ പുനഃസംഘടനയ്ക്കായി സംസ്ഥാന വിഹിതം അനുവദിക്കുന്നതാണ്.

106. എല്ലാ ജില്ലകളിലും വ്യവസായശാലകൾ സ്ഥാപിക്കുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു.

107. കിൻഫ്ര മുഖേന സംയോജിത വ്യവസായ പാർക്കുകൾ സ്ഥാപിക്കാനും അവയെ ഒരു ഏകജാലക ക്ലിയറൻസ് ബോർഡിനുകീഴിൽ കൊണ്ടുവരാനും ഉദ്ദേശിച്ചുള്ള ഒരു പുതിയ പദ്ധതിക്കായി 20 കോടി രൂപ വകയിരുത്തുന്നു.

108. കോഴിക്കോട് മാവൂർ ഗ്വാളിയർ റയോൺസിന്റെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പി.പി.പി. മോഡലിൽ സർക്കാർ വികസിപ്പിക്കുന്നതാണ്.

(വിവരസാങ്കേതിക വിദ്യയും ഇ-ഗവേർണൻസും)

പി.12-02-2016-ആർ.ഐ./ജെ.ജി.
10.00-10.10

(ബഡ്ജറ്റ് പ്രസംഗം.. തുടർച്ച)

## വിവരസാങ്കേതിക വിദ്യയും ഇ-ഗവർണൻസും

109. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ജനങ്ങൾക്ക്

മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിൽ കേരളം എന്നും മുൻപന്തിയിലാണ്. ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമാണ് കേരളം. ഇതിനുപുറമെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് 2015-ലെ CSI-നിഹിലന്റ് അവാർഡ് ഉൾപ്പെടെ വിവിധ ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹൈസ്പീഡ് ബ്രോഡ്ബാന്റ് കണക്റ്റിവിറ്റിയുള്ള ഇൻഡ്യയിലെ ആദ്യ സംസ്ഥാനവുമാണ് കേരളം. വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള വ്യാവസായിക സംരംഭങ്ങളാൽ സാമൂഹിക-സാമ്പത്തിക മേഖലകളിൽ കേരളം ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം 11000 കോടി രൂപയുടെ വിവരസാങ്കേതിക വിദ്യാ സേവനങ്ങൾ കയറ്റുമതി ചെയ്ത് ഈ വർഷം ഇത് ഏകദേശം 15000 കോടി രൂപയാകുമെന്ന് പ്രതീക്ഷിക്കുന്നു.

110. വിവരസാങ്കേതിക വിദ്യ മേഖലയ്ക്ക് വേണ്ടി 482.87 കോടി രൂപ വകയിരുത്തുന്നു. ഇതിൽ കേരള സംസ്ഥാന സാങ്കേതിക മിഷന് 94.59 കോടി രൂപയും, അക്ഷയ പദ്ധതിയ്ക്ക് 3 കോടി രൂപയും, ദേശീയ ഇ- ഗവർണൻസ് ആക്ഷൻ പദ്ധതിയ്ക്ക് 36.15 കോടി രൂപയും, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റിന് 30.5 കോടി രൂപയും, ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ്

സോഫ്റ്റ്‌വെയറിന് 2.2 കോടി രൂപയും, ടെക്നോപാർക്കിന് 76 കോടി രൂപയും, ഇൻഫോ പാർക്കിന് 61.61 കോടി രൂപയും, സൈബർ പാർക്കിന് 25.68 കോടി രൂപയും കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചറിന് 57.8 കോടി രൂപയും പാലായിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി - കേരളയ്ക്ക് 5 കോടി രൂപയും വകയിരുത്തുന്നു.

111. ഡോ. സാം പിത്രോദയുടെ 10 നിർദ്ദേശങ്ങളിൽ ഒന്നായിരുന്ന തിരുവനന്തപുരത്ത് നോളജ് സിറ്റി ആരംഭിക്കുക എന്നുള്ളത്. ബൗദ്ധിക സ്വത്തിന്റെ മൂല്യം വർദ്ധിപ്പിക്കുന്ന ഗവേഷണ വികസനങ്ങൾ, ഹൈ എൻഡ് അനലിറ്റിക്സ്, ഉത്പന്നത്തിന്റെ രൂപകൽപ്പന, ആരോഗ്യ സംരക്ഷണം, ഔഷധങ്ങൾ, ഇലക്ട്രോണിക്, ജൈവ സാങ്കേതികത എന്നീ വിജ്ഞാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി ടെക്നോപാർക്കിന്റെ അധീനതയിലുള്ള പള്ളിപ്പുറത്തെ ടെക്നോസിറ്റിയിൽ ഐ.ടി. വകുപ്പ് ഏകദേശം 150 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പി.പി.പി. മോഡലിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്ക് ക്കൺ തുക വകയിരുത്തുന്നു.

112. കേരളത്തിലെ യുവതലമുറയിലെ ബിരുദധാരികളുടെ മനോഭാവത്തിലുണ്ടായ മാറ്റത്തിന് ശക്തിപകരാൻ സംസ്ഥാന സർക്കാർ പ്രധാന പങ്ക് വഹിക്കാൻ

ഉദ്ദേശിക്കുന്നു. ഒരു പുതിയ എക്കോസിസ്റ്റത്തിൽ ഇൻക്യുബേഷൻസ് നടപ്പിലാക്കാനുദ്ദേശിക്കുന്നു. അതിനായി കളമശ്ശേരിയിലെ കിൻഫ്രാ ഹൈടെക് പാർക്കിൽ ടെക്നോളജി ഇന്നവേഷൻ സോൺ ആരംഭിച്ചുകഴിഞ്ഞു. ടെക്നോളജി ഇന്നവേഷൻ സോൺ നടത്തുന്നതിനായി ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്ററിന് 60 കോടി രൂപ വകയിരുത്തുന്നു.

113. സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കേണ്ട പ്രധാന മേഖലകളിൽ ഒന്നായി യുവജന സംരംഭകത്വ വികസനത്തെ കണ്ടെത്തിയിട്ടുണ്ട്. 40 കോടിരൂപ ഇതിലേയ്ക്കായി നീക്കിവയ്ക്കുന്നു. ഇതിൽ റാസ്ബെറിപൈ പ്രോഗ്രാമിന് 6.33 കോടി രൂപയും സ്റ്റാർട്ടപ് ബോക്സ് ക്യാമ്പയിന് 1 കോടി രൂപയും സ്റ്റാർട്ടപ് ബൂട്ട് ക്യാമ്പയിന് 2 കോടി രൂപയും സ്കൂളുകളിലും കോളേജുകളിലുമുള്ള താഴെത്തട്ടിലുള്ള യുവജന സംരംഭകത്വ വികസന പരിപാടികൾക്ക് 2.81 കോടി രൂപയും വകയിരുത്തുന്നു.

114. ഇൻഡ്യയ്ക്കാകെ മാതൃകയായി നമ്മുടെ സ്റ്റാർട്ടപ്പ് പദ്ധതി മാറി എന്നത് അഭിമാനകരമാണ്. യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാനുള്ള കേരളത്തിന്റെ പദ്ധതിയുടെ ചുവട് പിടിച്ചാണ് ദേശീയ തലത്തിൽപോലും ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സ്റ്റാർട്ടപ്പുകൾക്കുവേണ്ടിയുള്ള പെർഫോർമൻസ് ലിങ്ക്ഡ് സ്കീം തുടരുന്നതാണ്. അടുത്ത വർഷം 1000 സ്റ്റാർട്ടപ്പുകൾക്കുവേണ്ടി 25 കോടി

രൂപ വകയിരുത്തുന്നു.

115. ചെങ്ങന്നൂരിൽ ഒരു സൈബർ പാർക്ക് ഈ വർഷം ആരംഭിക്കുന്നതാണ്.

## ഗതാഗതവും വാർത്താവിനിമയവും

### തുറമുഖങ്ങൾ

116. ഈ ഉപമേഖലയ്ക്കുള്ള ആകെ പദ്ധതി അടങ്കൽ 126.01 കോടി രൂപയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ കപ്പൽ ഗതാഗത ടെർമിനൽ വികസനം പബ്ലിക് പ്രൈവറ്റ് പാർട്ടണർഷിപ്പ് രീതിയിൽ പശ്ചാത്തല വികസനത്തിന്റെ ഗണ്യമായ വിഹിതം സംസ്ഥാനം നിക്ഷേപിച്ചും, സ്വകാര്യ പങ്കാളികൾ ഓപ്പറേറ്റ് ചെയ്യുന്ന രീതിയിലും വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് പ്രോജക്ട്സ് എന്ന ശീർഷകത്തിൽനിന്നും ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്. ആയതിലേയ്ക്ക് ടോക്കൺ തുക വകയിരുത്തിയിട്ടുണ്ട്.

117. കപ്പൽ ഗതാഗതത്തിനായി തുറമുഖങ്ങളുടെ പശ്ചാത്തല വികസന പ്രവർത്തനത്തിനായി 76.5 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. തങ്കശ്ശേരി തുറമുഖത്തിനായി 15.7 കോടി രൂപ, കൊടുങ്ങല്ലൂർ-11.5 കോടി രൂപ, പൊന്നാനി 1.7 കോടി രൂപ, ബേപ്പൂർ ആന്റ് കോഴിക്കോട് 12.9 കോടി രൂപ,

അഴീക്കൽ 10.10 കോടി രൂപ, വിഴിഞ്ഞം കാർഗോ തുറമുഖം 24.6 കോടി രൂപ എന്ന കണക്കിലാണ് പ്രധാന വിഹിതങ്ങൾ മാറ്റി വച്ചിരിക്കുന്നത്.

118. സുഗമവും, സഞ്ചാരപ്രദവും, ചെലവു കുറഞ്ഞതും, ഫലപ്രദവുമായ രീതിയിൽ തുറമുഖങ്ങളിലൂടെയുള്ള ചരക്ക് നീക്കത്തിനായി നേരിട്ടും അല്ലാതെയും വികസനമൊരുക്കുന്ന "സാഗരമാല" എന്ന പുതിയ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി സഹായം ലഭിക്കുന്ന 'സാഗരമാല'യ്ക്കായി ടോക്കൺ തുക വകയിരുത്തിയിരിക്കുന്നു.

119. ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി 10 കോടി രൂപയും വർക്കല ചിലപ്പൂർ, പരപ്പനങ്ങാടി, വലിയ അഴീക്കൽ, അജാംന്നൂർ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി 20 കോടി രൂപയും വകയിരുത്തുന്നു.

120. പൂന്തുറ-വലിയതുറ തുറമുഖം പദ്ധതിയുടെ മാതൃകാ പഠനം പാരിസ്ഥിതിക പഠനം മുതലായവ പൂർത്തീകരിച്ചിരിക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ തിരക്ക് കുറച്ചുകൊണ്ട് പൂന്തുറ-വലിയതുറ ഭാഗത്തെ മത്സ്യബന്ധനം സുഗമമാക്കാനും മത്സ്യവിപണനം സാദ്ധ്യമാക്കാനും പൂന്തുറ-വലിയതുറ തുറമുഖം പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിലേയ്ക്കായി 10 കോടി രൂപ വകയിരുത്തുന്നു.

121. അഴീക്കൽ തുറമുഖം ഒരു മേജർ പോർട്ടായി വികസിപ്പിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

## റോഡുകളും പാലങ്ങളും

122. ഈ മേഖലയ്ക്ക് മുന്തിയ പ്രാധാന്യമാണ് സർക്കാർ നൽകി വരുന്നത്. റോഡുകളും പാലങ്ങളും എന്ന ഉപമേഖലയ്ക്കുള്ള ആകെ അടങ്കൽ 1206.21 കോടി രൂപയാണ്. നാന്നൂറ് ദിവസത്തിനുള്ളിൽ 100 പാലമെന്ന ഗവൺമെന്റിന്റെ പ്രഖ്യാപനം പൂർണ്ണമായും യാഥാർത്ഥ്യമായിക്കഴിഞ്ഞു. ആലുവ ശിവരാത്രി മണപ്പുറത്തിനടുത്തുള്ള മനോഹരമായ നൂറാമത്തെ പാലം ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം പൂർത്തിയാക്കി തുറന്നുകൊടുക്കും.

123. സംസ്ഥാനത്തെ ഓരോ ജില്ലയിലും ജില്ലാതല ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കേരളത്തിൽ വിൽക്കുന്ന പെട്രോളിന്റെയും, ഡീസലിന്റെയും വിൽപ്പനയിൽ ഏർപ്പെടുത്തിയ അധിക സെസ്സ് വരുമാനമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നീക്കിവച്ചിരിക്കുന്നത്. പെട്രോൾ/ഡീസൽ വിൽപ്പനയിൽ ഏർപ്പെടുത്തിയ ഒരു രൂപ അധിക സെസ്സിൽ 50 പൈസയാണ് പൊതുമരാമത്ത് വകുപ്പിന് ഈ പദ്ധതിയിൽ നിന്നു ലഭിക്കുന്നത്. പി.പി.പി ആന്വിറ്റി മോഡലിലും, നബാർഡിന്റെ ലോൺ

ഉപയോഗിച്ചുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 20 മെഗാ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് അനുമതി നൽകി കഴിഞ്ഞു. ഇതിൽ താഴെ പറയുന്ന പദ്ധതികളുടെ നിർമ്മാണപ്രവർത്തികൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതാണ്.

1. പ്രവാച്ചമ്പലം-വഴിമുക്ക്

2. ഹിൽ ഹൈവേ (ചെറുപുഴ-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട്)

3. ഹിൽ ഹൈവേ (നന്ദാരപ്പടവ്- ചെറുപുഴ)

4. നാട്ടുകാണി-വഴിക്കടവ്-നിലമ്പൂർ-എടവണ്ണ-മഞ്ചേരി-മലപ്പുറം-വേങ്ങര-തിരൂരങ്ങാടി-പരപ്പനങ്ങാടി റോഡ്

5. കായംകുളം കായലിന് കുറുകെ ആലപ്പുഴ കൊല്ലം ജില്ലകളെ ബന്ധിപ്പിക്കുന്ന വലിയഴീക്കൽ പാലം

6. കോടിമത-മണർകാട് ബൈപ്പാസ് റോഡ് നിർമ്മാണം ഒന്നാംഘട്ടം.

7. വൈറ്റില ഫ്ളൈഓവർ

8. കുണ്ടന്നൂർ ഫ്ളൈഓവർ

9. തൊണ്ടയാട് ഫ്ളൈഓവർ

10. രാമനാട്ടുകര ഫ്ളൈഓവർ

(തുടരും)

P.12.2.2016 DP-JG
10.10-10.20

ഒന്നാംഘട്ട പദ്ധതിക്കുള്ള എസ്റ്റിമേറ്റ് തുക 1609.4 കോടി രൂപയാണ്. കൂടാതെ 1060.1 കോടി രൂപ ചെലവിൽ പറയുന്ന രണ്ടാംഘട്ടമായിട്ടുള്ള 10 റോഡുകൾ താഴെപ്പറയുന്നവയാണ്.

1. ചവറ കെ.എം.എം.എൽ. ജംഗ്ഷൻ-കുറ്റിവട്ടം-അരിനെല്ലൂർ-പടപ്പനാൽ-കാരാളിമുക്ക്-കടപുഴ-കുണ്ടറ- ഐ.റ്റി.പാർക്ക്-കൊട്ടിയം റോഡ്

2.കരുതിക്കുളം-വെള്ളിയാമറ്റം-തൊടുപുഴ-ഞാറുകുറ്റി-വണ്ണപ്പുറം-ചെറുതോണി

3. പാലക്കാട് ലിങ്ക് ബൈപ്പാസുകൾ

4. കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് - ഷൊർണ്ണൂർ റോഡ്

5. മാനാഞ്ചിറ – വെള്ളിമാട് കുന്ന് റോഡ് നാലുവരി വികസനം

6.ഏനാത്ത്-ഏലംകുളം-ചന്ദനപ്പള്ളി-വള്ളിക്കോട്-വകയാർ-കോന്നി-തണ്ണിത്തോട്- ചിറ്റാർ-ആനമുഴി-പ്ലാപ്പള്ളി

7. പുല്ലേപ്പടി-തമ്മനം-എൻ.എച്ച്.ബൈപ്പാസ്

8.പടിഞ്ഞാറേക്കോട്ട തൃശ്ശൂർ ഫ്ലൈഓവർ

9.ചൂണ്ടൽ-ഗുരുവായൂർ-ചാവക്കാട് റോഡ് വികസനം

10. സുൽത്താൻബത്തേരി ബൈപ്പാസ്

124. ഈ സർക്കാർ ഏറ്റെടുത്തു നടപ്പിലാക്കിയ സീപോർട്ട്-എയർപോർട്ട് റോഡിന്റെ രണ്ടാം ഘട്ടം കളമശ്ശേരി എൻ.എ.ഡി. ജംഗ്ഷൻവരെ പൂർത്തിയായി വരുന്നു. മൂന്നാംഘട്ടം കളമശ്ശേരി എൻ.എ.ഡി. ജംഗ്ഷൻമുതൽ നെടുമ്പാശ്ശേരി വിമാനത്താവളംവരെയുള്ള റോഡിന്റെ നിർമ്മാണം ഈ വർഷം ആരംഭിക്കുന്നതാണ്. ഇതിനായി സ്ഥലമേറ്റെടുക്കലുൾപ്പെടെ ഏകദേശം 350 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനായി ഈ വർഷം 100 കോടി രൂപ വകയിരുത്തുന്നു.

125. സംസ്ഥാന ഹൈവേകളുടെ വികസനത്തിനും മെച്ചപ്പെടുത്തലിനുമായി 25 കോടി രൂപ വകയിരുത്തുന്നു. 600 കി.മീറ്റർ സംസ്ഥാന ഹൈവേകളുടെ ഉപരിതലം മെച്ചപ്പെടുത്തുക, അറ്റകുറ്റ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന ഹൈവേകളിലെ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണത്തിനായി തുക വകകൊള്ളിച്ചിട്ടുണ്ട്.

126. ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനത്തിനായി 7 കോടി രൂപ. ദേശീയപാത 47-ന്റെ ഭാഗമായ കരമന-കളിയിക്കാവിള റോഡിന്റെ വീതി കൂട്ടൽ, വെട്ടുറോഡ്-കഴക്കൂട്ടം പുനർ നിർമ്മാണം, ചേലേറി-മലപ്പുറം, കൊണ്ടോട്ടി ജംഗ്ഷൻ വികസനം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

127. ആറ്റിങ്ങൽ നഗരത്തിൽ നിലവിലെ റോഡ് ഭൂമി ഏറ്റെടുക്കാതെ വീതികൂട്ടുകയും അതൊരു മാതൃകാ പദ്ധതി എന്നനിലയിൽ മറ്റു സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതുമാണ്. അംഗീകൃത സ്ഥാപനങ്ങളായ നാറ്റ്പാക്ക്, കെ.എച്ച്.ആർ.ഐ. എന്നീ സ്ഥാപനങ്ങളുടെ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 18 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

128. തിരുവനന്തപുരം നഗരത്തിലെ പേരൂർക്കട, പട്ടം കവലകളിലെ കനത്ത ഗതാഗത തിരക്കുകാരണം യാത്രക്കാർ വളരെയധികം ദുരിതങ്ങൾ നേരിടുന്നു. പട്ടത്തും പേരൂർക്കടയിലും ഓരോ അണ്ടർപാസ് നിർമ്മിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നതാണ്.

129. 1106 കി.മീറ്റർ സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും പുനർനിർമ്മാണത്തിനുള്ള ഒരു പുതിയ പദ്ധതി വിഭാവനം ചെയ്യുന്നു. വിദേശ ധനകാര്യ ഏജൻസികളുടെ സഹായത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. 522.97 കോടി രൂപ ഈ പദ്ധതിക്കും കെ.എസ്.റ്റി.പി. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു.

130. പ്രധാന ജില്ലാ റോഡുകളുടെ വികസനത്തിനും മെച്ചപ്പെടുത്തലിനുമായി 75 കോടി രൂപയും ഈ റോഡുകളിലെ പാലങ്ങളുടെയും കലുങ്കുകളുടെയും

നിർമ്മാണത്തിനായി 15 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

131. നബാർഡ് സഹായത്തോടെ നിലവിൽ നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ഈ സ്കീമിന്റെതന്നെ കീഴിലുള്ള നിരീക്ഷണ പ്രവർത്തനങ്ങളുടെ തുക നൽകുന്നതിനുമായി 157.6 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്.

132. സംസ്ഥാന തലസ്ഥാന  പുനരുദ്ധാരണ പദ്ധതിയുടെ മാതൃകയിൽ (പി.പി.പി. അന്വിറ്റി) മറ്റ് നഗരങ്ങളിലെയും റോഡുകൾ പരമാവധി നീളത്തിൽ നിശ്ചിത ഗുണനിലവാരത്തിലും അനിയോജ്യമായ വാറന്റി വ്യവസ്ഥയിലും നിർമ്മിക്കുന്ന പദ്ധതിക്കായി 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ കോഴിക്കോട് നഗര റോഡുകളുടെ നവീകരണ പദ്ധതി, കോട്ടയം -ചേർത്തല ടൂറിസ്റ്റ് ഹൈവേ, സ്പീഡ് കേരള, സംസ്ഥാന റോഡ് നവീകരണ പദ്ധതി, കണ്ണൂർ ഗ്രീൻ ഫീൽഡ് റോഡ്, മട്ടന്നൂർ-അഞ്ചരക്കണ്ടി-തലശ്ശേരി റോഡ് (കണ്ണൂർ അന്തർദേശീയ വിമാനത്താവളം) നവീകരണ പദ്ധതി എന്നിവ ഉൾപ്പെടുന്നു.

133. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുത്ത സ്ഥലങ്ങളിൽ ജോലികൾ പുരോഗമിക്കുകയാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി ഈ പദ്ധതിയുടെ ചെലവ് വഹിക്കുന്നതാണ്. 2016-17 വാർഷിക ബഡ്ജറ്റിൽ ടോക്കൺ തുക ഇതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. അധിക തുക

ആവശ്യമായിവരുന്ന പക്ഷം മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് പ്രോജക്ട് എന്ന ശീർഷകത്തിൽനിന്നും ആവശ്യാനുസരണം ധനപുനഃക്രമീകരണം വഴി വിനിയോഗിക്കാവുന്നതാണ്.

134. പാലക്കാട് ജില്ലയിലെ കാൽവാകുളം സ്റ്റേഡിയം ബൈപ്പാസ് റോഡിന്റെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കും.

135. കുട്ടനാട്ടിലെ കൈനകരി പഞ്ചായത്തിലെ മുട്ടേൽ പാലം നിർമ്മിക്കുന്നതിനായി 10 കോടി രൂപ മാറ്റിവയ്ക്കുന്നു.

136. ആലുവയിലെ പെരിയാർ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനായി 30 കോടി രൂപ വകയിരുത്തുന്നു.

137. സംസ്ഥാനത്തിനായി ഒരു ബഹുമുഖ മാതൃകയിലുള്ള സംയോജിത ഗതാഗത സംവിധാനം വികസിപ്പിക്കുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ജനസാന്ദ്രതയും സ്ഥല ലഭ്യതക്കുറവുമാണ് റോഡ് വികസനത്തിനുള്ള പ്രധാന വെല്ലുവിളികൾ. കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റുന്ന രീതിയിൽ സ്ഥലം ഏറ്റെടുപ്പ് പരിമിതപ്പെടുത്തിക്കൊണ്ട് പ്രധാന ജില്ലാ ആസ്ഥാനങ്ങളെയും വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ടെർമിനലുകൾ മുതലായവയെ ബന്ധിപ്പിച്ച് കാസർഗോഡ് മുതൽ കോവളംവരെ ദേശീയ ജലപാത 3-ന്റെ പടിഞ്ഞാറുഭാഗത്തുകൂടി ഒരു പുതിയ എലിവേറ്റഡ് എക്സ്പ്രസ് നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനായി 50 ലക്ഷം

രൂപ അനുവദിക്കുന്നു.

138. കണ്ണൂർ ജില്ലയിലെ കൊട്ടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡ് കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. 25 കോടി രൂപയാണ് ഇതിനായി വരുന്ന തുക. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

139. തൊടുപുഴ ആറിൽ ആവോലി-ആരക്കുഴ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വള്ളിക്കട പാലം നിർമ്മിക്കുന്നതാണ്. ഇതിലേയ്ക്കായി 5 കോടി വകയിരുത്തുന്നതാണ്.

140. മണ്ണുത്തി-വിയ്യൂർ-അമലാനഗർ ബൈപ്പാസ് റോഡ് നിർമ്മാണം മുന്തിയ പരിഗണന നൽകി യാഥാർത്ഥ്യമാക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

141. മൂവാറ്റുപുഴ-പട്ടിമറ്റം കിഴക്കമ്പലം മുതൽ മനയ്ക്കകടവ് വരെ മികച്ച നിലവാരമുള്ള റോഡാക്കി മാറ്റുന്നതാണ്. ഇതിലേയ്ക്കായി 25 കോടി രൂപ വകയിരുത്തുന്നു.

142. 11 കോടി രൂപ ചെലവിൽ നെയ്യാറിനുകുറുകെ നെയ്യാറ്റിൻകരയിൽ കന്നിപ്പുറം പാലം പണിയുന്നതാണ്. ഇതിനായി 2016-17 ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തുന്നു.

143. കൊടുവള്ളി ബൈപ്പാസ് നിർമ്മാണത്തിനായി 2.5 കോടി രൂപ വകയിരുത്തുന്നു. കണ്ണൂർ ജില്ലയിലെ കച്ചേരിക്കടവ്, ചാണോകുണ്ട് പാലങ്ങൾ നിർമ്മിക്കാൻ 10 കോടി രൂപ വീതം വകയിരുത്തുന്നു.

144. കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതാണ്. ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവിനായി 20 കോടി രൂപ നീക്കിവയ്ക്കുന്നു.

145. ശ്രീകണ്ഠപുരം  നഗര വികസന പദ്ധതിക്കായി രണ്ട് കോടി രൂപ വകയിരുത്തുന്നു.

146. തൊടുപുഴ ടൗണിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഫ്ലൈഓവർ നിർമ്മിക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

147. തങ്കളം-കാക്കനാട് നാലുവരിപാതയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

148. കോട്ടയം ജില്ലയിലെ ഏറ്റവും തിരക്കേറിയ പാല-ഏറ്റുമാനൂർ ഹൈവെ നാലുവരി പാതയാക്കുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു. 2011-12 ബഡ്ജറ്റിൽ സ്റ്റേറ്റ് ഹൈവെയായി പ്രഖ്യാപിച്ചതും സർവ്വെ പൂർത്തിയാക്കിയതുമായ ശബരിമല -കളമശ്ശേരി റോഡിന്റെ പുനരുദ്ധാരണത്തിന് 25 കോടി രൂപ വകയിരുത്തുന്നു. മുത്തോലി-ഭരണങ്ങാനം റോഡിന്റെ ഒന്നാംഘട്ട പുനരുദ്ധാരണ

ത്തിന് 5 കോടി രൂപ വകയിരുത്തുന്നു.

149. ഉഴവൂർ- മോനിപ്പള്ളി - പെരുവ – ആപ്പാഞ്ചിറ – ആയാംകുടി - കല്ലറ – നീണ്ടൂർ - കൈപ്പുഴ – മാന്നാനം - കോട്ടയം മെഡിക്കൽ കോളേജ് - മിനിഹൈവെ റോഡ് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

150. പിറവം ടൗണിലെ ഗതാഗത കുരുക്കിന് പരിഹാരമായി മൂവാറ്റുപുഴ ആറിന് കുറുകെ പിറവത്ത് എക്സൈസ് കടവിൽ ഒരു പാലം നിർമ്മിക്കുന്നതാണ്. ഇതിനായി 40 കോടി രൂപ വകയിരുത്തുന്നു. കൊച്ചി തേവര അറ്റ്ലാന്റിസ് ഫ്ലൈഓവറിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

151. മണർകാട്-കിടങ്ങൂർ റോഡിൽ അയർകുന്നം ബൈപ്പാസിന് 5 കോടി രൂപ വകയിരുത്തുന്നു.

152. ചേർത്തല നെടുമ്പ്രാക്കാട് വിളക്കുമരം പാലം നിർമ്മിക്കുന്നതിന് 25 കോടി രൂപ വകയിരുത്തുന്നു.

153. തലശ്ശേരി-കുടുവള്ളി ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 5 കോടി രൂപ വകയിരുത്തുന്നു.

154. ആലുവ ബസ് സ്റ്റാന്റ് നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 2 കോടി രൂപയ്ക്ക് പുറമെ നിർമ്മാണം പൂർത്തിയാകാനാവശ്യമായ 4

കോടി രൂപകൂടി അനുവദിക്കുന്നു.

155. തൃപ്പൂണിത്തുറ-വൈക്കം റോഡ് (ഏറ്റുമാനൂർ-എറണാകുളം റോഡ് ) ഈ ഭാഗം നാലുവരി പാതയാക്കുന്നതാണ്. ഇതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു.

AR - 10.20-30

156. കാക്കനാട് കളക്ടറേറ്റിൽ നിന്നും കോതമംഗലം ടൗണുമായി ബന്ധിപ്പിക്കുന്ന കാക്കനാട് തങ്കളം റോഡിന്റെ അവസാന റീച്ചായ കാക്കനാട് ഐ.എം.ജി. മുതൽ വീഗാലാന്റ് വരെയുള്ള റോഡ് നിർമ്മാണത്തിനായി 5 കോടി രൂപ വകയിരുത്തുന്നു.

157. കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ ഒരു സാറ്റലൈറ്റ് സ്റ്റേഷനായി ഉയർത്തിയ സാഹചര്യത്തിൽ തൊട്ടടുത്തുള്ള ദേശീയ പാതയിലുള്ള ആനയറ ബസ് സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതിന് പാർവ്വതി പുത്തനാറിന് കുറുകെ ഒരു ബൈപ്പാസ് പാലം നിർമ്മിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

158. ദേശീയ സംസ്ഥാന പാതകളിലെ പ്രധാന ജംഗ്ഷനുകളിലെ ട്രാഫിക് കുരുക്കുകൾ പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി പ്രധാന ജംഗ്ഷനുകളിൽ ഫ്ലൈ

ഓവറുകളും/അണ്ടർ പാസേജുകളും നിർമ്മിക്കുന്നതാണ്.

## കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

159. കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും വർക്ക്ഷോപ്പ്, ഡിപ്പോകൾ എന്നിവയുടെ നവീകരണത്തിനുമായി 9 കോടി രൂപയും കമ്പ്യൂട്ടർവൽക്കരണത്തിനായി 11 കോടി രൂപയും ഡ്രൈവർമാർ, ടെക്നീഷ്യന്മാർ, ടെക്നിക്കൽ ജീവനക്കാർ എന്നിവരുടെ പരിശീലനത്തിനായി ഒരു കോടി രൂപയും നീക്കിവയ്ക്കുന്നു.

160. സംസ്ഥാന/അന്തർസംസ്ഥാന സേവനങ്ങൾക്കായി ഇന്ധനക്ഷമതയുള്ള പുതിയ സിംഗിൾ/മൾട്ടി ആക്സിൽ ബസുകൾ വാങ്ങുന്നതിനും, പ്രാരംഭ അടിസ്ഥാനത്തിൽ കൊച്ചി നഗരത്തിൽ സി.എൻ.ജി. ബസുകൾ ആരംഭിക്കുന്നതിനുമായി 19.61 കോടി രൂപ നീക്കിവയ്ക്കുന്നു.

## മോട്ടോർ വാഹന വകുപ്പ്

161. റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ഏഴ് ഡ്രൈവർ ട്രെയിനിംഗ് ട്രാക്കുകൾ സ്ഥാപിക്കുന്നതിനും റഡാർ സർവ്വയിലൻസ് സിസ്റ്റം സ്ഥാപിക്കുന്നതിനുമായി 15 കോടി രൂപ വകയിരുത്തുന്നു.

162. ഏഴ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 17.50 കോടി രൂപയും ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനായി 2 കോടി രൂപയും

വകയിരുത്തുന്നു.

ജലഗതാഗത വകുപ്പ്

163. പുതിയ ബോട്ടുകൾ വാങ്ങുന്നതിനും വെസ്സലുകൾ മാറ്റി വാങ്ങുന്നതിനുമായി സംസ്ഥാന ജലഗതാഗത വകുപ്പിന് 20 കോടി രൂപ വകയിരുത്തുന്നു.

164. ചങ്ങനാശ്ശേരി-ബോട്ടുജെട്ടി-ടൂറിസ്റ്റ് ബോട്ടുജെട്ടിയായി പ്രവർത്തിപ്പിക്കുകയും ബന്ധപ്പെട്ട തോടുകളെ ടൂറിസ്റ്റ് ജലപാതകളായി വികസിപ്പിക്കുകയും ആദ്യഘട്ടത്തിൽ വിദേശ ടൂറിസ്റ്റുകൾക്കും ആഭ്യന്തര ടൂറിസ്റ്റുകൾക്കും വേണ്ടി ഷിക്കാര വള്ളങ്ങൾ ക്രമീകരിക്കുകയും ചെയ്യും. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

**കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ്**

165. കേരള സർക്കാരിന്റെ ശിപാർശ പ്രകാരം ദേശീയ ജലപാത തൃശ്ശൂരിലെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ ദീർഘിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ, ആലപ്പുഴ-കോട്ടയം കനാൽ, കോട്ടയം-വൈക്കം കനാൽ, അതിരമ്പുഴ കനാൽ എന്നിവയും ദേശീയ ജലപാതയായി പരിഗണിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

166. കേരള കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷന്റെ വിവിധ

പ്രവർത്തനങ്ങൾക്കായി 125.32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

167. ഉൾനാടൻ കനാൽ സ്കീമുകളായ കൊല്ലം-കോവളം ഭാഗത്തിന് 10 കോടി രൂപയും കോട്ടപ്പുറം-നീലേശ്വരം ഭാഗത്തിന് 20 കോടി രൂപയും ക്രോസ് സ്ട്രക്ചറുകളുടെ നിർമ്മാണത്തിന് 28 കോടി രൂപയും വകയിരുത്തുന്നു.

168. ഉൾനാടൻ ജലപാതയിലൂടെയുള്ള ചരക്ക് നീക്കം പ്രോത്സാഹിപ്പിക്കാനായി സർക്കാർ ഒരു ടൺ ചരക്കിന് കിലോമീറ്ററിന് ഒരു രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതാണ്. ഇത് ഇന്ത്യയിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാനം ജലഗതാഗത നീക്കത്തിന് സബ്സിഡി അനുവദിക്കുന്നത്.

169. ഭാരം കൂടിയതും അപകടകരവുമായ ചരക്കുകൾ റോഡ് മാർഗത്തിൽ നിന്നും ഉൾനാടൻ ജലമാർഗം തിരിച്ചുവിടുന്നത് പ്രോൽസാഹിപ്പിക്കുവാൻ ഈ മാർഗ്ഗം ഉപയോഗിക്കുന്നവർക്ക് ആകർഷകമായ പ്രോത്സാഹന സബ്സിഡി ഏർപ്പെടുത്തുന്നതിനായി ഉൾനാടൻ ജലഗതാഗത പ്രൊമോഷൻ ഫണ്ട് എന്ന പുതിയ പദ്ധതി ആരംഭിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

170. കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി 12.02 കോടി രൂപ വകയിരുത്തുന്നു. പുതിയ പദ്ധതിയായ കാർഗോ ബാർജുകളുടെ നിർമ്മാണത്തിനായി 5.5 കോടി രൂപ

വകയിരുത്തുന്നു. ക്രൂയിസ് വെസൽ നിർമ്മാണം, കൊച്ചിയിലെ കനാലുകളുടെ വികസനം എന്നിവയ്ക്ക് ടോക്കൺ പ്രൊവിഷൻ വകയിരുത്തുന്നു.

കനാൽ ടൂറിസം

171. കേരളത്തിലുടനീളം വ്യാപിച്ചുകിടക്കുന്ന 630 കിലോമീറ്ററിൽ അധികമുള്ള ജലപാതയിൽ പലഭാഗങ്ങളിലായി 420 കിലോമീറ്ററോളം ഗതാഗതയോഗ്യമാണ്. ഇതിൽ തൃശ്ശൂരിലെ കോട്ടപ്പുറം മുതൽ കൊല്ലം വരെ നീണ്ടുകിടക്കുന്ന 205 കിലോമീറ്റർ പൂർണ്ണമായും ഉപയോഗത്തിലുള്ളതാണ്. കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി നിക്ഷേപ സൗകര്യം ഒരുക്കുന്നതിന് 'മാഗ്നിഫിസന്റ് കനാൽസ് ഓഫ് കേരള' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കും. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായുള്ള ഈ പദ്ധതിയിൽ പി.പി.പി. അടിസ്ഥാനത്തിൽ ഹൗസ്ബോട്ടുകൾ, 'ഹോപ്പ് ഓൺ ഹോപ്പ് ഓഫ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റു വിനോദോപാധികൾ ഒരുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

മറ്റു ഗതാഗത സേവനങ്ങൾ

172. കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യവികസനം, കൊച്ചി

നഗരത്തിലെ മെട്രോ റെയിൽ പദ്ധതി, കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി, സബർബൻ റെയിൽ കോറിഡോർ, വൈറ്റില മൊബിലിറ്റി ഹബ്, തിരുവനന്തപുരം മൾട്ടി മോഡൽ എയർപോർട്ട് ഹബ് എന്നിവയ്ക്ക് ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. ആവശ്യമായ തുക, മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പ്രോജക്ടുകൾ എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ ഗൾഫ് മേഖലയിലേയ്ക്കുള്ള എയർ കേരള സർവ്വീസ് ആരംഭിക്കുവാൻ 10 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാനത്ത് ഹെലികോപ്റ്റർ സർവ്വീസ് ആരംഭിക്കുന്നതിന് ഹെലിപാഡ് നിർമ്മാണത്തിന്റെ പ്രാരംഭ ചെലവിനായി 10 കോടി രൂപ അനുവദിക്കുന്നു.

173. കൊച്ചിയിലെ സംയോജിത ജലഗതാഗത സംവിധാനം, ബേക്കലിലെ എയർസ്ട്രിപ്പ് എന്നീ രണ്ട് പുതിയ പദ്ധതികൾക്ക് ടോക്കൺ വിഹിതം വകയിരുത്തുന്നു. ആവശ്യമായ തുക മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് പ്രോജക്ടുകൾ എന്നീ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതാണ്.

174. തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള അതിവേഗ റെയിൽ ഇടനാഴിയുടെ സാധ്യതാപഠനം ഈ വർഷം പൂർത്തിയാക്കുന്നതാണ്.

175. കേരളത്തിന്റെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനായി കേരള

സർക്കാർ 51 ശതമാനവും ഇന്ത്യൻ റെയിൽവേ 49 ശതമാനവും ഓഹരി മൂലധനം മുടക്കി ഒരു സംയുക്ത സംരംഭം ആരംഭിക്കുന്നതാണ്. ടോക്കൺ പ്രൊവിഷനായി 1 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു. ശബരി റെയിൽവേ, നിലമ്പൂർ-സുൽത്താൻ ബത്തേരി-നഞ്ചംഗഡ് ലൈൻ എന്നിവ മുൻഗണന നൽകി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

176. കോട്ടയം-കോടിമത മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

## വിനോദസഞ്ചാരം

177. ഇന്ത്യയിലെ ഏറ്റവും മഹത്തരമായ വിനോദസഞ്ചാര കേന്ദ്രമാണ് "ദൈവത്തിന്റെ സ്വന്തം നാട്" എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളം. കേരളത്തിന്റെ വിനോദ സഞ്ചാര വ്യവസായം, പശ്ചാത്തല വികസനം സാധ്യമാക്കുന്നതിലുപരി സന്തുലിതവും സ്ഥായിയായതുമായ പ്രാദേശിക വളർച്ചയും ഉറപ്പാക്കുന്നു. വിനോദ സഞ്ചാര മേഖലയിൽ ഈ സാമ്പത്തിക വർഷത്തിൽ 24 വിവിധ സംസ്ഥാന സ്കീമുകൾ നടപ്പാക്കാനായി 311.57 കോടി രൂപ വകയിരുത്തുന്നു.

178. കെ.റ്റി.ഡി.സി.ക്ക് 6.5 കോടി രൂപയും ഡി.റ്റി.പി.സി.ക്ക് 6.05 കോടി രൂപയും 8.5 കോടി രൂപ മനുഷ്യ വിഭവശേഷി വികസനത്തിനും 35 കോടി

രൂപ മാർക്കറ്റിംഗിനും 7.5 കോടി രൂപ കൊച്ചി മുസിരിസ് ബിനാലെയുടെ നടത്തിപ്പിനുമായി ഈ വർഷം വകകൊള്ളിച്ചിട്ടുണ്ട്.

179. സംസ്ഥാനത്ത് നിലവിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പുതിയതും അധികം അറിയപ്പെടാത്തതുമായ കേന്ദ്രങ്ങൾ ഡി.പി.ആർ. അധിഷ്ഠിതമാക്കി പി.പി.പി. മാതൃകയിൽ വികസിപ്പിക്കാനായി 25 കോടി രൂപ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നു.

180. വിനോദസഞ്ചാര മേഖലയിൽ 18 കോടി രൂപ ഹെറിറ്റേജ് ആന്റ് സ്പൈസ് റൂട്ട് പ്രോജക്ടിനായി നീക്കിവയ്ക്കുന്നു.

181. വർക്കലയുടെ സമഗ്ര അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനായി 2.75 കോടി രൂപ നീക്കിവച്ചിരിക്കുന്നു.

182. കേന്ദ്ര സർക്കാരിന്റെ കൂടി സഹായത്തോടെ 300 കോടി രൂപയുടെ ടൂറിസം പദ്ധതികൾ 2016-17 കാലഘട്ടത്തിൽ നടപ്പാക്കുന്നതാണ്.

1. ഗവി-വാഗമൺ-തേക്കടി ഇക്കോടൂറിസം പദ്ധതി (100 കോടി)
2. ശ്രീ പത്മനാഭ, ആറന്മുള തീർത്ഥാടന ടൂറിസം സർക്യൂട്ട് (100 കോടി)
3. എരുമേലി-പമ്പ-സന്നിധാനം തീർത്ഥാടന സർക്യൂട്ട് (100 കോടി)

183. ആഭ്യന്തര ടൂറിസ സൗകര്യങ്ങൾ വിപുലീകരിക്കാനായി ഗുരുവായൂർ,

കൽപ്പറ്റ, പാലക്കാട്, മൂന്നാർ, തേക്കടി, ആലപ്പുഴ ബീച്ച്, കൊല്ലം ആശ്രാമം മൈതാനം, വർക്കല, കുമരകം, കാസർകോട് എന്നിവിടങ്ങളിൽ ഹെലിപാഡുകൾ നിർമ്മാൻ നടപടി സ്വീകരിക്കുന്നതാണ്.

184. കട്ടപ്പന ഗ്രീൻ ടൂറിസം പ്രോജക്ട് എന്ന ഒരു പുതിയ വിനോദസഞ്ചാര പദ്ധതി ഇടുക്കി ജില്ലയിൽ ആരംഭിക്കുന്നതാണ്.

185. വിനോദസഞ്ചാര കേന്ദ്രമായ നെയ്യാർ ഡാമിനെ തീർത്ഥാടന കേന്ദ്രമായ അരുവിപ്പുറവുമായി ബന്ധിപ്പിക്കുന്ന നെയ്യാർഡാം-അരുവിപ്പുറം റോഡ് പുനരുദ്ധാരണത്തിനായി വിനോദ സഞ്ചാര വകുപ്പിന് 20 കോടി രൂപ പ്രത്യേകമായി വകയിരുത്തുന്നു.

186. അറിയപ്പെടാത്ത വിനോദസഞ്ചാര പ്രദേശങ്ങളുടെ വികസനം സാധ്യമാക്കുന്ന പദ്ധതിയിൽ കോട്ടയം ഗ്രീൻ ടൂറിസം സർക്യൂട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതാണ്. ഇതിനായി 25 കോടി രൂപ വകയിരുത്തുന്നു.

12.02.2016 -GK-KM
10.30-10.40

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ്

187. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് ഏഴ് പദ്ധതികൾ നടപ്പിലാക്കാനായി 99.79 കോടി രൂപ അനുവദിക്കുന്നു.

188. കരമന നദീതട പ്രദേശത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിക്ക് 8 കോടി രൂപ.

189. റീജിയണൽ കാൻസർ സെന്ററിന് പശ്ചാത്തല സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 59.35 കോടി രൂപ.

190. ആവാസ വ്യവസ്ഥയും, പരിസ്ഥിതിയും സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കായി 29.42 കോടി രൂപ.

191. പാലായിൽ സ്ഥാപിക്കുന്ന ഇൻഫോസിറ്റിയുടെ തുടർനടപടികൾക്ക് 25 കോടി രൂപ.

<u>വിദ്യാഭ്യാസം</u>

192. സംസ്ഥാനത്തിന്റെ 12-ാം പഞ്ചവത്സര പദ്ധതി, വിദ്യാഭ്യാസത്തിന് പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസത്തിന് അതിപ്രധാനമായ സ്ഥാനം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾക്കുള്ള തുക വകയിരുത്തുന്നതിൽ ഗണ്യമായ വർദ്ധനവ് 12-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. വിദ്യാഭ്യാസ മേഖലയ്ക്കായി 2016-17 സാമ്പത്തിക വർഷം 1330.79 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 502.51 കോടി രൂപ സ്കൂൾ വിദ്യാഭ്യാസത്തിനും 592.87 കോടി രൂപ

ഉന്നതവിദ്യാഭ്യാസ മേഖലയിലും, 235.41 കോടി രൂപ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലുമാണ് വകയിരുത്തിയിട്ടുള്ളത്.

193. വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് വിദ്യാഭ്യാസ ലോണുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് ഇന്ന് ഏറ്റവും മുഖ്യമായിട്ടുള്ള പ്രശ്നം. അതിന് ഈ ബഡ്ജറ്റിൽ ഏറ്റവും ഫലപ്രദമായ ഒരു സ്കീം ദേശസാൽകൃത ബാങ്കുകളുടെ ഷെഡ്യൂൾഡ് ബാങ്കുകളുടെയെല്ലാം സഹായത്തോടുകൂടി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ബാങ്കുകളുടെ സഹകരണത്തോടെ വിദ്യാഭ്യാസ സഹായത്തിനായി ഒരു ബൃഹത് പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇത് മൂന്ന് തലത്തിൽ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒന്ന്, ഇന്ത്യയ്ക്കകത്ത് പഠിക്കുന്ന കുട്ടികൾ എടുക്കുന്ന വാർഷിക വായ്പകൾ കൃത്യസമയത്ത് അടയ്ക്കുകയാണെങ്കിൽ അവസാനത്തെ രണ്ട് തവണ, അതായത് 12 മാസത്തവണകളിൽ 10 വായ്പ എടുക്കുന്നവർ അടയ്ക്കണം, രണ്ട് സർക്കാർ തിരിച്ചു നൽകുന്നതാണ്. ഇപ്പോൾ ഈ ലോൺ കോളേജുകളിൽ മാത്രമേയുള്ളൂ. ഐ.ടി.ഐ. യിലും പോളിടെക്നിക്കിലും കൂടി വ്യാപകമാക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പോളിടെക്നിക്കുകളിലും ഐ.ടി.ഐ.കളിലും പഠിക്കുന്ന കുട്ടികൾക്കും പലിശയിളവ് പദ്ധതി കേരള സർക്കാർ

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മൂന്ന്, ആയിരക്കണക്കിന് പാവപ്പെട്ട കുട്ടികൾക്ക് വായ്പ തിരിച്ചടയ്ക്കുവാൻ നിർവ്വാഹമില്ലാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ കുടിശ്ശികയായി വരുന്ന വായ്പാ തുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശ്ശികയായ വായ്പാ തുക തിരിച്ചടയ്ക്കാൻ സർക്കാർ സഹായിക്കുന്നതാണ്. ഈ ഉദ്യമങ്ങൾക്കായി 200 കോടി രൂപ വകയിരുത്തുന്നു. ബാങ്കുകൾ സാമൂഹിക പ്രതിബദ്ധതയോടെ പിഴ പലിശ ഉൾപ്പെടെ പരമാവധി ഇളവ് നൽകി സംസ്ഥാന ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നായ ഇതിനോട് സഹകരിക്കുമെന്ന് പ്രത്യാശിക്കുന്നു. ഈ പദ്ധതിയെ കേന്ദ്ര ഗവൺമെന്റിന്റെ വിദ്യാഭ്യാസ വായ്പാ സ്കീമുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>സ്കൂൾ വിദ്യാഭ്യാസം</u>

194. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 64.45 കോടി രൂപയും, വിദ്യാഭ്യാസ രംഗത്തെ മികവ് ഉറപ്പാക്കാൻ 10.66 കോടി രൂപയും വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ നടത്താൻ 40.1 കോടി രൂപയും നീക്കിവയ്ക്കുന്നു.

195. സംസ്ഥാനത്തെ 100 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക്

ഉയർത്തുന്നതിനായി 14 കോടി രൂപ മാറ്റിവയ്ക്കുന്നു.

196. തിരുവനന്തപുരത്തെ ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ കീഴിലുള്ള ജി.വി.എച്ച്.എസ്.എസ്. കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 17 കോടി രൂപ വകയിരുത്തുന്നു.

197. പേരാവൂരിൽ ഒരു എ.ഇ.ഒ. ഓഫീസ് പ്രവർത്തനമാരംഭിക്കുന്നതാണ്. ഇതിന്റെ പ്രവർത്തനത്തിനായി തുക മാറ്റിവയ്ക്കുന്നു.

<u>തൊഴിലധിഷ്ഠിത വിദ്യാഭ്യാസം</u>

198. ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പരിപാടികൾക്കും, വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുമായി 12.9 കോടി രൂപ വകയിരുത്തുന്നു.

<u>ഹയർ സെക്കന്ററി വിദ്യാഭ്യാസം</u>

199. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന വികസനത്തിന് 66 കോടി രൂപയും അദ്ധ്യാപനം മെച്ചപ്പെടുത്തുന്നതിന് 5.3 കോടി രൂപയും, വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടികൾക്കായി 7 കോടി രൂപയും, സ്കോളർഷിപ്പ് ഇനത്തിൽ 7 കോടി രൂപയും നീക്കി വയ്ക്കുന്നു.

200. നബാർഡിന്റെ ആർ.ഐ.ഡി.എഫ്.ൽ നിന്നും ലഭ്യമാകുന്ന സാമ്പത്തിക സഹായം ഉപയോഗിച്ച് സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി 12 കോടി രൂപ വകയിരുത്തുന്നു.

201. ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ മന്ദിര നിർമ്മാണത്തിനായി രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

202. കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന് 60 കോടി രൂപയും, അദ്ധ്യാപകരുടെ പരിശീലനമുൾപ്പെടെ വിദ്യാഭ്യാസ വികസനത്തിനായി 21.76 കോടി രൂപയും ഉച്ചഭക്ഷണ പദ്ധതിക്കായി 106.06 കോടി രൂപയും സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

203. താന്നൂർ, കാട്ടിലങ്ങാടി ജി.എച്ച്.എസ്.എസ്. ഗ്രൗണ്ടിൽ ദേശീയ നിലവാരമുള്ള സ്റ്റേഡിയം നിർമ്മിക്കുന്നതിന് 2 കോടി രൂപ മാറ്റിവയ്ക്കുന്നു.

204. കോട്ടയ്ക്കൽ ഗവ. രാജാസ് ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലാനറ്റേറിയവും സയൻസ് പാർക്കും നിർമ്മിക്കും. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

205. കുഴിമണ്ണ വെരകമണ്ണ ഗവ. ഹയർ സെക്കന്ററി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതാണ്. ഇതിലേയ്ക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

<u>ഉന്നത വിദ്യാഭ്യാസം</u>

206. സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾക്ക് നീക്കിവച്ചിരിക്കുന്ന വിഹിതം താഴെപ്പറയുന്നു.

കേരള യൂണിവേഴ്സിറ്റി 24.6 കോടി, കാലിക്കറ്റ് യൂണിവേഴ്സിറ്റി 23.5 കോടി,

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി 23.75 കോടി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 14 കോടി, കണ്ണൂർ യൂണിവേഴ്സിറ്റി 23.7 കോടി, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് 6.5 കോടി, മലയാളം യൂണിവേഴ്സിറ്റി 7.65 കോടി രൂപ.

207. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് വേണ്ടി 13.5 കോടി രൂപയും കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന് വേണ്ടി 8 കോടി രൂപയും നീക്കിവയ്ക്കുന്നു.

208. സംസ്ഥാനത്തെ ഉന്നത നിലവാരം പുലർത്തുന്ന 10 കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്താൻ 12 കോടി രൂപ നീക്കിവയ്ക്കുന്നു.

209. കേരളത്തിൽ വ്യത്യസ്ത മാനേജ്മെന്റുകൾക്ക് വിവിധ എയ്ഡഡ് കോളേജുകൾ ഉണ്ടെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗ മാനേജ്മെന്റിൽ ഒരു എയ്ഡഡ് കോളേജും ഇതുവരെ ആരംഭിച്ചിട്ടില്ല. ഈ കുറവ് പരിഹരിക്കാനായി ഈ വർഷം മൂന്ന് കോളേജുകൾ പട്ടികജാതി വിഭാഗത്തിന് അനുവദിക്കാൻ കഴിഞ്ഞതിൽ ഗവൺമെന്റിന് അഭിമാനമുണ്ട്. ഭാവിയിലും ഒരു കോളേജുമില്ലാത്ത പിന്നോക്ക വിഭാഗങ്ങൾക്ക് കോളേജ് അനുവദിക്കാൻ മുൻഗണന നൽകുന്നതാണ്.

210. പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും കൂട്ടായി

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്). ഹയർ സെക്കന്ററിയിലും വിവിധ ആർട്സ് & സയൻസ് കോളേജുകളിലും പഠിക്കുന്ന ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് വ്യവസായ/വാണിജ്യ മേഖലകളിൽ നൈപുണ്യം നേടിക്കൊടുക്കുവാനാണ് 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ലക്ഷ്യമിടുന്നത്. 234.68 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി നീക്കിവച്ചിട്ടുണ്ട്.

211. സർക്കാർ കോളേജുകൾ ആധുനികവത്കരിക്കുന്നതിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് എറണാകുളം മഹാരാജാസ് കോളേജ് സംസ്ഥാനത്തെ ആദ്യത്തെ ഡിജിറ്റൽ കോളേജ് ആക്കുന്നതിനുള്ള നടപടികൾ 2016-17-ൽ ആരംഭിക്കുന്നതാണ്. ഇതിലേയ്ക്കായി 3 കോടി രൂപ വകയിരുത്തുന്നതാണ്.

212. നൂറ് വർഷം പൂർത്തിയാക്കിയ ഗവൺമെന്റ്-എയ്ഡഡ് കോളേജുകൾക്ക് 2016-17 അദ്ധ്യയന വർഷത്തിൽ ഓരോ പുതിയ കോഴ്സുകൂടി അനുവദിക്കുന്നതാണ്.

213. കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് ഒരു ഡീംഡ് യൂണിവേഴ്സിറ്റി ആക്കി മാറ്റി പ്രവർത്തനം വിപുലീകരിക്കുന്നതാണ്.

214. വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 22 ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകൾ ഈ വർഷം അനുവദിച്ചിട്ടുണ്ട്. 6 എയ്ഡഡ് കോളേജുകൾക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. മലയാളം സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല എന്നിവ സ്ഥാപിക്കുകയും 320 പുതിയ കോഴ്സുകൾ സർക്കാർ/എയ്ഡഡ് കേളേജുകളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാവപ്പെട്ടവർക്കും പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും ഉന്നത വിദ്യാഭ്യാസ സൗകര്യം പതിന്മടങ്ങ് മെച്ചപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സർക്കാർ ആരംഭിച്ച നൈപുണ്യ വികസന പദ്ധതി ദേശീയ തലത്തിൽ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. 160 കോടി രൂപയുടെ സംസ്ഥാന മുതൽ മുടക്കിൽ പാലക്കാട് പുതിയ IIT യാഥാർത്ഥ്യമായി കഴിഞ്ഞു.

<u>കലയും സംസ്കാരവും</u>

215. വളരെ സമ്പന്നമായ കലാസാംസ്കാരിക പൈതൃകം കേരളത്തിനുണ്ട്. കലാരൂപങ്ങളുടെ പ്രോത്സാഹനത്തിനും, വളർച്ചയ്ക്കുമായി ധാരാളം സ്ഥാപനങ്ങൾ സജീവമായി പ്രവർത്തിച്ചുവരുന്നു. കലാ സാംസ്കാരിക മേഖലയുടെ വികസനത്തിനായി 91.22 കോടി രൂപ വകയിരുത്തുന്നു.

216. തിരുവനന്തപുരത്ത് വൈലോപ്പിള്ളി ഭവൻ കോമ്പൗണ്ടിൽ വിവിധ

സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആസ്ഥാന മന്ദിരത്തിനായി ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കാനായി 10 കോടി രൂപ വകയിരുത്തുന്നു.പി. 12.06.2016

ബി.എസ്./കെ.എം.
10.40-10.50

217. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 4 കോടി രൂപയും സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് 3.65 കോടി രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

218. കേരള കലാമണ്ഡലത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് താളിയോലകളുടെ ഡിജിറ്റലൈസേഷൻ, ഗ്രന്ഥശാലാ നവീകരണം, ഓഫീസ് ഓട്ടോമേഷൻ, കൂത്തമ്പലത്തിന്റെ നവീകരണം തുടങ്ങിയവ ഉൾപ്പെടെ 9.65 കോടി രൂപ നീക്കിവയ്ക്കുന്നു.

219. ഗാന്ധി സേവാ സദനം കഥകളി അക്കാഡമിയുടെ വാർഷിക ഗ്രാന്റ് 10 ലക്ഷം രൂപ അധികമായി വർദ്ധിപ്പിക്കുന്നു.

220. കാഴ്ചബംഗ്ലാവുകളുടെയും മൃഗശാലകളുടെയും വികസനത്തിനായി പ്രത്യേകിച്ച് തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി 18.35 കോടി രൂപ നീക്കിവയ്ക്കുന്നു.

221. ശ്രീനാരായണ ഗുരുവിന്റെ ജീവിതത്തിലെ അവിസ്മരണീയമായ

മുഹൂർത്തങ്ങളേയും ചരിത്ര സംഭവങ്ങളെയും പുനരാവിഷ്കരിക്കുന്ന ശ്രീനാരായണ മ്യൂസിയം ശിവഗിരിയിൽ സ്ഥാപിക്കും. ഗുരുദേവനും ഗാന്ധിജിയും ആദ്യമായി മുഖാമുഖം കൂടിക്കാഴ്ച നടത്തിയ വനജാക്ഷി മന്ദിരവും മഹാസമാധിക്ക് മൂന്ന് ദിവസം മുമ്പുവരെ രോഗ ശയ്യയിൽ കിടന്ന മുതലിയാർ സത്രവും മഹാത്മാഗാന്ധി ആദ്യമായി ശിവഗിരിയിൽ എത്തിയപ്പോൾ വിശ്രമിച്ച കാട്ടുവിളാകവും ബന്ധപ്പെടുത്തിയാണ് മ്യൂസിയം നിർമ്മിക്കുക. ഇതിലേയ്ക്കായി 3 കോടി രൂപ നീക്കിവയ്ക്കുന്നു.

222. മലപ്പുറത്തിന്റെ ചരിത്ര പശ്ചാത്തലം കണക്കിലെടുത്ത് പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതാണ്. ഇതിലേയ്ക്കായി ഒരു കോടി രൂപ നീക്കിവയ്ക്കുന്നു.

223. പി.എൻ. പണിക്കർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് സീഡ് ക്യാപ്പിറ്റലായി 10 ലക്ഷം രൂപ അനുവദിക്കുന്നു.

224. പാലായിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മന്നം കൾച്ചറൽ സ്റ്റഡി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്. ഇതിലേയ്ക്കായി 25 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

225. ഹജ്ജ് കമ്മിറ്റിക്കുള്ള സർക്കാർ ഗ്രാന്റ് 1.5 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

## സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ധനസഹായം

വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പേരും ഓരോ സ്ഥാപനത്തിനും അനുവദിച്ചിട്ടുള്ള തുകയും ഉൾക്കൊള്ളുന്ന ഭാഗം ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. നാല് പേജുണ്ട്. ഇത് വായിച്ചതായി കണക്കാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

226. വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്മാരകങ്ങൾക്കും അക്കാദമികൾക്കും താഴെപ്പറയുന്ന പ്രകാരം ബഡ്ജറ്റിൽ തുക വകയിരുത്തുന്നു.

227. വിവിധ ജവഹർ ബാലഭവനുകൾക്ക് ഓരോന്നിനും നോൺപ്ലാൻ ഗ്രാന്റായി 25 ലക്ഷം രൂപ വീതം കൂടുതലായി വകയിരുത്തുന്നു.

228. ഗുരുഗോപിനാഥ് നടന ഗ്രാമത്തിന് ഗ്രാന്റായി 50 ലക്ഷം രൂപ.

229. സരസകവി മൂലൂർ സ്മാരകത്തിന്റെ വർഷിക ഗ്രാന്റ് 10 ലക്ഷം രൂപയിൽനിന്നും 15 ലക്ഷമായി ഉയർത്തുന്നു.

230. നാടൻ വള്ളംകളികൾ അന്യംനിന്നുപോകാതെ സംരക്ഷിക്കാനായി

വിവിധ വള്ളംകളി സംഘങ്ങൾക്ക് ഗ്രാന്റ് നൽകാൻ സാംസ്കാരിക വകുപ്പിന് ഒരു കോടി രൂപ അധികമായി അനുവദിക്കുന്നു.

231. സ്വാതന്ത്ര്യ സമരസേനാനിയായ ടി. കെ. മാധവന്റെ പേരിലുള്ള ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഗുരുവായൂർ സത്യാഗ്രഹ സ്മാരക മന്ദിര നിർമ്മാണത്തിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

232. കേരള ഗാന്ധി കേളപ്പജിക്ക് അദ്ദേഹത്തിന്റെ ജന്മനാടായ കൂടാടിയിൽ സ്മാരകം നിർമ്മിക്കാൻ ഒന്നാം ഘട്ടമായി 15 ലക്ഷം രൂപ അനുവദിക്കുന്നു.

233. കുറ്റിപ്പുറത്ത് നിളാനദീതീരത്ത് ഇടശ്ശേരി സ്മാരക കേന്ദ്രം നിർമ്മിക്കാൻ 10 ലക്ഷം രൂപ വകയിരുത്തുന്നു.

234. വക്കം മൗലവി ഫൗണ്ടേഷന് നൽകിവരുന്ന ആവർത്തന ഗ്രാന്റ് 5 ലക്ഷം രൂപയിൽനിന്നും 15 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു.

235. തിരുവനന്തപുരത്തെ സത്യൻ ഫൗണ്ടേഷന് ഈ സാമ്പത്തിക വർഷം മുതൽ 3 ലക്ഷം രൂപ ആവർത്തന ഗ്രാന്റായി നൽകുന്നതാണ്.

236. തിരുവനന്തപുരത്തെ സി. അച്ചുതമേനോൻ സ്റ്റഡി സെന്ററിനും പ്രൊഫ. എൻ. കൃഷ്ണപിള്ള സ്മാരകത്തിനും നൽകുന്ന ആവർത്തനഗ്രാന്റ് 10

ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

237. കോട്ടയം ജില്ലയിലെ വെള്ളാവൂരിൽ ട്രാവൻകൂർ ഫോക് വില്ലേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേരള ഫോക് ലോർ അക്കാദമിക്ക് 50 ലക്ഷം രൂപ അനുവദിക്കുന്നു.

238. ചെമ്പഴന്തി ശ്രീനാരായണ അന്തർദേശീയ പഠന കേന്ദ്രത്തിന് ലൈബ്രറി, ഗവേഷണം തുടങ്ങിയവയ്ക്കായി 10 ലക്ഷം രൂപ അനുവദിക്കുന്നു.

239. കണ്ണൂരിലെ കുടിയേറ്റ മ്യൂസിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ഒരു കോടി രൂപ അനുവദിക്കുന്നു.

240. കണ്ണൂർ ശ്രീകണ്ഠപുരം കാക്കണ്ണൻപാറ കലാഗ്രാമത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് കേരള ലളിതകലാ അക്കാഡമിക്ക് 50 ലക്ഷം രൂപ അനുവദിക്കുന്നു.

241. പാലക്കാട് ഗാന്ധിസേവാസദനം ശബരി ആശ്രമത്തിനും പത്തുലക്ഷം രൂപ വീതം അനുവദിക്കുന്നു.

242. ചെങ്ങന്നൂരിൽ ഗുരു ചെങ്ങന്നൂർ സ്മാരകത്തിന് 50 ലക്ഷം രൂപ അനുവദിക്കുന്നു.

243. കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ സ്മാരക നിർമ്മാണത്തിന് 25

ലക്ഷം രൂപയും തലയോലപ്പറമ്പ് വൈക്കം മുഹമ്മദ് ബഷീർ സ്മാരകത്തിന് 25 ലക്ഷം രൂപയും അനുവദിക്കുന്നു.

244. കടവല്ലൂർ അന്യോന്യം പരിഷത്തിന് 10 ലക്ഷം രൂപ അനുവദിക്കുന്നു.

245. മാവേലിക്കര എ. ആർ. രാജരാജവർമ്മ സ്മാരകത്തിന്റെ വികസനങ്ങൾക്കായി 50 ലക്ഷം രൂപ അനുവദിക്കുന്നു.

246. ഉപ്പള ഉറുദു അക്കാദമിക്ക് 25 ലക്ഷം രൂപയും ഇരിങ്ങാലക്കുട കലാനിലയത്തിന് 25 ലക്ഷം രൂപയും മഞ്ചേശ്വരം തുളു അക്കാദമിക്ക് 25 ലക്ഷം രൂപയും അനുവദിക്കുന്നു.

247. ഇടുക്കി ജില്ലാ പൈതൃകകേന്ദ്രത്തിന് കെട്ടിടം പണിക്ക് പുരാരേഖാ വകുപ്പിന് 50 ലക്ഷം രൂപ അനുവദിക്കുന്നു.

248. ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 50 ലക്ഷം രൂപ അനുവദിക്കുന്നു.

249. ശിവഗിരിയിലെ വനജാക്ഷി മന്ദിരം (ഗാന്ധി ഭവനം) പുനരുദ്ധരിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കുന്നു. ശിവഗിരിയിൽ നിർമ്മാണത്തിലിരിക്കുന്ന കൺവെൻഷൻ സെന്റർ നിർമ്മാണത്തിന് 2 കോടി രൂപ വകയിരുത്തുന്നു.

250. പാലാ നാരായണൻ നായർ സ്മാരകത്തിന് 10 ലക്ഷം രൂപ

അനുവദിക്കുന്നു.

251. പി. റ്റി. തോമസ് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റ് നൽകാനായി 2 കോടി രൂപ വകയിരുത്തുന്നു.

252. ചേർത്തല വാരനാട്ടുള്ള ഇരയിമ്മൻതമ്പിയുടെ ജന്മഗൃഹവും സ്മാരകവും സംരക്ഷിക്കുന്നതിന് 10 ലക്ഷം രൂപയും ചേർത്തല കടക്കരപ്പള്ളിയിലുള്ള ഇട്ടി അച്യുതൻ സ്മാരകം (ഹോർത്തുസ് മലബാറിക്കസ് ട്രസ്റ്റ്) ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് 50 ലക്ഷം രൂപയും വകയിരുത്തുന്നു.

253. മഞ്ചേശ്വരത്തെ രാഷ്ട്രകവി ഗോവിന്ദപൈ സ്മാരക നിർമ്മാണങ്ങൾക്ക് 50 ലക്ഷം രൂപകൂടി വകയിരുത്തുന്നു.

254. കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരകത്തിന്റെ പ്രവർത്തനങ്ങൾക്കായി ആവർത്തന ഗ്രാന്റായി 5 ലക്ഷം രൂപകൂടി അനുവദിക്കുന്നു.

255. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചങ്ങനാശ്ശേരിയിലെ സാംസ്കാരിക കേന്ദ്രത്തിനായി പുഴവാതിലെ കൊട്ടാരം വിലയ്ക്കുവാങ്ങാനായി ഒരുകോടി രൂപ വകയിരുത്തുന്നു.

256. തൃത്താല മണ്ഡലത്തിലെ മേഴത്തൂരിൽ കേരളത്തിന്റെ നവോത്ഥാന

നായകനായ വി.ടി.ഭട്ടതിരിപ്പാടിന് സ്മാരകം നിർമ്മിക്കാൻ 25 ലക്ഷം രൂപ വകയിരുത്തുന്നു.

257. മങ്കടയിൽ മങ്കട രവിവർമ്മയ്ക്ക് സ്മാരകം നിർമ്മിക്കാൻ 25 ലക്ഷം രൂപ വകയിരുത്തുന്നു.

258. വഴുതക്കാട് ടി.കെ. ദിവാകരൻ സ്മാരക ലൈബ്രറി രണ്ടാംഘട്ട നിർമ്മാണത്തിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

259. മയ്യനാട് സി. കേശവൻ സ്മാരകത്തിന്റെ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം വാർഷിക ആവർത്തന ഗ്രാന്റായി നൽകുന്നതാണ്.

260. മുൻ നിയമസഭാ സ്പീക്കർ ജി. കാർത്തികേയന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിനും ടി. എം. ജേക്കബിന്റെ സ്മരണ നിലനിർത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള ടി. എം. ജേക്കബ് മെമ്മോറിയൽ ട്രസ്റ്റിന്റെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പിറവത്ത് അദ്ദേഹത്തിന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിനും 15 ലക്ഷം രൂപാവീതം വകയിരുത്തുന്നു.

261. പയ്യന്നൂരിൽ ഗാന്ധി-ഖാദി മ്യൂസിയം സ്ഥാപിക്കാൻ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് ധനസഹായം നൽകുന്നതിനായി ഒരു

കോടി രൂപ വകയിരുത്തുന്നു.

262. താനൂരിലെ സ്വാതന്ത്ര്യസമര സേനാനി ഉമൈത്താനത്ത് കുഞ്ഞിക്കാദറിന്റെ സ്മാരക നിർമ്മാണത്തിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

263. എടപ്പാൾ വള്ളത്തോൾ കലാപീഠം കേരള കലാമണ്ഡലം ഏറ്റെടുത്ത് നടത്തുന്നതാണ്. ഇതിന് ആവർത്തന ഗ്രാന്റായി 10 ലക്ഷം രൂപ വീതം പ്രതിവർഷം നൽകുന്നതാണ്.

## സാങ്കേതിക വിദ്യാഭ്യാസം

264. സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ മേന്മ ഉയർത്തുകയാണ് പ്രധാന ലക്ഷ്യം. സാങ്കേതിക വിദ്യാഭ്യാസത്തിന് 235.41 കോടി രൂപ 2016-17 വർഷത്തിൽ വകയിരുത്തുന്നു. ഇത് നടപ്പുവർഷത്തേക്കാൾ 25% കൂടുതലാണ്.

265. കുസാറ്റിന് ഈ വർഷം 21 കോടി രൂപയും തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് 5 കോടി രൂപയും കോട്ടയത്തെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിക്കും തൃശ്ശൂരിലെയും കണ്ണൂരിലെയും ഗവൺമെന്റ് എഞ്ചിനീയറിംഗ്

കോളേജുകൾക്കും 4.1 കോടി രൂപ വീതവും നീക്കിവയ്ക്കുന്നു.

266. വികസന പ്രവർത്തനങ്ങൾക്കായി ഗവൺമെന്റ് പോളിടെക്നിക്കുകൾക്ക് 24.5 കോടി രൂപയും എഞ്ചിനീയറിംഗ് കോളേജുകൾക്ക് 16 കോടി രൂപയും ടെക്നിക്കൽ ഹൈസ്കൂളുകൾക്ക് 10 കോടി രൂപയും വകയിരുത്തുന്നു.

267. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് 30 കോടി രൂപ.

268. പാലക്കാട്ടെ പുതിയ ഐ.ഐ.റ്റി.ക്കുവേണ്ടി ടോക്കൺ പ്രൊവിഷൻ വയ്ക്കുന്നു. കൂടുതൽ രൂപ ആവശ്യം വരുന്നത് അടിസ്ഥാന സൗകര്യ ഫണ്ടിൽനിന്നും അനുവദിക്കുന്നതാണ്.

269. തിരുവനന്തപുരം ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിൽ ഒരു ബാംബൂ ടെക്നോളജി സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി 30 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

270. സിവിൽ എഞ്ചിനീയറിംഗ് ശാഖകളുള്ള സർക്കാർ പോളിടെക്നിക്കുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് നടത്തി സർട്ടിഫിക്കറ്റുകൾ കൊടുക്കാനുള്ള സെന്ററുകൾ സ്ഥാപിക്കുവാൻ ഒരു

കോടി രൂപ വകയിരുത്തുന്നു.

271. എൻ.എസ്.എസ്. (നാഷണൽ സർവ്വീസ് സ്കീം) ടെക്നിക്കൽ സെൽ ആവിഷ്കരിച്ച 'പുനർജനി' പദ്ധതി അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ ഔന്നത്യമുള്ള ഒരു പദ്ധതിയാണ്. ഉപേക്ഷിക്കപ്പെട്ടതും ഉപയോഗിക്കാത്തതുമായ ഉപകരണങ്ങളും പണിയായുധങ്ങളും മറ്റ് സാമഗ്രികളെല്ലാം പുനരുജ്ജീവിപ്പിച്ച് അത് പ്രയോജനപ്പെടുത്തുന്നതാണ് ഈ പദ്ധതിയിലൂടെ ചെയ്യുന്നത്. സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് നടത്തുന്ന ഈ പദ്ധതിയിൽ പദ്ധതി ചെലവിന്റെ 60% വഹിക്കുന്നതിനായി 45 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

272. എൽ.ബി.എസ്.-ന്റെ പൂജപ്പുരയിലുള്ള വനിതകൾക്കുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും കാസർഗോഡ് ഒരു ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനും കൂടി 5.5 കോടി രൂപ അനുവദിക്കുന്നു.

273. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഇൻഡോർ സ്റ്റേഡിയം ഉൾപ്പെടെയുള്ള സ്പോർട്സ് കോംപ്ലക്സും ആഡിറ്റോറിയവും

നിർമ്മിക്കുവാൻ 5 കോടി രൂപ ഉൾപ്പെടുത്തുന്നു.

274. മണ്ണാർകാട് ഒരു വനിതാ പോളിടെക്നിക്, മഞ്ചേരി, നടുവിൽ എന്നിവിടങ്ങളിൽ പോളിടെക്നിക്കുകൾ എന്നിവ ആരംഭിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**സ്പോർട്സും യുവജനക്ഷേമവും**

275. സ്പോർട്സിനും യുവജനക്ഷേമത്തിനുംവേണ്ടി വരുംവർഷം 85.22 കോടി രൂപ വകയിരുത്തുന്നു.

276. വണ്ടൂരിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്റ്റേഡിയം പണിയുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

277. പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയം നവീകരിക്കുന്നതിനായി 2 കോടി രൂപ വകയിരുത്തുന്നു.

278. മുപ്പത്തിഅഞ്ചാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ട അന്തർദേശീയ നിലവാരമുള്ള കായികാടിസ്ഥാന സൗകര്യങ്ങളും കായിക ഉപകരണങ്ങളും സംരക്ഷിച്ച് കേരളത്തിന്റെ കായിക ഉന്നമനത്തിന് ഉപയോഗിക്കുന്നതിനായി ദേശീയ ഗെയിംസ്

സെക്രട്ടേറിയറ്റ് ഒരു ലഗസി പ്ലാനിന് രൂപം നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിന് വേദികളായ ജില്ലകൾക്കൊപ്പം മറ്റ് ഏഴ് ജില്ലകളിൽ കൂടി അതേ നിലവാരമുള്ള സ്റ്റേഡിയങ്ങളും മറ്റ് കായിക അടിസ്ഥാന സൗകര്യങ്ങളും തയ്യാറാക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇടുക്കി, മലപ്പുറം, കാസർഗോഡ്, വയനാട് ജില്ലകളിൽ 10 കോടി രൂപ വീതം ചെലവിട്ട് സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കും. കോട്ടയം, കോഴിക്കോട് ജില്ലകളിൽ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം മോഡലിൽ ആന്വറ്റിബേസിൽ സ്റ്റേഡിയം നിർമ്മിക്കും. കൂടാതെ നിലവിൽ ആവശ്യത്തിന് സ്ഥലം ലഭ്യമായ ആലപ്പുഴ, പത്തനംതിട്ട എന്നിവിടങ്ങളിൽ മുനിസിപ്പൽ സ്റ്റേഡിയങ്ങളും കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയവും നിർമ്മിക്കാൻ 2 കോടി രൂപ വീതം വകയിരുത്തുന്നു. പാലക്കാട് തിരുമിറ്റക്കോട് സർക്കാർ ഹൈസ്കൂളിൾ സിന്തറ്റിക് ട്രാക്കും ഉളിക്കൽ പഞ്ചായത്ത് ഹൈസ്കൂൾ, പറവൂർ -മണച്ചേരിക്കുന്ന് (പുത്തൻ വേലിക്കര) എന്നിവിടങ്ങളിൽ സ്റ്റേഡിയവും നിർമ്മിക്കാനായി ഒരു കോടി രൂപ വീതം വകയിരുത്തുന്നു.

## വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും

279. എല്ലാവർക്കും ആരോഗ്യമെന്നത് ഈ സർക്കാരിന്റെ മുഖ്യ ലക്ഷ്യമാണ്. ഇതിനായി പൊതുജനാരോഗ്യ മേഖലയ്ക്കായി പ്രത്യേക പരിഗണന നൽകി 1013.11 കോടി രൂപ വകയിരുത്തുന്നു. ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമായി ആരോഗ്യമേഖലയ്ക്ക് 283.16 കോടി രൂപ നീക്കിവയ്ക്കുന്നു.

## അലോപ്പതി

280. ആരോഗ്യ വകുപ്പിനുകീഴിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നീ വിഭാഗങ്ങളിൽ 1278 സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇവ കൂടാതെ 5403 ഉപ കേന്ദ്രങ്ങൾ കൂടി പ്രവർത്തിക്കുന്നു. ആരോഗ്യ വകുപ്പിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി 521.74 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

281. മെറ്റേണിറ്റി യൂണിറ്റുകൾ നിലവിലില്ലാത്ത താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനും നേരത്തെ ആരംഭിച്ചവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുമായി 16 കോടി രൂപ

മാറ്റിവയ്ക്കുന്നു.

282. കൊല്ലം ജില്ലാ ആശുപത്രിയിലും കോഴിക്കോട് ജനറൽ ആശുപത്രിയിലും കാത്ത് ലാബ് ആരംഭിക്കുന്നതിനായി 11 കോടി രൂപ വകയിരുത്തുന്നു.

283. വർക്കല താലൂക്ക് ആശുപത്രിയിലും തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി 3.6 കോടി രൂപ നീക്കിവയ്ക്കുന്നു.

284. മാനസികാരോഗ്യ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് 3.74 കോടി രൂപയും മാനസികാരോഗ്യ പദ്ധതികൾക്കായി 8.41 കോടി രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

285. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ന്യൂറോ സയൻസ് (ഐക്കോൺസ്) സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡർ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 6.5 കോടി രൂപ നീക്കിവച്ചിരിക്കുന്നു.

286. നവജാത ശിശുക്കളുടെ ജന്മനായുള്ള തകരാറുകൾ കണ്ടുപിടിക്കുന്നതിനുള്ള പദ്ധതിക്കായി 3 കോടി രൂപയും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രികളുടെ പ്രവർത്തനങ്ങൾക്കായി 18.3 കോടി

രൂപയും നീക്കിവയ്ക്കുന്നു.

287. റോഡ് അപകടത്തിനിരയാകുന്നവർക്കും മറ്റ് അത്യാഹിതങ്ങൾ സംഭവിക്കുന്നവർക്കും കേരള എമർജൻസി മെഡിക്കൽ സർവ്വീസ് സമയോചിതമായ വൈദ്യസഹായം നൽകുന്നുണ്ട്. ഈ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 12.54 കോടി രൂപ മാറ്റിവയ്ക്കുന്നു.

288. പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികളുടെ ചികിത്സാ ചെലവ് വഹിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയാണ് ആരോഗ്യ കിരണം. ഈ പദ്ധതിയിൽ ദേശീയ ശിശുജനാരോഗ്യ പദ്ധതിയിൻകീഴിൽ വരാത്ത അപകട ചികിത്സയും ഉൾപ്പെടും. ഇതിനുവേണ്ടി 31.5 കോടി രൂപ മാറ്റിവയ്ക്കുന്നു.

289. ഡ്രഗ്സ് സ്റ്റോറുകളുടെ ആധുനികവത്കരണത്തിന് 6 കോടി രൂപ ചെലവിടാൻ ഈ ബഡ്ജറ്റ് വർഷം ഉദ്ദേശിക്കുന്നു.

290. കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതാണ്.

291. കൊണ്ടോട്ടി CHC-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതാണ്.

292. കുതിരവട്ടം മാനസികാരോഗ്യ ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 30 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കും. ഇതിനായി 10 കോടി രൂപ വകയിരുത്തും.

293. മഞ്ചേരി മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചുവരുന്ന ജനറൽ ഹോസ്പിറ്റൽ മാറ്റി സ്ഥാപിക്കുന്നതിനായി ചെരണിയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

294. പാല ജനറൽ ആശുപത്രിയിൽ കാർഡിയോ കാത്ത് ലാബ്, നെഫ്രോളജി, ഡയാലിസിസ് തുടങ്ങിയ യൂണിറ്റുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 9.75 കോടി രൂപ വകയിരുത്തുന്നു.

295. കൊച്ചി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ വകയിരുത്തുന്നു.

296. നിലവിൽ സംസ്ഥാനത്തുള്ള എല്ലാ വൈറോളജി യൂണിറ്റുകളും സംയോജിപ്പിച്ച് ഇന്റർനാഷണൽ സെന്റർ ഫോർ വൈറോളജി

സ്ഥാപിക്കുന്നതിലേയ്ക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

P-12.02.2016. MI-KM
10.50-11.00

**ആരോഗ്യ വിദ്യാഭ്യാസം**

297. സംസ്ഥാനത്ത് 11 മെഡിക്കൽ കോളേജുകളും, 8 നഴ്സിംഗ് കോളേജുകളും 5 ദന്തൽ കോളേജുകളും, 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമാണ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ളത്. ഈ വകുപ്പിന്റെ വികസനത്തിനായി 2016-17-ൽ 393.88 കോടി രൂപ വകയിരുത്തുന്നു.

298. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജുകളുടെ വികസനത്തിനായി 121.1 കോടി രൂപയും ദന്തൽ കോളേജുകളുടെ വികസനത്തിനായി 26 കോടി രൂപയും നഴ്സിംഗ് കോളേജുകളുടെ വികസനത്തിനായി 4.67 കോടി രൂപയും നീക്കി വയ്ക്കുന്നു.

299. സംസ്ഥാനത്തെ പുതിയ മെഡിക്കൽ കോളേജുകൾ തുടർന്നുവരുന്നതും പുതിയതുമായ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 86.5 കോടി രൂപ വകയിരുത്തുന്നു.

300. ഹരിപ്പാട് നഴ്സിംഗ് കോളേജ് ആരംഭിക്കും.

301. മരിച്ചുപോയവരുടെ നഷ്ടപ്പെട്ടേക്കാവുന്ന അവയവങ്ങൾ വീണ്ടെടുത്ത് പാവപ്പെട്ട അവശ്യ രോഗികൾക്ക് അവയവമാറ്റ ശസ്ത്രക്രിയയിലൂടെ വച്ചു പിടിപ്പിക്കുന്ന പദ്ധതിക്ക് (മൃതസഞ്ജീവനി) രണ്ടു കോടി രൂപ നീക്കി വയ്ക്കുന്നു.

302. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ക്യാൻസർ വിഭാഗം സൗജന്യ ചികിത്സ നല്കിവരുന്നു. എന്നാൽ റീജിയണൽ ക്യാൻസർ സെന്റർ സ്ഥാപിച്ചതോടെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ക്യാൻസർ വിഭാഗത്തിന്റെ പ്രവർത്തനം ഏറെക്കുറെ മന്ദഗതിയിലായി. അതിനാൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഓങ്കോളജി വിഭാഗം ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനായി 7.25 കോടി രൂപ വകയിരുത്തുന്നു.

303. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിന് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

304. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി യൂണിറ്റും കാത്ത് ലാബും സ്ഥാപിക്കുന്നതിന് 8.6 കോടി രൂപ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

305. മലബാർ ക്യാൻസർ സെന്ററിന് സഹായമായി 29 കോടി രൂപ വകകൊള്ളിക്കുന്നു.

306. ഡ്രഗ് സ്റ്റോറുകളുടെ സ്ഥാപനവും ആധുനികവത്കരണവും എന്ന പുതിയ സ്കീമിന് 6 കോടി രൂപ വകയിരുത്തുന്നു.

307. വയനാട്, കാസർഗോഡ് ജില്ലകളിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മെഡിക്കൽ കോളേജിന്റെ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനായി 50 കോടി രൂപ പ്രത്യേകം വകയിരുത്തുന്നു. നബാർഡിൽ നിന്നും കൂടുതൽ സാമ്പത്തിക സഹായം കെട്ടിട നിർമ്മാണത്തിന് ലഭിക്കുന്നതാണ്.

308. പൊതുജനാരോഗ്യ മേഖലയിലും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലും ഈ സർക്കാരിന് അതുല്യമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആറു ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകൾ നിലവിൽ വന്നിട്ടുണ്ട്. മൂന്ന് ജില്ലകളിൽ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. 11 താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായും, നാല് താലൂക്ക് ആശുപത്രികളെയും മൂന്ന് ജില്ലാ ആശുപത്രികളെയും ജനറൽ ആശുപത്രികളായും ഉയർത്തിയിട്ടുണ്ട്. 14 കമ്മ്യൂണിറ്റി ഹെൽത്ത്

സെന്ററുകളെ താലൂക്ക് ആശുപത്രികളായും 10 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളായും മാറ്റിയിട്ടുണ്ട്. ഇതിനു പുറമേ 77 പുതിയ ആയുർവേദ ആശുപത്രികളും 110 ഹോമിയോ ആശുപത്രികളും അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് മൊഗ്രാൽ യുനാനി ആശുപത്രിക്ക് 25 ലക്ഷം രൂപ വകയിരുത്തുന്നു.

309. ഉത്തരമലബാറിലെ ആരോഗ്യ രംഗത്ത് മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്താൻ ആരംഭിച്ച പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആ ലക്ഷ്യം ആകുന്നതിൽ വളരെ പിന്നിലാണ്. ഇത് ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജാക്കി മാറ്റണമെന്ന ആവശ്യം വ്യാപകമായി ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കുന്നതാണ്. ആരോഗ്യ-സഹകരണ വകുപ്പുകൾ നടത്തിയ പഠനത്തെ ആധാരമാക്കി തുടർനടപടികൾ സ്വീകരിക്കും. ഗവൺമെന്റ് മെഡിക്കൽ കോളേജ് സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള നിശ്ചിത യോഗ്യതയുള്ള അധ്യാപക-അനധ്യാപക ജീവനക്കാരെ മാത്രമേ തുടർന്ന് നിലനിർത്താൻ കഴിയുകയുള്ളൂ. വായ്പാ കുടിശ്ശിക തീർപ്പാക്കാനും കോളേജ് പ്രവർത്തനത്തിനുമായി 100 കോടി രൂപ വകയിരുത്തുന്നു.

310. കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗം,

കാർഡിയോ തൊറാസിക് സർജറി വിഭാഗം എന്നിവയെ റീജിയണൽ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതാണ്. 10 കോടി രൂപ അതിനുവേണ്ടി മാറ്റിവയ്ക്കുന്നു.

311. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ ആരംഭിക്കുന്നതിന് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി സെന്റർ ഓഫ് എക്സലൻസായി മാറ്റുന്നതാണ്. ഇതിനാവശ്യമായ തസ്തികകളും ഫണ്ടും അനുവദിക്കുന്നതാണ്.

## ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ

312. ഭാരതീയ ചികിത്സാ വകുപ്പ്, ആയുർവേദം, സിദ്ധ, യുനാനി, പ്രകൃതി ചികിത്സ എന്നീ വിഭാഗങ്ങളിലായി 127 ആശുപത്രികൾ, 815 ഡിസ്പെൻസറികൾ, 20 സബ് സെന്ററുകൾ എന്നിവയിലൂടെ സംസ്ഥാനത്ത് സേവനം നടത്തിവരുന്നു. ഭാരതീയ ചികിത്സാ വകുപ്പിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 34.12 കോടി രൂപ വകയിരുത്തുന്നു.

313. ആയുർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി 2.5 കോടി രൂപയും ഭാരതീയ ചികിത്സാവകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനും ആധുനികവത്കരണത്തിനുമായി 13.26 കോടി രൂപയും ഔഷധിക്ക് 3 കോടി രൂപയും നീക്കിവയ്ക്കുന്നു.

314. തെരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റം ഓഫ് സ്പോർട്സ് മെഡിസിന്റെ ഗവേഷണ വിഭാഗത്തിനായി 2.4 കോടി രൂപ വകയിരുത്തുന്നു.

**<u>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം</u>**

315. സംസ്ഥാനത്ത് മൂന്ന് ആയുർവേദ കോളേജുകളുടെ വികസനത്തിനായി 33.64 കോടി രൂപ വകയിരുത്തുന്നു.

**<u>ഹോമിയോപ്പതി</u>**

316. ഹോമിയോ വകുപ്പിന്റെ ശാക്തീകരണത്തിനായി നടപ്പുവർഷം 19.83 കോടി രൂപ വകയിരുത്തുന്നു.

317. സംസ്ഥാനത്തെ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത 42 പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാനും അലോപ്പതി ഡിസ്പെൻസറി ഇല്ലാത്ത കൊല്ലം കൊറ്റങ്കര പഞ്ചായത്തിൽ അലോപ്പതി ഡിസ്പെൻസറി ആരംഭിക്കാനും നടപടി ആരംഭിക്കുന്നതാണ്. അങ്ങനെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മൂന്നു ചികിത്സാ സമ്പ്രദായങ്ങളുടെയും സ്ഥാപനങ്ങളുള്ള ആദ്യ സംസ്ഥാനം കേരളമായിരിക്കും എന്നു പറയാൻ ആഗ്രഹിക്കുകയാണ്. കിടത്തി ചികിത്സയുള്ള 25 ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്നതാണ്. ആദിവാസി മേഖലയിൽ കിടത്തി

ചികിത്സയുള്ള 10 ആശുപത്രികൾ തുടങ്ങുവാനും പദ്ധതിയുണ്ട്. ഒരു താലൂക്ക് ഹോമിയോ ആശുപത്രി സ്ഥാപിക്കുന്നതിനും ഒരു ഡിസ്പെൻസറിയെ 10 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനും ഈ ബജറ്റിൽ ലക്ഷ്യമിടുന്നു. അതിനായി 80 ലക്ഷം രൂപ വകയിരുത്തുന്നു.

**ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം**

318. ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ മേഖലയ്ക്ക് പ്രധാനമായും 6 ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി 9.9 കോടി രൂപ വകയിരുത്തുന്നു.

**ശുദ്ധജലവിതരണവും മാലിന്യനിവാരണവും**

319. ശുദ്ധമായ കുടിവെള്ളം മിതമായ നിരക്കിൽ എല്ലാവർക്കും ലഭ്യമാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2021 ഓടു കൂടി പൈപ്പ് വഴി കുടിവെള്ളം സാർവ്വത്രികമായി ലഭ്യമാക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട നഗരപ്രദേശങ്ങളിൽ 24 മണിക്കൂറും ജലലഭ്യത ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഇതിനുവേണ്ടി 996.92 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തെക്കാൾ 10.7% അധികമാണ്.

320. ജലശുദ്ധീകരണശാലകളുടെ നവീകരണത്തിനും ചെറിയ ജലശുദ്ധീകരണശാലകളുടെ നിർമ്മാണത്തിനും നിലവിലുള്ള ജലവിതരണ

പദ്ധതികളുടെ പഴക്കമേറിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും ഊർജ്ജ സംരക്ഷണ നടപടികൾക്കും കാലഹരണപ്പെട്ട പമ്പുകൾ മോട്ടോറുകൾ മറ്റ് വൈദ്യുത ഉപകരണങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനുമായി 105.36 കോടി രൂപ വകയിരുത്തുന്നു.

321. കുടിവെള്ള പദ്ധതിക്കായിട്ടുള്ള 'ജിക്ക' യുടെ വായ്പാ കാലാവധി 28-7-2015-ൽ അവസാനിച്ചു. ഈ പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ പദ്ധതി പൂർത്തിയാക്കി കുടിവെള്ള വിതരണം സജ്ജമാക്കുവാൻ ഒറ്റത്തവണ ധനസഹായമായി 'ജിക്ക' പദ്ധതിയിൽ ഏറ്റെടുത്ത കുടിവെള്ള പദ്ധതിക്ക് 150 കോടി രൂപ പ്രത്യേകമായി വകയിരുത്തുന്നു.

322. വിവിധ സംരംഭകർ വികസിപ്പിച്ചെടുത്ത നിലവിലുള്ള സോഫ്റ്റ്‌വെയർ ഘടകങ്ങളെ ലയിപ്പിച്ച് ഫലപ്രദമായ സംരംഭകവിഭവ ആസൂത്രണ പദ്ധതി നടപ്പിലാക്കാൻ 10 കോടി രൂപ നീക്കിവയ്ക്കുന്നു.

(തുടരും...........323)

പി-12-02-1016 എസ്.യു -വി.കെ- 1
11.00-11.10

323. അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ

2016-17 വർഷത്തിൽത്തന്നെ പൂർത്തികരിക്കുന്നതിനായി 10 കോടി രൂപ വകകൊള്ളിക്കുന്നു.

324. മലപ്പുറം ജില്ലയിലെ മൂരിയകാവിൽ കുടിവെള്ള ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

325. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട കുടിവെള്ള പദ്ധതിയുടെ നിർമ്മാണാനന്തരച്ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി ജലനിധിയുടെ കീഴിൽ ഒരു റിവോൾവിംഗ് ഫണ്ട്, കേരള റൂറൽ വാട്ടർ പോസ്റ്റ് കൺസ്ട്രക്ഷൻ സപ്പോർട്ട് ഫണ്ട് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഗ്രാമീണ ജലവിതരണ പദ്ധതികളും കേരള റൂറൽ വാട്ടർ അസോസിയേഷന്റെ കുടക്കീഴിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകാനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും ഈ മേഖലയിലെ അറിവ് പങ്കുവയ്ക്കാനും ഈ സ്കീമുകളെ തമ്മിൽ ബന്ധപ്പെടുത്താനും അസോസിയേഷൻവഴി ഉദ്ദേശിക്കുന്നു. ഈ

പദ്ധതിപ്രകാരം കേരളത്തിലെ 30 ലക്ഷത്തോളം പ്രത്യേകിച്ച് ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കും. ഇതിലേയ്ക്കായി ആവശ്യമായ തുക വകയിരുത്തുന്നു.

**ഭവനനിർമ്മാണം**

326. പെട്രോൾ, ഡീസൽ സെസ്സിൽനിന്നും ലഭിക്കുന്ന തുകയിൽനിന്നും 50% വീതം ഉപയോഗിച്ച് ലക്ഷംവീട് പദ്ധതിയിലെ വീടുകൾ പുനരുദ്ധരിക്കാനും ബാക്കി 50 **പൈസ** റോഡുവികസനത്തിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. ലക്ഷംവീട് പദ്ധതിയിലെ വീട് പുനരുദ്ധരിക്കാൻ ജനസമ്പർക്കപരിപാടിയിൽ വീട് നൽകാൻ തീരുമാനിച്ചിട്ടുള്ള അപേക്ഷകരുടെ വീട് നിർമ്മാണത്തിന് ഭൂരഹിത പദ്ധതിയിൽ സ്ഥലം ലഭ്യമായവർക്ക് വീട് നൽകാൻ പ്രത്യേകമായൊരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം നേടിയെടുക്കാൻ സർക്കാർ മുൻഗണന നൽകുന്നതാണ്.

327. ഭവന നിർമ്മാണ മേഖലയിൽ ഈ വർഷം 70.92 കോടി രൂപ

വകയിരുത്തുന്നു.

328. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതിക്ക് 36.15 കോടിരൂപ നീക്കിവയ്ക്കുന്നു.

329. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുവാൻ 50% സംസ്ഥാന വിഹിതമായ 6 കോടിരൂപ വകയിരുത്തുന്നു.

330. പോലീസിന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി കേരള പോലീസ് ഭവന നിർമ്മാണ കോർപ്പറേഷന് 11 കോടി രൂപ നീക്കിവയ്ക്കുന്നു.

## പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം)

331. സർക്കാർ കെട്ടിടങ്ങളുടെയും സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെയും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെയും നിർമ്മാണവും പരിപാലനവും പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയാണ്. ഇതിനുവേണ്ടി 7.5 കോടി രൂപ വകയിരുത്തുന്നു.

332. തൃത്താലയിൽ പൊതുജനങ്ങൾക്ക് നിരന്തരം ബന്ധപ്പെടേണ്ട പല ഓഫീസുകളും വിവിധ സ്ഥലങ്ങളിലാണ് അവിടെ ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

333. കോട്ടയം പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിൽ ഇപ്പോൾ അനുഭവപ്പെടുന്ന സ്ഥലപരിമിതി പരിഹരിക്കുന്നതിനായി ഒരു അഡീഷണൽ ബ്ലോക്കും ഒരു കോൺഫറൻസ് ഹാളും പണികഴിപ്പിക്കുന്നതാണ്. ഇതിനായി 5 കോടിരൂപ വകയിരുത്തുന്നു.

334. വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷനിൽ ഒരു അനക്സ് മന്ദിരം പണിയുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

335. പത്തനംതിട്ട കളക്ടറേറ്റിനോടനുബന്ധിച്ച് ഒരു അനക്സ് കെട്ടിടം പണിയുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ നീക്കിവയ്ക്കുന്നു.

336. ഇടുക്കിയിലെ വിവിധ വകുപ്പുകളുടെ ഓഫീസുകളെല്ലാം ഒരു കുടക്കീഴിൽ

കൊണ്ടുവരുന്നതിനായി ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ 5 കോടിരൂപ നീക്കിവയ്ക്കുന്നു.

337. പുതുതായി രൂപീകരിച്ച താലൂക്കുകളിൽ സ്വന്തമായി സ്ഥലം ഉള്ളവയ്ക്ക് മിനി സിവിൽ സ്റ്റേഷനുകൾ സ്ഥാപിക്കുവാൻവേണ്ടി 25 കോടിരൂപ നീക്കിവയ്ക്കുന്നു. 12 താലൂക്കുകളാണ് പുതിയതായി അനുവദിച്ചത്. സ്ഥലമുള്ള എല്ലായിടത്തും മിനി സിവിൽ സ്റ്റേഷനാക്കും.

338. കണ്ണൂർ സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കാൻ 5 കോടിരൂപ നീക്കിവയ്ക്കുന്നു.

339. സർക്കാർ രൂപീകരിച്ച എല്ലാ കമ്മീഷനുകളും തിരുവനന്തപുരത്ത് ഇന്ന് പല വാടകകെട്ടിടങ്ങളിലാണ് ഇരിക്കുന്നത്. അതിനൊരു മാറ്റം വരുത്താൻവേണ്ടി എല്ലാ കമ്മീഷനുകളുടെയുംകൂടി ഓഫീസ് ഒരു കെട്ടിടത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി ഒരു കെട്ടിട സമുച്ചയം പണിയുന്നതിന് തീരുമാനിക്കുകയും അതിന് ഭരണാനുമതി നൽകുകയും ചെയ്തു. അതിനുവേണ്ടി 25 കോടിരൂപ മാറ്റിവയ്ക്കുന്നു.

## നഗരവികസനം

340. നഗരവികസന പദ്ധതിക്കായി 694 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

341. നഗരപ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കും അറവുശാലകളുടെ മാലിന്യ നിർമ്മാർജ്ജനമുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും 18.09 കോടി രൂപ വകയിരുത്തുന്നു.

342. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കുറഞ്ഞ വരുമാനക്കാരായ സ്ഥിരം കണ്ടിജന്റ് ജീവനക്കാർക്ക് പലിശ സബ്സിഡിയോടുകൂടി ഭവനവായ്പ നൽകുന്നതിനുള്ള സ്വച്ഛ്ഭവനം എന്ന പുതിയ പദ്ധതിക്കായി 1 കോടി രൂപ വകയിരുത്തുന്നു.

343. മലപ്പുറം ജില്ലയിലെ വേങ്ങര ടൗൺ മുതൽ കച്ചേരിപ്പടിവരെ ഈ വർഷം നവീകരിക്കും. ഇതിനുവേണ്ടി 2 കോടി രൂപ വകയിരുത്തുന്നു.

344. കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിന് 10 കോടി രൂപ നീക്കിവയ്ക്കുന്നു.

345. സംസ്ഥാനത്തെ ശുചീകരണത്തിന് മാത്രമായി പ്രധാനമായും

ഖരമാലിന്യനിർമ്മാർജ്ജനത്തിനായി കേരള വാട്ടർ അതോറിറ്റി, ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് എന്നിവയുടെ മാതൃകയിൽ ഒരു വേസ്റ്റ് മാനേജ്മെന്റ് അതോറിറ്റി സ്ഥാപിക്കുന്നതാണ്. നിലവിലുള്ള ശുചിത്വ മിഷനെ ഈ അതോറിറ്റിയിൽ ലയിപ്പിക്കും. ഇതിനായി 25 കോടിരൂപ നീക്കിവയ്ക്കുന്നു.

346. തിരുവനന്തപുരത്ത് നടപ്പിലാക്കിയ ഓപ്പറേഷൻ അനന്ത മാതൃകയിൽ കേരളത്തിലുടനീളം ദുരന്തനിവാരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 25 കോടിരൂപ വകയിരുത്തുന്നു. ഇതിന്റെ ഉത്തരവാദിത്തം അതാത് ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ ദുരന്തനിവാരണ വിഭാഗത്തിനായിരിക്കും.

**<u>വാർത്താ വിതരണവും പ്രചരണവും</u>**

347. വാർത്താവിതരണ പ്രചരണമേഖലയ്ക്ക് 38 കോടി രൂപ വകയിരുത്തുന്നു. പ്രസ് ഫെസലിറ്റീസിന് 1.04 കോടി രൂപയും മാധ്യമ അക്കാഡമിക്ക് 3.25 കോടി രൂപയും ഫോട്ടോ വീഡിയോ പ്രചരണത്തിന് 2.7 കോടി

രൂപയും വീഡിയോ ഡോക്യുമെന്ററി നിർമ്മാണത്തിന് 2.25 കോടി രൂപയും ടാഗോർ തീയറ്ററിന്റെ നവീകരണത്തിന് 3 കോടിരൂപയും സുതാര്യ കേരളത്തിന് 3 കോടി രൂപയും വജ്രകേരളത്തിന് 4.23 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പെൻഷൻ പദ്ധതിയിൽ അംഗങ്ങളാകാത്ത മുതിർന്ന പത്രപ്രവർത്തകരെ പെൻഷൻ കമ്മിറ്റി ശുപാർശ പ്രകാരം മുതിർന്ന പത്രപ്രവർത്തകരുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

## തൊഴിലും തൊഴിലാളിക്ഷേമവും

348. തൊഴിലും തൊഴിലാളി ക്ഷേമവും മേഖലയ്ക്കായി 509.43 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

349. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി (ചിസ്, ചിസ് പ്ലസ്) 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

350. പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി 65 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്.

351. ഐ.ടി.ഐ.-കളുടെ ആധുനികവത്ക്കരണത്തിനായി 57.61 കോടി രൂപ നീക്കിവയ്ക്കുന്നു.

352. തൊഴിൽ ലഭ്യതാ പരിപാടി ഈ വർഷം നടപ്പിലാക്കുന്നതിനുവേണ്ടി 3 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

353. രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/വിവാഹമോചനം നേടിയ വനിതകൾ/ അവിവാഹിതരായ വനിതകൾ, അവിവാഹിതരായ അമ്മമാർ തുടങ്ങിയവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി (ശരണ്യ)യ്ക്കായി 16 കോടി രൂപ വകയിരുത്തുന്നു.

354. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ കേന്ദ്രങ്ങളായി മാറ്റുക എന്ന കേന്ദ്ര ഗവൺമെന്റ് നയം പിന്തുടർന്ന് ദേശീയ എംപ്ലോയ്മെന്റ് സർവ്വീസ് തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് അസിസ്റ്റന്റ് ബ്യൂറോയിൽ മാതൃകാ കരിയർ സെന്റർ സ്ഥാപിക്കുന്നതിന്

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സെന്ററിന് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

355. തൊഴിലും വരുമാനവും നഷ്ടപ്പെട്ട ബീഡിത്തൊഴിലാളികളെ സഹായിക്കാൻ അനുയോജ്യമായ ഒരു പദ്ധതി രൂപീകരിക്കുന്നുണ്ട്. ബീഡി നികുതിയിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ശതമാനം ഈ തൊഴിലാളികളെ സംരക്ഷിക്കാൻവേണ്ടി മാറ്റിവയ്ക്കുന്നു.

## പ്രവാസി മലയാളികാര്യ വകുപ്പ് (നോർക്ക)

356. നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 28 കോടി രൂപ വകയിരുത്തുന്നു. സ്വാന്തനം പദ്ധതിക്ക് 5 കോടി രൂപയും മടങ്ങിയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തിന് 12 കോടി രൂപയും നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന് 3 കോടി രൂപയും വകയിരുത്തുന്നു.

357. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരുടെ ഉന്നമനത്തിനും

ക്ഷേമത്തിനുമായി രൂപീകരിച്ച നോർക്ക വകുപ്പിന്റെ പ്രധാന ക്ഷേമപദ്ധതികളിൽ ഒന്നാണ് സാന്ത്വന പദ്ധതി. ഈ പദ്ധതി പ്രകാരം നൽകുന്ന ചികിത്സാ/മരണാനന്തര/വിവാഹ ധനസഹായങ്ങൾ ഈ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിക്കുകയുണ്ടായി. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ലഭിച്ച ബജറ്റ് വിഹിതമായ 6.7 കോടി രൂപയ്ക്കുപുറമെ അധികവിഹിതമായി 10 കോടി രൂപയും വിദേശത്ത് നിന്നും തിരികെ എത്തിയ പ്രവാസി കേരളീയർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞു. വിവിധ രാജ്യങ്ങളിൽ ആഭ്യന്തര കലാപംമൂലം തൊഴിൽ നഷ്ടപ്പെട്ട 3800-ൽ അധികംപേരെ സുരക്ഷിതരായി നാട്ടിലെത്തിക്കുന്നതിന് 1.43 കോടി രൂപ ചെലവിട്ടു. വിദേശ രാജ്യങ്ങളിൽ നിന്നും തിരികെ എത്തുന്ന പ്രവാസി കേരളീയരുടെ പുനരധിവാസം മുൻനിർത്തി രൂപം നൽകിയ നോർക്ക വകുപ്പിന്റെ പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിൽ അപേക്ഷിച്ച അർഹരായ എല്ലാവർക്കും ഈ മാസം 29-ന് മുമ്പായി വായ്പകൾ ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളും ബാങ്കുകളുമായി MOU

ഒപ്പുവച്ച് നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്.

## അഗ്നിശമന സേനാവകുപ്പ്

358. അഗ്നിശമന സേനാവകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 39 കോടി രൂപ വകയിരുത്തിയിരിക്കുന്നു. വിയ്യൂരിലെ ഫയർ ആന്റ് റസ്ക്യൂ അക്കാഡമിയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 1 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

359. മലപ്പുറം ജില്ലയിലെ വളാഞ്ചേരിയിൽ ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതാണ്.

360. അഗ്നിശമന സേനയ്ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി 25 കോടി രൂപ അധികമായി അനുവദിക്കുന്നതാണ്.

## പട്ടികജാതി വികസനം

361. അധഃസ്ഥിതരുടെ ക്ഷേമത്തിനും ശാക്തികരണത്തിനുമായി മുന്തിയ

പരിഗണനയാണ് നൽകിയിരിക്കുന്നത്. അതിലൂടെ സംസ്ഥാനത്തിന്റെ മൊത്തം വികസനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസം, തൊഴിൽ എന്നിവയിലൂടെ അവരുടെ ജിവിത നിലവാരം ഉയർത്താനും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുമുള്ള പദ്ധതികൾക്കാണ് പ്രാധാന്യം നൽകുന്നത്.

362. ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും മറ്റുവികസന പരിപാടികൾക്കുമായി 456.97 കോടി രൂപ നീക്കിവച്ചിരിക്കുന്നു.

363. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

364. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് 380 കോടിരൂപ വകയിരുത്തിയിരിക്കുന്നു.

365. ക്യാൻസർ ബാധിതരായ പട്ടികജാതിക്കാർക്ക് തിരുവനന്തപുരം ആർ.സി.സി.-യുമായി ചേർന്ന് പരിപൂർണ്ണ സൗജന്യ ചികിത്സ

ഉറപ്പുവരുത്തുന്നതാണ്.

പി. 13.02.2016
ആർ.എൻ/ വി.കെ-1
11.10-11.20

(ശ്രീ. ഉമ്മൻ ചാണ്ടി - തുടർച്ച)

പട്ടികവർഗ്ഗ വികസനം

366. പട്ടികവർഗ്ഗ യുവതികളുടെ വിവാഹധനസഹായം സിക്കിൽ-സെൽ അനീമിയ രോഗികൾ, പരമ്പരാഗത ആദിവാസി വൈദ്യന്മാർ എന്നിവർക്കുള്ള ധനസഹായം, ജനനി ജന്മരക്ഷ പദ്ധതി സഹായം എന്നിവയ്ക്കായി 13.5 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

367. പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനവും സഹായവും നൽകുന്നതിന് 4.1 കോടി രൂപ വകയിരുത്തുന്നു.

368. പട്ടികവർഗ്ഗ മേഖലയിലെ ദാരിദ്ര്യ നിർമാർജ്ജനം ലക്ഷ്യമാക്കി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും ആവശ്യമുള്ള പട്ടികവർഗ്ഗ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയും അതുവഴി അവർക്ക് വേതനം പണമായും ഭക്ഷ്യധാന്യങ്ങളായും നൽകുന്ന പദ്ധതിയാണ് 'ഭക്ഷണത്തിനുള്ള സഹായ

പരിപാടി'. ഈ പദ്ധതിക്ക് 25 കോടി രൂപ വകയിരുത്തുന്നു.

369. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ വീട് നിർമ്മിക്കാൻ/പൂർത്തിയാക്കാൻ/പുനരുദ്ധരിക്കാൻ സാമ്പത്തിക സഹായം നൽകുന്നതിന് 50 കോടി രൂപ വകയിരുത്തുന്നു.

370. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ മുതൽ പരമാവധി അഞ്ചേക്കർ വരെ നൽകുന്നതിന് 42 കോടി രൂപ നീക്കി വെയ്ക്കുന്നു.

371. ആദിവാസി ജനതയുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുവേണ്ടി സാധാരണ പട്ടിക വർഗ്ഗ വിഹിതത്തിന് പുറമേ പ്രത്യേക പാക്കേജായി വകയിരുത്തിയിരിക്കുന്ന എ.ടി.എസ്.പി. ഫണ്ട് വിഹിതമായി 150 കോടി രൂപ നീക്കിവയ്ക്കുന്നു.

372. പട്ടികവർഗ്ഗ വിഭാഗത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന അടിയ- പണിയ, മലപണ്ടാരം, അരനാടൻ, മലപുലയ തുടങ്ങിയ സമുദായങ്ങളുടെ സമഗ്ര വികസന പാക്കേജിനായി 50 കോടി രൂപ വകയിരുത്തുന്നു.

**മറ്റ് പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമം**

373. മറ്റ് പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷന് 13 കോടി രൂപയും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന് 6 കോടി രൂപയും നീക്കിവയ്ക്കുന്നു.

374. മറ്റ് പിന്നാക്ക സമുദായത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മറ്റ് അർഹതപ്പെട്ട വിഭാഗത്തിന്റെ വിദ്യാഭ്യാസ പദ്ധതികൾക്കായി 23 കോടി രൂപ വകയിരുത്തുന്നു.

375. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള സഹായ പദ്ധതിക്ക് 6.75 കോടി രൂപ നീക്കിവയ്ക്കുന്നു.

## ന്യൂനപക്ഷ ക്ഷേമം

376. വിവാഹ ബന്ധം വേർപ്പെടുത്തിയ സ്ത്രീകൾ/ഭർത്താവ് ഉപേക്ഷിച്ച ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകൾക്കുള്ള ഭവന പദ്ധതിക്ക് 31 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

377. ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നൽകുന്നതിന് 3.5 കോടി രൂപയും വൈദഗ്ധ്യ വികസനത്തിനായി 4 കോടി രൂപയും നിക്കിവയ്ക്കുന്നു.

## മുന്നോക്ക വിഭാഗക്കാരുടെ ക്ഷേമം

378. കേരള സംസ്ഥാന മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ഈ വർഷം 35 കോടി രൂപ നീക്കിവയ്ക്കുന്നു.

379. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനായി 2015-16-ൽ 32 കോടി രൂപയാണ് അനുവദിച്ചിരുന്നത്. വിദ്യാഭ്യാസമുന്നതി സ്കോളർഷിപ്പ്, ഭവനസമുന്നതി, കൂട്ടുത്തരവാദ സംഘങ്ങൾ, പാലക്കാട് തിരുവനന്തപുരം മേഖലകളിലെ 200 അഗ്രഹാരങ്ങളുടെ പുനരുദ്ധാരണത്തിനുമായി 50 കോടി രൂപ വകയിരുത്തുന്നു.

## സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

380. ജനങ്ങൾക്ക് സാമൂഹ്യ സുരക്ഷയ്ക്കും ക്ഷേമവും തുല്യപ്രാധാന്യത്തോടെ ഉറപ്പുവരുത്താൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിവിധ ക്ഷേമ പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ വലിയ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്.

പോഷകാഹാരം നൽകുന്നത് ഉൾപ്പെടെ സാമൂഹ്യ സുരക്ഷയും ക്ഷേമവും എന്ന മേഖലയ്ക്കായി 583.52 കോടി രൂപയുടെ മൊത്തം ഈ പദ്ധതി അടങ്കലാണ് വകയിരുത്തിയിരിക്കുന്നത്.

381. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് 4.15 കോടി രൂപയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിന് (നിഷ്) 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

382. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് 7.65 കോടി രൂപയും നിർഭയ, ലിംഗസമത്വ ബോധവൽക്കരണം, സ്ത്രീ ശാക്തീകരണം തുടങ്ങിയ പരിപാടികൾക്ക് 12 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

383. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോ സോഷ്യൽ സർവ്വീസിന് 12.5 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 807 സ്കൂളുകളിൽ പി.ടി.എ. യുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ പ്രത്യേക ആരോഗ്യ ക്ലീനിക്കുകൾ സാമൂഹ്യ നീതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ 205 സ്കൂളുകളിൽ കൂടി ഈ

പദ്ധതി ആരംഭിക്കുന്നതായിരിക്കും.

384. വികസനത്തിൽ ലിംഗ അസമത്വം പരിഹരിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കുന്ന ഒരു പദ്ധതിയാണ് 'തന്റേടം ജൻഡർ' പാർക്ക്. കോഴിക്കോട്ടേയും എറണാകുളത്തേയും ജൻഡർ പാർക്ക് കാമ്പസിലും കാമ്പസിനു പുറത്തുള്ള പ്രവർത്തനങ്ങൾക്കും, ഷീടാക്സി, ഫുഡ് ഓൺ വീൽസ് പ്രോജക്റ്റ്, പരിശീലന പരിപാടി, പി.പി.പി. മോഡലിലുള്ള വിവിധ വരുമാന സ്രോതസുകൾക്കും വിവരശേഖരണത്തിനും പ്രചരണ പ്രവർത്തനങ്ങൾക്കും ഭരണപരമായ ചെലവുകൾക്കുമായി 10 കോടി രൂപ നീക്കിവയ്ക്കുന്നു.

385. സ്റ്റേറ്റ് സ്പോൺസേർഡ് പരിപാടിയായ ആശ്വാസകിരണം പദ്ധതിക്കായി 32 കോടി രൂപ (60%) നീക്കിവയ്ക്കുന്നു. ബാക്കി 40% ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കും. തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിട്ട് വീട്ടിൽ തന്നെ കഴിയേണ്ടി വരുന്നവരെയും കിടപ്പിലായി വീട്ടിൽ തന്നെ കഴിയുന്ന രോഗികളേയും പരിചരിക്കുന്ന കുടുംബങ്ങൾക്ക് മാസം 525 രൂപ വച്ച് സഹായം അനുവദിക്കാൻ വേണ്ടിയാണ് ഈ തുക നീക്കി വച്ചിരിക്കുന്നത്.

386. എൻഡോസൾഫാൻ ദുരിതബാധിതരുടെ ആശ്വാസ നടപടികൾക്ക് 10 കോടി രൂപ നീക്കിവയ്ക്കുന്നു.

387. ശൈശവദശയിൽ തന്നെ കുട്ടികളിൽ ശ്രവണ വൈകല്യം തിരിച്ചറിഞ്ഞാൽ അവരെ പുനരധിവസിപ്പിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗമാണ് കോക്ലിയർ ഇൻപ്ലാന്റേഷൻ ശസ്ത്രക്രിയ. അത് ഈ വർഷവും തുടരും. അതിനുവേണ്ടി ആവശ്യമായ ഫണ്ട് നീക്കിവയ്ക്കുന്നു.

388. സമൂഹത്തിന്റെ സഹായത്താലോ, ബന്ധുക്കളുടെയോ കൂട്ടുകാരുടെ കൂടെയോ കഴിയുന്ന അനാഥരായ കുട്ടികൾക്ക് സഹായം നൽകുന്ന ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയാണ് 'സ്നേഹപൂർവ്വം'. ഈ പദ്ധതിക്കുള്ള 60% സർക്കാർ വിഹിതമായി 18 കോടി വകയിരുത്തുന്നു. ബാക്കി 40% ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കുന്നതാണ്.

389. സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക പ്രതിബന്ധമുള്ളവർ ഉൾപ്പെടെ വൈകല്യമുള്ള മുതിർന്നവർക്ക് സഹായവും പുനരധിവാസവും ഉറപ്പാക്കുന്ന മോഡൽ പദ്ധതിക്ക് 2 കോടി രൂപ മാറ്റിവയ്ക്കുന്നു.

390. സംസ്ഥാനത്തെ 5-17 പ്രായത്തിലുള്ള ഏകദേശം 45000 ഓളം കുട്ടികൾ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം എന്നീ വൈകല്യങ്ങൾ ബാധിച്ചവരാണ്. വൈകല്യങ്ങൾ നേരത്തെ തിരിച്ചറിയാനും അവ കണ്ടെത്തി ചികിത്സിക്കാനും അവർക്ക് വേണ്ട മറ്റ് സഹായവും വിദ്യാഭ്യാസവും നൽകുകയും ചെയ്താൽ അത് അവർക്ക് വലിയൊരു സഹായമായിരിക്കും. ഈ കുട്ടികളുടെയും അവരുടെ രക്ഷകർത്താക്കളുടെയും സഹായത്തിനും മറ്റ് സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനുമുള്ള പദ്ധതിക്കായി 34.82 കോടി രൂപ വകയിരുത്തുന്നു.

391. വൈകല്യം തടയുക, വൈകല്യ നിർണ്ണയം, പ്രാരംഭ ഇടപെടൽ, അംഗപരിമിതരുടെ വിദ്യാഭ്യാസം, തൊഴിൽ പുനരധിവാസം എന്നിവ ലക്ഷ്യമാക്കി കേരള സർക്കാർ പ്രത്യേക താൽപ്പര്യമെടുത്ത് നടപ്പിലാക്കുന്ന പദ്ധതിക്ക് 37 കോടി രൂപ നീക്കിവയ്ക്കുന്നു.

392. അംഗൻവാടികളുടെ നിർമ്മാണവും നവീകരണവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതിക്ക് 60% സംസ്ഥാന വിഹിതമായി 25.62 കോടി രൂപ വകയിരുത്തുന്നു. ബാക്കി തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ

സ്ഥാപനം വഹിക്കുന്നതാണ്.

393. ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന സേവന പദ്ധതിക്ക് 40% സംസ്ഥാന വിഹിതമായി 199.6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

394. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന അന്ധരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ്പ് നൽകുന്ന പദ്ധതിക്ക് 2 കോടി രൂപ മാറ്റിവയ്ക്കുന്നു.

പി. 12.02.2016 ബി. പി./വി.കെ.-1
11.20 - 11.30

395. അങ്കൻവാടി വർക്കർമാരുടെ പ്രതിമാസ പെൻഷൻ തുക 1000 രൂപയായും ഹെൽപ്പർമാരുടേത് 600 രൂപയായും ഉയർത്തും.

396. സാമ്പത്തികമായോ സാമൂഹികപരമായോ പിന്നാക്കാവസ്ഥയിലുള്ള സെറിബ്രൽ പാൾസി ഉൾപ്പെടെ ബുദ്ധിപരവും ശാരീരികവുമായ വൈകല്യമുള്ളവർക്ക് ആധുനിക സാങ്കേതികവിദ്യാ സഹായത്തോടുകൂടി കുറഞ്ഞ ചെലവിൽ പ്രത്യേക ശസ്ത്രക്രീയയിലൂടെ സ്വന്തമായോ ചെറിയ സഹായ ഉപകരണങ്ങളുടെ സഹായത്തോടെയോ

നടക്കാൻ അവസരമൊരുക്കുന്ന മൊബിലിറ്റി മിഷൻ കേരള എന്ന പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തുന്നു.

397. ലോക നിലവാരമുള്ള സാങ്കേതിക വിദ്യകൾ കണ്ടെത്തി ഭിന്നശേഷിക്കാരുടെ പഠനത്തിനും ജോലിക്ക് സഹായിക്കുന്ന പരിശീലനം നൽകാനുമായി ഒരു ഗവേഷണ സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് 5 കോടി രൂപ വകയിരുത്തുന്നു.

398. വിധവാ പെൻഷന്റെ ആനുകൂല്യം 5 കൊല്ലത്തിലേറെക്കാലമായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് കഴിയുന്നവർക്കുകൂടി നൽകുന്നതാണ്. ഇവരുടെ കുട്ടികളെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്താനും തീരുമാനിച്ചിരിക്കുന്നു.

399. വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർ, കിടപ്പിലായവർ, മാനസിക വെല്ലുവിളികൾ ഏർപ്പെടുന്നവർ, തീവ്രമാനസിക രോഗികൾ എന്നിവർക്ക് മരുന്ന്, ഭക്ഷണം, പരിചരണം എന്നിവ ഉറപ്പാക്കാൻ കനിവ് എന്ന പദ്ധതി പ്രഖ്യാപിക്കുന്നു. ഇതിനായി 100 കോടി രൂപ വകയിരുത്തുന്നു. കുടുംബശ്രീ സംവിധാനത്തിലൂടെ സന്നദ്ധരായി മുന്നോട്ടു വരുന്ന ആശാവർക്കർമാരുടെ സേവനം ഈ പദ്ധതിയിൽ

ഉപയോഗപ്പെടുത്തും. ഇവർക്ക് പരിശീലനവും പ്രതിമാസം ഇൻസെന്റീവായി 1000 രൂപയും നൽകുന്നതാണ്.

400. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് ഒരു ഇന്റർനാഷണൽ വിമൺസ് ട്രേഡ് സെന്റർ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

401. 75 വയസ്സ് കഴിഞ്ഞവർക്കുള്ള വാർദ്ധക്യകാല പെൻഷൻ 1000 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിക്കുന്നു.

402. സംസ്ഥാന സർക്കാരിന്റെ ചരിത്രത്തിൽ ആദ്യമായി സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന 30 ലക്ഷത്തോളം പേർക്ക് ഒരു ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇതിന്റെ മുന്നോടിയായി പ്രധാനമന്ത്രിയുടെ സുരക്ഷാ ബീമായോജന പദ്ധതിയിൽ 25 ലക്ഷം പേരുടെ പ്രീമിയം തുകയും പ്രധാനമന്ത്രി ജീവൻജ്യോതി ബീമായോജന പദ്ധതിയിൽ 5 ലക്ഷം പേരുടെ ലൈഫ് ഇൻഷ്വറൻസ് പ്രീമിയവും സർക്കാർ ഏറ്റെടുത്ത്

അടയ്ക്കുന്നതായിരിക്കും. ആകെ 30 ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. ഇതിന്റെ രണ്ടാം ഘട്ടമായി സാമൂഹത്തിലെ മറ്റ് മേഖലകളിൽപ്പെട്ടവർക്കും സർക്കാർ ചെലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും. ഈ പദ്ധതിക്കായി 25 കോടി രൂപ അനുവദിക്കുന്നതാണ്.

403. സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ വികസന പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനും ലിംഗസമത്വം മുഖ്യധാരയിൽ എത്തിക്കുന്നതിനും ജൻഡർ ബജറ്റിംഗ് ശക്തിയുള്ള ഒരു ഉപാധിയാണ്. ഇക്കാര്യം വെറുമൊരു കണക്കെടുപ്പല്ല. മറിച്ച് നയ/പദ്ധതി രൂപീകരണത്തിലും അവയുടെ നടത്തിപ്പിലും അവലോകനത്തിലും ലിംഗസമത്വം എന്ന വീക്ഷണം സംരക്ഷിച്ചുപോകുക എന്ന ഒരു തുടർ പരിപാടിയാണ്. ആശയം ആവിഷ്കരിച്ച് കേരളത്തിൽ നടപ്പിലാക്കിയ ജെൻഡർ റെസ്പോൺസീവ് ബജറ്റിംഗ് പ്രകാരം 2016-17 ലെ വാർഷിക പദ്ധതിയിൽ ലിംഗസമത്വത്തിന് വനിതാ ശാക്തീകരണത്തിനുമുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതാദ്യമായി ലിംഗസമത്വത്തിന്

പ്രാധാന്യം നൽകുന്നതും സ്ത്രീ കേന്ദ്രീകൃതമായും വാർഷിക പദ്ധതിയിൽ വിഹിതം ഉള്ളതുമായ എല്ലാ പദ്ധതികളും പ്രത്യേകം തെരഞ്ഞെടുത്ത് അവയുടെ കൃത്യമായ നടത്തിപ്പിനും അവലോകനത്തിനുമായി വാർഷിക സംക്ഷിപ്ത പദ്ധതി രേഖയിൽ പ്രത്യേകമായി ചേർത്തിട്ടുണ്ട്.

**കേരള സാമൂഹ്യ സുരക്ഷാ മിഷൻ**

404. ജുവനൈൽ ഡയബറ്റീസ് മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന 1000-ത്തോളം കുട്ടികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളിലെ ഇത്തരം കുട്ടികൾക്ക് മുടക്കം ഇല്ലാതെ ഇന്ത്യയിൽ, രക്തത്തിൽ പഞ്ചസാരയുടെ അളവ് പരിശോധിക്കാനുള്ള ഉപകരണങ്ങൾ, ആയതിനുള്ള സ്ട്രിപ്പുകൾ കൂടാതെ പ്രതിവർഷം അങ്ങനെയുള്ള 50 കുട്ടികൾക്ക് ഇൻസുലിൻ പമ്പ് ലഭ്യമാക്കുന്ന പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തുന്നു.

405. സെറിബ്രൽ പാൾസിയും അനുബന്ധരോഗങ്ങളും ബാധിച്ച കുട്ടികൾക്ക് പരിഹാര ശസ്ത്രക്രിയയും തുടർച്ചയായ അനുബന്ധ പരിചരണങ്ങളും നൽകുന്ന ഒരു പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ

നേതൃത്വത്തിൽ സന്നദ്ധ സംഘടനകളുടെയും മെഡിക്കൽ കോളേജ് ഡോക്ടർമാരുടെയും സ്വകാര്യ ആശുപത്രികളുടെയും സഹകരണ ത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേയ്ക്കായി 1.50 കോടി രൂപ വകയിരുത്തുന്നതാണ്.

406. തുടർച്ചയായി ഡയാലിസിസിന് വിധേയരാകുന്ന രോഗികളുടെ എണ്ണം കേരളത്തിൽ കൂടി വരികയാണ്. നിലവിൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ മുതലായവർ മുൻകൈ എടുത്ത് നടത്തുന്ന ചാരിറ്റബിൾ ഡയാലിസിസ് സെന്ററുകളെ പ്രോത്സാഹി പ്പിക്കാനും പുതിയവ നടത്താനും ഒരു ഗ്രാന്റ് ഇൻ എയ്ഡ് പ്രോഗ്രാം നടപ്പിലാക്കുന്നതാണ്. ഇതിലേയ്ക്കായി 10 കോടി രൂപ മാറ്റി വയ്ക്കുന്നു.

## <u>സാമ്പത്തികവും മറ്റ് പൊതുസേവന മേഖലകളും</u>

407. സാമൂഹ്യ മേഖലയിൽ ഗണ്യമായ നിക്ഷേപം കേരളം നടത്തിയിട്ടുണ്ടെങ്കിലും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന രീതിയിൽ നിലവാരമുള്ള സേവനങ്ങൾ കേരള ജനതയ്ക്ക് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി കേരള പബ്ലിക് സർവ്വീസ്

ഡെലിവറി ഇൻക്യുബേറ്റർ സ്ഥാപിക്കാൻ ഇതിനായി ഉദ്ദേശിക്കുന്നു. ഇന്ത്യയിൽ തന്നെ ആദ്യമായ ഈ സംരംഭത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും ആശയങ്ങളുടെ രൂപപ്പെടുത്തലിനുമായി സ്വകാര്യ മേഖലയുടെ പ്രാവീണ്യം പൊതുമേഖലയിൽ പ്രയോജനപ്പെടുത്തും. ഐ.ഐ.ടി ചെന്നൈ, ഐ.ഐ.എം കോഴിക്കോട് എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്ന ഈ സംരംഭത്തിനായി 2 കോടി രൂപ വകയിരുത്തുന്നു.

408. മലബാർ പ്രദേശത്തെ ഉദ്യോഗാർത്ഥികളുടെ സൗകര്യാർത്ഥം പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് മേഖലാ ഓഫീസിൽ നിലവിലുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പുതുതായി ഓൺലൈൻ പരീക്ഷാകേന്ദ്രം തുടങ്ങുന്നതാണ്. ഇതിനായി 10 കോടി രൂപ നീക്കിവയ്ക്കുന്നു.

**<u>ട്രഷറികൾ</u>**

409. ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി 5 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ട്രഷറികളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിനും എ.റ്റി.എം സ്ഥാപിക്കുന്നതിനും 15 കോടി രൂപ

വകയിരുത്തുന്നു.

## റവന്യൂ, രജിസ്ട്രേഷൻ & സർവ്വേ

410. കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കുക എന്നത് ഈ സർക്കാരിന്റെ ഒരു പതാകവാഹക പദ്ധതിയാണ്. 25.71 കോടി രൂപ ഇതിനോടകം തന്നെ ഈ പദ്ധതിക്കായി നൽകിയിട്ടുണ്ട്. ഒരു ലക്ഷത്തിലധികം ആൾക്കാർ ഇതിന്റെ ഗുണഭോക്താക്കളാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് 6 കോടി രൂപ നീക്കിവയ്ക്കുന്നു.

411. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭ്യമായവർക്ക് ഘട്ടം ഘട്ടമായി ഭവന നിർമ്മാണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

412. റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ട് ഓഫീസുകളാക്കി മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി വില്ലേജ് ഓഫീസുകളിൽ ഓൺലൈൻ സേവനങ്ങളും മറ്റും ഏർപ്പെടുത്തുന്നതിന് 6 കോടി രൂപയും റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിന് 8 കോടി രൂപയും വകയിരുത്തുന്നതാണ്.

413. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതുവഴി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ എന്നീ വകുപ്പുകളിലെ ഭൂവിവര സേവന വിനിമയ

സംവിധാനത്തെ സംയോജിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 7 കോടി രൂപ വകയിരുത്തുന്നു.

414. രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനായി 6 കോടി രൂപയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കമ്പ്യൂട്ടർവൽക്കരണത്തിനായി 5 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്.

415. തലസ്ഥാന ജില്ലയിൽ ഇപ്പോൾ ഒരു റവന്യൂ ഡിവിഷൻ മാത്രമാണുള്ളത്. നെടുമങ്ങാട് കേന്ദ്രമായി ഒരു റവന്യൂ ഡിവിഷൻ കൂടി രൂപീകരിക്കുന്നതാണ്.

416. **<u>കേരളത്തിലെ ലോട്ടറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കുമുള്ള ക്ഷേമപദ്ധതികളും സംസ്ഥാന ലോട്ടറി വകുപ്പിന്റെ നവീകരണവും</u>**

ഈ ഗവൺമെന്റിന്റെ നവോന്മുഖമായ സമീപനംമൂലം ലോട്ടറി വിൽപ്പന 2010-11 കാലയളവിൽ 557 കോടി രൂപയായിരുന്നത് 10 മടങ്ങ് വർദ്ധിച്ച് 2014-2015-ൽ 5445 കോടി രൂപയായി. ഈ വളർച്ച ആയിരക്കണക്കിന് ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ജീവനോപാധി നൽകുന്നതിനും കമ്മീഷനായി 1524 കോടി രൂപ 2014-2015 കാലയളവിൽ ഇവർക്ക് നൽകുന്നതിനും സാധിച്ചു. ലോട്ടറി വിൽപ്പനയിലൂടെ ലഭിക്കുന്ന അറ്റാദായം

സമൂഹനന്മയ്ക്കുതകുംവിധം കാരുണ്യ ബനവലന്റ് ഫണ്ടിലൂടെ 2011-12 വർഷം മുതൽ ഏകദേശം ഒരു ലക്ഷത്തിൽപരം പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങളുടെ ചികിത്സയ്ക്കായി 698 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ഒരു ലോട്ടറിയുടെ അറ്റാദായം കൂടി ഇത്തരത്തിൽ സ്ത്രീകളുടെ വികസനത്തിനും ശാക്തീകരണത്തിനുമായി "സ്ത്രീ ശക്തി" എന്ന പേരിൽ ഉപയോഗിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. (തുടരും)

പി. 12-02-2016 ജെ.എം.-എസ്.പി.
11.30.-11.40

സംസ്ഥാന ലോട്ടറി വകുപ്പിന്റെയും ജീവനക്കാരുടെയും കൂടാതെ ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും അശ്രാന്ത പരിശ്രമമാണ് ഈ വിജയത്തിനാധാരം. ലോട്ടറി വിൽപ്പനയിൽ വെറും 4 വർഷം കൊണ്ട് നേടിയ 10 മടങ്ങ് വർദ്ധനവ് വകുപ്പിന്റെ ജോലിഭാരം വർദ്ധിപ്പിക്കുകയുണ്ടായി. ആയതിനാൽ വകുപ്പിന്റെ നവീകരണത്തിനായി അടുത്ത സാമ്പത്തിക വർഷം അതിനാവശ്യമായ 100 കോടിരൂപ അനുവദിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.

വിധവകൾ, ശാരീരികമായി വെല്ലുവിളി നേരിടുന്ന ക്ഷേമനിധി ബോർഡ്

അംഗങ്ങൾക്കായും ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്ന കാൻസർ, തളർവാതം തുടങ്ങിയ രോഗങ്ങൾമൂലം കഷ്ടപ്പെടുന്ന കുടുംബാംഗങ്ങളുള്ള ഈ ലോട്ടറി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്കായി ഒരു പ്രത്യേക സ്കീം കൊണ്ടുവരികയാണ്. ബോർഡിനെ ശാക്തീകരിക്കണമെന്നും അതുപോലെ തന്നെ ഇതിലെ അംഗങ്ങളുടെ രണ്ടുകുട്ടികൾക്ക് ഇന്ത്യയിലെവിടെയുമുള്ള സർക്കാർ സ്ഥാപനങ്ങളിൽ ബിരുദാനന്തര പഠനം വരെ ഫീസിനത്തിൽ ചെലവാകുന്ന തുക റീഇംബേഴ്സ്മെന്റ് ചെയ്യുന്നതിനും അവരുടെ വിദ്യാഭ്യാസ ചെലവുകൾക്കായി ഒരു ഗ്രേഡഡ് സ്കെയിലിൽ പ്രതിമാസ സ്റ്റൈപന്റ്/സ്കോളർഷിപ്പ് അനുവദിക്കുന്നതിനും തീരുമാനിക്കുകയാണ്.

ക്ഷേമനിധി ബോർഡിനു കീഴിൽ ഒരു ഐ.ടി. പ്ലാറ്റ്ഫോം രൂപീകരിച്ച് എല്ലാ ഏജന്റുമാരെയും വിൽപ്പനക്കാരെയും ബോർഡിന്റെ അംഗങ്ങളാക്കി ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

**ആഭ്യന്തരം**

417. യൂണിഫോം സേനകളുടെ നവീകരണത്തിനായി സാങ്കേതികവിദ്യ

പരിശീലനം, പശ്ചാത്തല വികസനം എന്നിവയ്ക്കുള്ള പ്രാധാന്യം നൽകി ഈ സർക്കാർ ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്മാർട്ട് പോലീസിംഗ് എന്ന പദ്ധതിയുടെ ഭാഗമായി സി.ബി.സി.ഐ.ഡി.യിൽ ഡിജിറ്റലൈസേഷൻ നടപ്പിലാക്കും. കമ്മ്യൂണിറ്റി പോലീസിംഗ് (ജനമൈത്രി സുരക്ഷ പ്രോജക്ട്) 38 പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിക്കും. സംസ്ഥാനത്തെ 100 സ്കൂളുകളിൽ കൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കും.

418. പോലീസ് സേനയുടെ ആധുനികവത്കരണത്തിനായി 40 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പോലീസ് സേനയുടെയും മറ്റ് സേനകളുടെയും ആധുനികവത്കരണത്തിനുള്ള ദേശീയ പദ്ധതിയുടെ സംസ്ഥാന വിഹിതമായ 20 കോടി രൂപയും വകയിരുത്തുന്നു.

419. പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ പശ്ചാത്തലമൊരുക്കുക, നിയമവ്യവസ്ഥകൾ സംബന്ധിച്ച് പെൺകുട്ടികളിലും സ്ത്രീകളിലും അവബോധം ഉണ്ടാക്കുക എന്നിവ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിക്ക് 5.5 കോടിരൂപ വകയിരുത്തുന്നു.

420. കേരള സർക്കാർ ആവിഷ്കരിച്ച സ്റ്റുഡന്റ് പോലീസ് പദ്ധതി രാജ്യത്തിനുതന്നെ മാതൃകയാകുകയാണ്. ഈ പദ്ധതിക്കാവശ്യമായ ഒരു ഡയറക്ടറേറ്റും വിപുലമായ പരിശീലന കേന്ദ്രവും സ്ഥാപിക്കുന്നതിന് ഒരു കോടിരൂപ വകയിരുത്തുന്നു.

421. കേരള പോലീസിന് സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി കണ്ടുപിടിക്കാനും തടയുവാനും സൈബർ സാമർത്ഥ്യം വർദ്ധിപ്പിക്കാനും സൈബർ ഡോമിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ സർക്കാർ വകയിരുത്തുന്നു.

## നീതിന്യായം

422. കോടതികളുടെ ആധുനികവത്കരണത്തിനും മാതൃകാ കോടതികൾ സ്ഥാപിക്കുന്നതിനും 2.2 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

423. കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ജഡ്ജിമാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുവാനും 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായ 12 കോടിരൂപ വകയിരുത്തുന്നു. കോട്ടയത്തെ കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം ഈ വർഷം ആരംഭിക്കുന്നതാണ്. 5 കോടിരൂപ

നീക്കിവയ്ക്കുന്നു.

## ഗവൺമെന്റ് പ്രസ്

424. ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവത്കരണത്തിനായി 6 കോടിരൂപയും കെട്ടിടനിർമ്മാണത്തിന് 2 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്.

## പൊതുവിതരണം

425. പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്താനായി 10 കോടിരൂപ നീക്കിവച്ചിട്ടുണ്ട്.

426. കേരളത്തിലെ തനത് ഭക്ഷ്യവിഭവങ്ങളെ പ്രോത്സാഹിപ്പിക്കുക, അന്താരാഷ്ട്ര ഗുണമേന്മ ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾക്കായി ഫുഡ് ആന്റ് റിസർച്ച് ഡെവലപ്പ്മെന്റ് കൗൺസിലിന് 6 കോടിരൂപ വകയിരുത്തുന്നു.

427. AAY/BPL കുടുംബങ്ങൾക്ക് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിന് 257.89 കോടിരൂപ വകയിരുത്തുന്നു.

428. എല്ലാ BPL/AAY കുടുംബങ്ങൾക്കും റേഷൻകട വഴി സൗജന്യമായി അരി വിതരണം ചെയ്യുന്നതാണ്. ഇന്ന് ഒരു രൂപയ്ക്ക് വാങ്ങുന്നത് രൂപയില്ലാതെ

സൗജന്യമായി നൽകും. ഇതിന് അധികമായി വരുന്നത് 55 കോടി രൂപയാണ്. അതിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നു.

**നിയമം**

429. ആർ.ബി.ഐ.-യുമായി ബന്ധപ്പെട്ടല്ലാതെ വരുന്ന ബാങ്കിംഗ് ഇതരധനകാര്യ സ്ഥാപനങ്ങളുടെ ഉപഭോക്താക്കളുടെ പരാതികൾ പരിശോധിക്കുന്നതിനായി ഓംബുഡ്സ്മാനെ നിയമിക്കുകയും നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി സമഗ്ര നിയമനിർമ്മാണം നടത്തുകയും ചെയ്യും.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

430. അഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് പരിശോധിച്ച് വരികയാണ്. ഇതിൽ തീരുമാനമെടുത്തശേഷം ആവശ്യമുള്ള തുക വകകൊള്ളിക്കുന്നതാണ്. പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 5000 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

431. സംസ്ഥാനത്തിന് അത്യന്താപേക്ഷിതവും പ്രധാനപ്പെട്ടതുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ

പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു നൂതന പദ്ധതി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇത്തരമൊരു സംരംഭം കേരളത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധിക ധനസഹായമെന്ന നിലയിൽ ഇതിനായി 500 കോടിരൂപ വകയിരുത്തുന്നു. പ്രധാനമായും മാലിന്യ സംസ്കരണം, ജൈവവള നിർമ്മാണം, തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണം, മഴവെള്ള/മലിനജല നിർഗ്ഗമന സംവിധാനങ്ങൾ, ആധുനിക അറവുശാലകളുടെ നിർമ്മാണം, ശ്മശാനം/ക്രിമിറ്റോറിയം നിർമ്മാണം, ചെറുകിട ജലവൈദ്യുത പദ്ധതികൾ, വ്യവസായ പാർക്കുകളുടെ അടിസ്ഥാനസൗകര്യ വികസനം, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ പ്രയോജനപ്പെടുത്തൽ തുടങ്ങിയ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 70:30 എന്ന അനുപാതത്തിലായിരിക്കും ചെലവ് വഹിക്കുക. ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും മാത്രമായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരിക്കുന്നു.

**നികുതി ഇളവുകൾ**

432. നിലവിൽ കാർഷികാദായനികുതി ഇന്നുണ്ട്. കാർഷിക മേഖല ഇന്ന് നേരിടുന്ന അതീവഗുരുതരമായ സ്ഥിതി കണക്കിലെടുത്തുകൊണ്ട് കാർഷികാദായ നികുതിയിൽ നിന്നും എല്ലാവരെയും ഒഴിവാക്കാൻ തീരുമാനിക്കുന്നു.

433. ദ്രവീകൃത പ്രകൃതിവാതകത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു വർഷത്തേയ്ക്ക് റീഗ്യാസിഫൈഡ് എൽ.എൻ.ജി. ഉൾപ്പെടെയുള്ള ലിക്വിഫൈഡ് നാച്ചുറൽ ഗ്യാസിന് കഴിഞ്ഞവർഷം നികുതി ഒഴിവ് ഒരു വർഷത്തേയ്ക്കാണ് കൊടുത്തിരുന്നത്. ആ നികുതി ഒഴിവ് ഒരുവർഷത്തേയ്ക്കുകൂടി നീട്ടിക്കൊടുക്കാൻ ആഗ്രഹിക്കുന്നു.

434. ജയിൽത്തടവുകാർ ഉൽപ്പാദിപ്പിക്കുന്ന പാകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങളെ മുൻകാല പ്രാബല്യത്തോടെ സെയിൽ ടാക്സിൽ നിന്നും ഒഴിവാക്കുന്നതാണ്.

435. പാരമ്പര്യ കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ദീർഘകാലത്തെ ആവശ്യം പരിഗണിച്ച് കളിമണ്ണ് കൊണ്ട് നിർമ്മിച്ച മൺകലങ്ങൾ, പൂച്ചട്ടികൾ,

പാത്രങ്ങൾ, പ്രതിമകൾ ഉൾപ്പെടെയുള്ളവയെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

436. ജനൽ, വാതിൽ എന്നിവയ്ക്കുള്ള കോൺക്രീറ്റ് കട്ടിളകളെ നിലവിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം കട്ടിളകളിൽ ഇടയ്ക്ക് കമ്പി വന്നാൽ നികുതി ഏർപ്പെടുത്തുമായിരുന്നു. അങ്ങനെ കമ്പി വന്നാലും ആ കട്ടിളകളെ നികുതിയിൽ നിന്നൊഴിവാക്കാൻ തീരുമാനിച്ചു.

437. അന്ധരായിട്ടുള്ളവർ/കാഴ്ചയില്ലാതെ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായ ഉപകരണങ്ങളായ വൈറ്റ്കേൻ, ഇലക്ട്രോണിക് കേൻ, ബ്രെയിൽപ്രിന്റർ എന്നിവയ്ക്ക് നിലവിൽ 14.5 ശതമാനം നികുതിയാണ് ചുമത്തുന്നത്. അവരെ പൂർണ്ണമായും നികുതിയിൽ നിന്നും ഒഴിവാക്കുന്നു.

438. നഗരങ്ങളിൽ മതിയായ പാർക്കിംഗ് സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും ചെലവും കണക്കിലെടുത്ത് ഓട്ടോമാറ്റഡ് റോബോട്ടിക് കാർ പാർക്കിംഗ് സിസ്റ്റം എന്ന നൂതന ആശയത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ പേരിൽ ഈ വിഭാഗത്തിന്റെ നികുതി 14.5 ശതമാനത്തിൽ നിന്നും 5

ശതമാനമായി കുറയ്ക്കുന്നതാണ്.

439. പച്ചക്കറികളിൽ അടങ്ങിയിരിക്കുന്ന കീടനാശിനിയുടെ അംശത്തെ നീക്കം ചെയ്യുന്നതിനായി കേരള കാർഷിക സർവ്വകലാശാലയോ മറ്റ് അംഗീകൃത സ്ഥാപനങ്ങളോ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ച് യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ക്ലീനിംഗ് ലിക്വിഡിനെ നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

440. റബ്ബർ കർഷകരെ സഹായിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചിരുന്നു. ഇന്ന് 150 രൂപ കിട്ടുന്ന സ്കീം അടുത്ത വർഷത്തേയ്ക്ക്കൂടി തുടരുന്നു. അതിനുവേണ്ടി 500 കോടി രൂപ കുട്ടിവയ്ക്കുന്നു. അതിനോടൊപ്പംതന്നെ ആ സിസ്റ്റത്തിൽ പ്രായോഗികമായിട്ട് വരുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ച് പരമാവധി ലഘൂകരിക്കുന്നതാണ്. ഏലകർഷകരും ഇതുപോലെ തന്നെ വിലത്തകർച്ചയിലാണ്. അവർക്ക് 5% നികുതി ഉണ്ടായിരുന്നത് കഴിഞ്ഞ രണ്ടുവർഷം മുമ്പ് ബഡ്ജറ്റിൽ അത് 2% ആയി കുറച്ചിരുന്നു. ഇന്നത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആ രണ്ടു ശതമാനവും പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

441. കേരളത്തിലെ വിവിധ കൈത്തറി ഉത്പാദക സഹകരണസംഘങ്ങൾ

കൈത്തറിയിന്മേലുള്ള ഒരു ശതമാനം വാറ്റ് നികുതി പിൻവലിക്കണമെന്ന ആവശ്യം മുന്നോട്ടുവച്ചിട്ടുണ്ട്. കൈത്തറിയിന്മേലുള്ള വാറ്റ് പിൻവലിച്ചാൽ മറ്റുള്ള തുണിത്തരങ്ങൾ കൈത്തറിയുടെ ഗണത്തിൽപ്പെടുത്തി അതിൽ നികുതി വെട്ടിപ്പും അനുസംബന്ധിച്ചുള്ള തെറ്റായിട്ടുള്ള പ്രവണതകളും വളർന്നുവരും എന്ന് മനസ്സിലാക്കുന്നു. എന്നാൽ ഈ ആവശ്യം അംഗീകരിക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. അതുകൊണ്ട് കൈത്തറി ഉത്പാദക സഹകരണ സംഘങ്ങൾക്ക് അവർ അടയ്ക്കുന്ന വാറ്റ് നികുതിക്കു തുല്യമായ തുക സർക്കാർ തിരിച്ചുനൽകുന്നതായിരിക്കും.

442. സർക്കാർ കരാറുകാർക്ക് 2014-ൽ തുടങ്ങിയതോ പൂർത്തിയാക്കാനുള്ളതോ ആയ കരാർ പണികളുടെ നികുതി മാർച്ച് 31, 2016 വരെ 2014-ൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിൽ തുടരുന്നതാണ്, വാറ്റിന്റെ കാര്യത്തിൽ. (തുടരും.....)

പി. 12.02.2016
പി.വി.-എസ്.പി.(1)
11.40 - 11.50

(ബഡ്ജറ്റ് തുടർച്ച.....)

443. ജീവൻരക്ഷാ മരുന്നുകൾക്ക് നിലവിലുണ്ടായിരുന്ന കസ്റ്റംസ് തീരുവ ഒഴിവ് ഈയിടെ പിൻവലിക്കുകയുണ്ടായി. ഇത് പാവപ്പെട്ട രോഗികൾക്ക്

അധികഭാരമുണ്ടാക്കുന്ന ഒരു കാര്യമാണ്. ഇതിനൊരു ആശ്വാസം നൽകണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. കാരുണ്യ ഫാർമസികൾ, നീതി സ്റ്റോറുകൾ എന്നിവയിൽക്കൂടി വിൽക്കുന്ന ഇത്തരം മരുന്നുകൾക്ക് വാറ്റ് നികുതി വേണ്ടെന്നുവയ്ക്കുകയും ആയത് അവർക്ക് തിരിച്ചുനൽകുകയും ചെയ്യും.

**നടപടികളുടെ ലളിതവത്കരണം**

444. നികുതിനിരക്കിലെ തരംതിരിക്കൽ, പിന്നീടുള്ള തർക്കങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആദ്യവിൽപനക്കാരൻ വ്യതിയാന നികുതി അടയ്ക്കുന്ന പക്ഷം പിന്നീടുള്ള വ്യാപാരികൾക്ക് അതിൽ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് നൽകുന്നതിനുള്ള വ്യവസ്ഥ നൽകുന്നതാണ്.

445. പ്രത്യേക സാമ്പത്തിക മേഖലയിലെ കെട്ടിട സാമഗ്രികളുമായി ബന്ധപ്പെട്ട നികുതി ഒഴിവുകളിലുള്ള അവ്യക്തത ദൂരീകരിക്കുന്നതിനുള്ള ഭേദഗതി കൊണ്ടുവരുന്നതാണ്.

446. ഷെഡ്യൂളുകളിൽ നൽകിയിരിക്കുന്ന എച്ച്.എസ്.എൻ. കോഡിന്റെ ചേർച്ചയില്ലായ്മ കാരണം നികുതി നിരക്കിലും ക്ലാസിഫിക്കേഷനിലും ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ഗവൺമെന്റിന് നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. അതിനാവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

447. നിയമബന്ധനമല്ലാത്ത രീതിയിൽ നികുതി നിർണ്ണയാധികാരികൾ

മലഞ്ചരക്കുകൾക്ക് ഒരു നിശ്ചിതലാഭം കണക്കാക്കി നികുതി നിർണ്ണയം നടത്തുന്നതായി വ്യാപാരികൾ ആവർത്തിച്ച് പരാതിപ്പെടുകയാണ്. അതിന് പരിഹാരം കണ്ടെത്തുന്ന നിർദ്ദേശം ഈ ബഡ്ജറ്റിലൂടെ നിർദ്ദേശിക്കുകയാണ്.

448. മൊബൈൽ/ടാബ്, ഓൺലൈൻ വ്യാപാരം എന്നിവയുടെ ഈ യുഗത്തിൽ വ്യാപാരികൾക്ക് മേൽത്തരമായ സേവനങ്ങൾ നൽകുന്നതിനായി വകുപ്പ് ആധുനികവത്കരിക്കപ്പെടേണ്ടത് അനിവാര്യമാണ്. വിജ്ഞാനപരവും, യൂസർഫ്രണ്ട്‌ലിയും, പരസ്പര വ്യവഹാരത്തിനും സഹായകരമാകുന്ന രീതിയിൽ വകുപ്പ് വെബ്സൈറ്റിനെ നവീകരിക്കുന്നതാണ്. കൂടാതെ, മൊബൈൽ ഇന്റർഫേസും സാദ്ധ്യമാക്കുന്നതാണ്.

449. ആഡംബര നികുതി നിർണ്ണയത്തിലെ അവ്യക്തത നീക്കം ചെയ്യുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ നിർദ്ദേശിക്കുന്നു.

**നികുതിനിർദ്ദേശങ്ങൾ**

450. **കേരളത്തിൽ പ്രകൃതിസംരക്ഷണവും കാർബണിന്റെ അളവ് കുറയ്ക്കലും**

- സമുദ്രനിരപ്പ് ഉയരുന്നതുകൊണ്ടുള്ള കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യക്ഷമായ പ്രഭാവം കേരളത്തിന് ഭീഷണിയാണ്. കൂടാതെ ഇതിന്റെ പരോക്ഷപ്രഭാവവും അതുപോലെ തന്നെ ഭീതിജനകമാണ്. കാലാവസ്ഥാവ്യതിയാനം മൂലം രോഗം പരത്തുന്ന അണുക്കളുടെ

ക്രമാതീതമായ വർദ്ധനവും പോഷകങ്ങളിലും കൃഷിയിലും ഉള്ള പതനവും കേരളത്തിന്റെ ആരോഗ്യവ്യവസ്ഥിതിയിലും പ്രതിഫലിക്കുന്നു. പ്ലാസ്റ്റിക്കിന്റെ വിവേചനരഹിതമായ ഉപയോഗം പരിസ്ഥിതിക്ക് ഭീഷണി ഉയർത്തുന്നു. സമുദ്രത്തിലെ ജീവജാലങ്ങൾക്കും അവയുടെ ആവാസ വ്യവസ്ഥിതിക്കും ഇത് ഭീഷണിയുയർത്തുന്നു. പരിസ്ഥിതിക്ക് ഹാനികരമായ വസ്തുക്കൾക്ക് ഉയർന്ന നിരക്കിൽ നികുതി ഈടാക്കുന്നതിലൂടെ ഇവയുടെ ഉപയോഗം നിരുത്സാഹപ്പെടുത്താനുള്ള തുടർച്ചയായ നടപടികൾ കഴിഞ്ഞ നാലു വർഷങ്ങളിലായി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഉപയോഗിച്ച പ്ലാസ്റ്റിക് ശേഖരിക്കുന്നതിനും പുന:സംസ്കരിക്കുന്നതിനും നികുതി ഒഴിവ് നൽകി പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ കണക്കിലെടുക്കുമ്പോൾ നമ്മുടെ പരിശ്രമങ്ങൾ തികച്ചും അപര്യാപ്തമാണ്. അതിനാൽ താഴെപ്പറയുന്ന പരിസ്ഥിതി സൗഹാർദ്ദമാർഗ്ഗങ്ങൾ കൊണ്ടുവരുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

i) തുണിസഞ്ചിയെന്ന വ്യാജേന നോൺ വുവൺ പോളിപ്രൊപ്പലീൻ പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം വ്യാപകമാണ്. ഇത് നിയന്ത്രണവിധേയമാക്കേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് അങ്ങനെയുള്ള എല്ലാത്തരം പ്ലാസ്റ്റിക് ബാഗുകളേയും 20 ശതമാനം

നികുതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു.

ii) പ്ലാസ്റ്റിക് ബോട്ടിലിലുള്ള ശീതളപാനീയങ്ങൾ, സോഡ, കുപ്പിവെള്ളം എന്നിവയുടെ ഉപയോഗത്തിലുള്ള ക്രമാതീതമായ വർദ്ധനവ് വലിയ ഭീഷണി ഉയർത്തുന്നു. ഉപയോഗിച്ച പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കുന്നതിനുള്ള ഒരു സംവിധാനവും ഈ വ്യവസായത്തിനില്ല. ഇത് കേരളത്തിന്റെ ശുചിത്വനിലവാര പ്രക്രിയയെ പ്രതികൂലമായിതന്നെ ബാധിക്കുന്നു. ഇതിനെ നിരുത്സാഹപ്പെടുത്തുന്നതിനും വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന കുപ്പികളുടെ വൻതോതിലുള്ള ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ഒരു സമഗ്ര സംവിധാനം കൊണ്ടുവരേണ്ടതുണ്ട്. ഇതിനായി 5 ശതമാനം സർച്ചാർജ്ജ് ചുമത്തുന്നതാണ്.

പ്ലാസ്റ്റിക് രഹിത സംരംഭങ്ങളെയും പ്ലാസ്റ്റിക് ഇതര മാർഗ്ഗങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും, പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും പ്ലാസ്റ്റിക് ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും പുനർ സംസ്കരിക്കുന്നതിനും, ഇ-മാലിന്യങ്ങളെ കൈകാര്യം ചെയ്യാനായി ഇങ്ങനെ പിരിച്ചെടുക്കുന്ന സർച്ചാർജ്ജ് ഉപയോഗിക്കുന്നതാണ്. ഈ മാർഗ്ഗത്തിലൂടെ 10

കോടി രൂപ പിരിച്ചെടുക്കാൻ കഴിയുമെന്ന് കണക്കാക്കുന്നു. ഇത് മേൽ സൂചിപ്പിച്ച കാര്യങ്ങൾക്കായി ഉപയോഗിച്ചുകൊണ്ട് വരുംതലമുറയ്ക്ക് വാസയോഗ്യവും ആരോഗ്യകരവുമായ കേരളത്തെ ഒരുക്കുന്നതാണ്.

(വാണിജ്യനികുതി വകുപ്പിന്റെ പുനർഘടന)

12.02.2016 RP-SP
11.50- 12.00

**വാണിജ്യ നികുതി വകുപ്പിന്റെ പുനർഘടന**

451. ആസന്നമായ ചരക്കുസേവന നികുതി കൂടാതെ മൂല്യവർദ്ധിത നികുതി നിയമത്തിൻകീഴിൽ തീർപ്പാക്കാതെ കിടക്കുന്ന ധാരാളം അപ്പീലുകൾ, അസസ്മെന്റുകൾ എന്നിവ കണക്കിലെടുത്ത്, ഇത്തരം വെല്ലുവിളികളെ നേരിടാൻ വാണിജ്യ നികുതി വകുപ്പിനെ ശാസ്ത്രീയമായി പുനർരൂപീകരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്നതാണ്.

452. രജിസ്ട്രേഷൻ വകുപ്പിലെ അണ്ടർ വാല്യൂവേഷൻ കേസുകളുടെ ഒറ്റത്തവണ തീർപ്പാക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു പ്രത്യേക സ്കീം കൊണ്ടുവരികയാണ്.

453. ബാങ്കുകൾ എ.ടി.എം. സ്ഥാപിക്കുമ്പോഴും മൊബൈൽ ടവർ സ്ഥാപിക്കുമ്പോഴും സ്റ്റാമ്പ് ഡ്യൂട്ടിയിൽ നേരിടുന്ന ഇരട്ടിപ്പ് 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലും റൂളിലും വേണ്ട ഭേദഗതി വരുത്തി പരിഹരിക്കുന്നതാണ്.

454. ലീഗൽ ബെനഫിറ്റ് ഫണ്ടിലേയ്ക്ക് പണം സ്വരൂപിക്കുന്നതിനായി ഒറിജിനൽ

സ്യൂട്ടിന്റെ കോർട്ട് ഫീസിൽ 1%-ൽ കവിയാത്ത ചാർജ്ജ് ഈടാക്കുന്നതിനും ഇതിനായി 1959-ലെ കേരള കോർട്ട് ഫീസ് & സ്യൂട്ട് വാല്യുവേഷൻ ആക്ടിൽ വേണ്ട ഭേദഗതി വരുത്തുന്നതുമാണ്.

455. ഇനി ഞാൻ 2015-16 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടെയും 2016-17 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെയും സംക്ഷിപ്ത രൂപം അവതരിപ്പിക്കട്ടെ.

## 2015-16-ലെ പുതുക്കിയ എസ്റ്റിമേറ്റ് (രൂപ കോടിയിൽ)

| | |
|---|---|
| റവന്യൂ വരവ് | 71019.72 |
| റവന്യൂ ചെലവ് | 81834.21 |
| റവന്യൂ കമ്മി | (-)10814.49 |
| മൂലധന ചെലവ് (തനി) | (-)6176.14 |
| വായ്പകളും മുൻകൂറുകളും (തനി) | (-)724.44 |
| പൊതുകടം (തനി) | 14874.49 |
| പൊതുകണക്ക് (തനി) | 2740.95 |
| ആകെ കമ്മി | (-)99.63 |
| വർഷാരംഭ രൊക്ക ബാക്കി | (-)5.58 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)105.21 |

## 2016-17-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)

| | |
|---|---|
| റവന്യൂ വരവ് | 84092.61 |
| റവന്യൂ ചെലവ് | 93990.06 |
| റവന്യൂ കമ്മി | (-) 9897.45 |

| | |
|---|---|
| മൂലധന ചെലവ് (തനി) | (-) 9540.84 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 532.78 |
| പൊതുകടം (തനി) | 17926.14 |
| പൊതുകണക്ക് (തനി) | 1902.37 |
| ആകെ കമ്മി | (-) 142.56 |
| വർഷാരംഭ രൊക്ക ബാക്കി | (-) 105.21 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 247.77 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | 1575.00 |
| പ്രഖ്യാപിച്ച ഇളവുകൾ | 330.45 |
| അധിക വിഭവ സമാഹരണം | 112.00 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 2041.22 |

**<u>ഉപസംഹാരം</u>**

456. പട്ടിണിയില്ലാത്ത പ്രാഥമിക സൗകര്യങ്ങളും ആരോഗ്യ സുരക്ഷയും മെച്ചപ്പെട്ട ചികിത്സാ സൗകര്യവും എല്ലാവർക്കും ലഭ്യമാകുന്ന ഏറ്റവും മികച്ച അടിസ്ഥാന സൗകര്യവും സാങ്കേതിക വിദ്യയും ജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന സാമൂഹിക നീതി ഉറപ്പുവരുത്തുന്ന ഒരു സംസ്ഥാനമായി കേരളത്തെ രൂപാന്തരപ്പെടുത്തുവാൻ ഈ സർക്കാർ പരമാവധി പരിശ്രമിച്ചിട്ടുണ്ട്.

457. ഈ സർക്കാർ ഉയർത്തിക്കാട്ടിയ വികസനത്തോടൊപ്പം കരുതലും എന്ന മുദ്രാവാക്യത്തോട് പൂർണ്ണമായും നീതി പുലർത്താൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സുപ്രധാന അടിസ്ഥാന വികസന മേഖലകളിൽ പൊതു സ്വകാര്യ

പങ്കാളിത്തത്തോടെ നിക്ഷേപം വർദ്ധിപ്പിക്കുന്നതോടൊപ്പം വെല്ലുവിളികളെ അതിജീവിച്ച് സാമൂഹിക സുരക്ഷ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കി സന്തുലിത വികസനം ഉറപ്പു വരുത്തുന്നതിന് ഞങ്ങൾ അനവരതം യത്നിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ കേരളത്തിന്റെ വികസന ചരിത്രത്തിൽ എക്കാലത്തേയും മികച്ച നേട്ടങ്ങൾ കൈവരിക്കാനായെന്ന് അഭിമാനത്തോടെ എനിക്ക് പറയാൻ കഴിയും. സംസ്ഥാന സർക്കാരിന്റെ നയപരിപാടികൾക്ക് ഇടയ്ക്കെന്നോ നഷ്ടപ്പെട്ടുപോയ വിശ്വാസ്യത വീണ്ടെടുക്കുവാൻ ഇപ്പോൾ സാധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന നിക്ഷേപത്തിൽ ഉണ്ടായിട്ടുള്ള ഉണർവിലും, വ്യാവസായിക സംരംഭക അന്തരീക്ഷത്തിൽ അടിക്കടിയായി രേഖപ്പെടുത്തിയിട്ടുള്ള പുരോഗതിയിലും ഇത് പ്രതിഫലിക്കുന്നുണ്ട്. മുൻനിര പദ്ധതികൾക്ക് ലഭിക്കുന്ന വർദ്ധിച്ച പിന്തുണയും കേരളത്തിന്റെ ഭാവിയെ പറ്റി പുത്തൻ പ്രതീക്ഷ ഉയർത്തുന്നവയാണ്.

458. വികസനം ആത്യന്തികമായി വിലയിരുത്തപ്പെടുന്നത് അത് ജനങ്ങളുടെ ക്ഷേമത്തിന് എത്രമാത്രം പ്രയോജനപ്പെട്ടു എന്നതിന്റെ അടിസ്ഥാനത്തിലാണ്. പ്രതിശീർഷ വരുമാനത്തിലായാലും കുടുംബങ്ങളുടെ ആസ്തിയിലുണ്ടായ

പ്രതിശീർഷ വർദ്ധനവിന്റെ തോതിലായാലും കേരളം ഇന്ന് ഇൻഡ്യയിലെ മുൻനിര സംസ്ഥാനങ്ങൾക്കൊപ്പമാണ്. കേരളീയരുടെ ഭൗതിക ജീവിത ഗുണനിലവാര സൂചികകൾ ഇപ്പോൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

459. മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ അവസരങ്ങൾ നഷ്ടപ്പെടുത്തിയ ശേഷം പിന്നീട് പശ്ചാത്തപിക്കുന്ന പ്രവർത്തന ശൈലിയല്ല കേരളത്തിന് ആവശ്യം. വികസനത്തിന് രാഷ്ട്രീയ കാഴ്ചപ്പാട് ഇല്ലാതെ എല്ലാവരേയും സഹകരിപ്പിക്കുവാൻ സർക്കാർ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. പൊതുവായ സമന്വയത്തോടെ വികസനം എന്ന കാഴ്ചപ്പാടാണ് ഗവൺമെന്റ് പിൻതുടർന്നിട്ടുള്ളത്. എന്നാൽ വികസനത്തോട് മുഖം തിരിച്ചും സംഘർഷങ്ങളും കലാപങ്ങളും സൃഷ്ടിച്ചും വ്യക്തിഹത്യ നടത്തിയും വികസനത്തിൽ നിന്നും ഒളിച്ചോടാൻ ശ്രമിക്കുന്നവർക്ക് കാലം മാപ്പ നൽകില്ല. കേരളത്തിന് ആവശ്യം വികസനമാണ്. അനന്തമായ സാധ്യതകൾ ഉള്ള കേരളത്തിന്റെ വികസനം തകർക്കാൻ ആരെയും അനുവദിക്കുക സാധ്യമല്ല.

460. കേരളത്തിന്റെ വികസനത്തെപ്പറ്റി ഞങ്ങൾക്ക് ഒരു സ്വപ്നമുണ്ട്. കേരളത്തിനൊരു സ്വപ്നമുണ്ട്. കേരളത്തെ വളർച്ചയുടെയും പ്രശസ്തിയുടെയും പുതിയ വിതാനങ്ങളിൽ എത്തിക്കുന്നതിന് സുവ്യക്തമായ കാഴ്ചപ്പാടും

കർമ്മപദ്ധതിയും നമുക്കുണ്ടാകണം. ഇത് എത്രയും വേഗം സാക്ഷാത്ക്കരിക്കപ്പെടണമെന്ന് തീവ്രമായ ആഗ്രഹവും എല്ലാവർക്കും ഉണ്ട്. വികസനം വൈകിപ്പിക്കുന്നത് ഇനിയും പൊറുക്കാൻ കഴിയില്ല.

461. ഈ സഭയിൽ വന്ന് വികസനത്തിന്റെ സാധ്യതകളെപ്പറ്റി നമ്മെ അഭിസംബോധന ചെയ്ത നമ്മുടെ മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽകലാമിന്റെ വാക്കുകൾ എന്റെ ഓർമ്മയിൽ വരുന്നു.

*"നമ്മൾ ഓരോരുത്തരും പിറന്നിട്ടുള്ളത് ദൈവം*

*പകർന്നുതന്ന ദിവ്യമായ അഗ്നിയുമായാണ്.*

*ഉള്ളിലെ ഈ അഗ്നിക്ക് ചിറകുകൾ നൽകി നന്മയുടെ*

*പ്രകാശം ലോകം മുഴുവൻ നിറയ്ക്കാനാകട്ടെ നമ്മുടെ*

*പ്രയത്നങ്ങൾ"*

462. ഈ അദമ്യമായ പ്രതീക്ഷയിൽ വിപുലമായ കർമ്മ പദ്ധതികൾ വാഗ്ദാനം നൽകികൊണ്ട് ഞാൻ ഈ ബഡ്ജറ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

2016 ഏപ്രിൽ മുതൽ നാല് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക

വർഷങ്ങളിലേയ്ക്കുള്ള മീഡിയം ടേം ഫിസിക്കൽ പോളിസി സ്റ്റേറ്റുമെന്റും സ്റ്റാറ്റജി സ്റ്റേറ്റുമെന്റും മീഡിയം ടേം ഫിസിക്കൽ പ്ലാനും ഞാൻ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നു.

**ജയ് ഹിന്ദ്**

ഖണ്ഡിക നമ്പർ 226 മുതൽ 263 വരെയുള്ള ഭാഗങ്ങൾ  വായിക്കാതിരുന്നിട്ടുണ്ട്, അത് വായിച്ചതായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ബഡ്ജറ്റ് പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം പ്രധാന കവാടത്തിലൂടെ സഭ ബഹിഷ്കരിച്ച് പുറത്തുപോവുകയും ചെയ്തു.)

2016 ഏപ്രിൽ മുതൽ നാല് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള മീഡിയം ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റും മീഡിയം ടേം ഫിസ്കൽ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള മീഡിയം ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റും മീഡിയം ടേം ഫിസ്കൽ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: കേരളനിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും ദീർഘമായ ഒരു ബഡ്ജറ്റ് പ്രസംഗമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഇവിടെ നടത്തിയത്. 66-ാമത്തെ ബഡ്ജറ്റ് പ്രസംഗമാണ് ഇത്. അദ്ദേഹം ഈ ബഡ്ജറ്റ് പ്രസംഗത്തിനെടുത്തത് രണ്ടുമണിക്കൂർ അൻപത്തിനാല് മിനിട്ടാണ്. ഇതിനുമുമ്പുള്ള റെക്കോർഡ് 2013-ൽ ബഹുമാനപ്പെട്ട മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിനാണ്. അദ്ദേഹം അന്ന് ബഡ്ജറ്റ് അവതരിപ്പിക്കാൻ എടുത്ത സമയം രണ്ടുമണിക്കൂർ അൻപത് മിനിട്ടാണ്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാലുപേജ് വായിക്കാതെ മേശപ്പുറത്തുവച്ചിട്ടും രണ്ടുമണിക്കൂർ അൻപത്തിനാല് മിനിട്ടാണ് എടുത്തിട്ടുള്ളത്.

ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പി ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. പത്രപ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്യുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ മുറിയിൽ (റൂം നമ്പർ 407) നിന്നും ലഭിക്കുന്നതാണ്. ഇപ്പോൾ സഭയിൽ ഹാജരില്ലാത്ത ബഹുമാന്യരായ അംഗങ്ങൾക്ക് ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പി എം.എൽ.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിൽ

എത്തിച്ചുകൊടുക്കുന്നതാണ്.

ഓർഡർ.......ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 15-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.57 ന് പിരിഞ്ഞു.)

********